CHARAMARAM COLLEGE LIBRARY

†



സ്മാരകം.

പ്രസ്തുത ആശ്രമത്തിന്റെ
ആരംഭമായ ൧൮൫൫ മുതൽ ൧൯൨൫
വരെയുള്ള ചരിത്ര
സംക്ഷേപം.

CHARAMARAM COLLEGE LIBRARY BANGALORE

ശ്രേഷ്ഠാനുമതിയോടെ
വി. യൌസേപ്പിൻ കരകൌശല
ശാല പ്രസ്സിൽ പതിച്ചതു.

൧൯൨൫.

DHARMARAM COLLEGE LIBRARY
Ac. No. 41004
Call No. K00.21/ചാവ.16



"എത്രയധികം നീ എന്നെ ബഹുമാനിക്കുമോ അത്രയധികം ഞാൻ നിന്നെ അശീർവ്വദിക്കും".

സൂചകം.

ഈ ചരിത്രസംക്ഷേപത്തിന്റെ ഒന്നാം അദ്ധ്യായം മുഴുവനും സഭയുടെ പൊതുപ്രിയോരും ഈ കൊവെന്തയുടെ അതിസ്ഥാപകരിൽ മുഖ്യനുമായ പെ. ബെ ചാവറകുറിയാക്കൊസച്ചനുമായി അച്ചൻ അവർകൾ സ്വന്തകൈപ്പടയായി എഴുതിട്ടുള്ള ചരിത്രത്തിൽനിന്നും, ശേഷമുള്ളഭാഗങ്ങൾ പിന്നീട് തുടർച്ചയായി എഴുതി പോന്നിട്ടുള്ള ഈ കൊവെന്തയുടെ നാളാഗമത്തിൽ നിന്നും, ഈ കൊവെന്തയുടെ സകലകാര്യങ്ങളിൽ പരിജ്ഞാനമുള്ളവനും ഇപ്പോൾ പരേതനുമായ ക. നി. മു. സ. ബ. ഗ്രു. കുമ്പ. റപ്പായേൽ അച്ചൻ തന്റെ അന്ത്യമ പ്രവൃത്തിയായിട്ടും നിത്യസ്മാരകമായിട്ടും എന്നപോലെ (ഒട്ടുവിലെ ചുരുക്കഭാഗങ്ങൾ ഒഴികെ) എടുത്തു ചേർത്തു മുറപ്രകാരം പരിശോധിച്ചു ക്രമപ്പെടുത്തി അച്ചിൽ പതിച്ചിട്ടുള്ളതാണ.

എന്നും അമ്പഴക്കാട്ട കൊവെന്തയുടെ പ്രിയോർ
ക. നി. മു. സ. ആ. മിഖായേൽ പട്ടക്കാരൻ.
ഫൻ,വു തുലാം ൧൫-൦൯-൯.

അമ്പഴക്കാട്ട്
വി. ത്രേസ്യായുടെ ആശ്രമ
ചരിത്രസംക്ഷേപം.

ഏ-ാം അദ്ധ്യായം.

സ്ഥലവിവരണം. ദാനക്കാരൻ.
ദാന ക്കുപ്പാട്ട. ദാനക്കാരന്റെ മരണം.
ആശ്രമ സ്ഥാപനം.

൧. മുൻ പൌലീസുക്കാർ (അതായു: ഈശോ സഭക്കാർ) അമ്പഴക്കാട്ട ഇടവക വള്ളിയോട്ട ചേന്ദ പുഴക്ക പടിഞ്ഞിറെ വശം (പൌലോസിന്റെ ദിക്ക എന്നർത്ഥമുള്ള) സമ്പാളൂർ എന്ന പേരു ഇട്ടുകൊണ്ട അവരുടെ ഒരു ആശ്രമവും സുറിയാനിക്കാർക്ക വേണ്ടി ഒരു സെമ്മിനാരിയും അവിടെ സ്ഥാപിച്ചിട്ടുണ്ടായിരുന്നു. തമിഴചരിത്രങ്ങളിലും മറ്റും ആ ആശ്രമത്തിനു അമ്പഴക്കാട്ടമഠം എന്നാണ എഴുതി വന്നിരുന്നതു. സെമ്മിനാരി ഇരുന്ന സ്ഥലത്തിനു സക്കാരു ഒഴുകു കണക്കിൽ (സെമ്മിനാരിപറമ്പു എന്നർത്ഥമുള്ള) ചമ്മണ്ണൂരി പറമ്പു എന്നാണ എഴുതിയിരിക്കുന്നതു. കണ്ണാടകം, പാണ്ടി മുതലായ രാജ്യങ്ങളിൽ സത്യവേദം അറിയിക്കയും വേദസാക്ഷിയായിട്ട മരിക്കയും ചെയ്ത അരുളാനന്തരു (യോഹന്നാൻ ദെ ബ്രിത്തൊ) എന്ന പുണ്യവാളൻ ആ ആശ്രത്തിൽ വന്നു പാത്തു മുഴുവൻധ്യാനം കഴിക്കയും കുറെനാൾ അവിടങ്ങളിൽ സഞ്ചരിക്കയും ചെയ്തിട്ടുണ്ട. ഇന്ത്യാസ്സു ആദിത്യനും ചന്ദ്രനുമായി റോമായിൽ നിന്നും

അയച്ചിട്ടുള്ള രണ്ടു ജസ്വീത്ത് മിസ്സൊനാരിമാർ അർണ്ണോസ് (Ernestus, S. J.) പാതിരി അച്ചനും, വീരമാനി (Robertus De Nobili, S. J.) എന്ന മഹാനും അവിടെ സഞ്ചരിച്ചിട്ടുള്ളതാണു. ൧൬-ാം ശതവർഷത്തിൽ സമ്പാളൂർ പാത്തിരുന്ന സന്യാസികൾ അശേഷവും അവിടം വിട്ടു പോകേണ്ടി വന്നു. ൧൯൧൯-ൽ ടിപ്പു സുൽത്താന്റെ യുദ്ധകാലത്തു തിരുവിതാംകൂർ രാജാവു ടി. സ്ഥലത്തിന്റെ മദ്ധ്യ ക്രൂടി മലതുടങ്ങി കടൽ വരെയും ഒരു മൺകോട്ട കോരുകയും കിടങ്ങു താഴ്ത്തുകയും ചെയ്തതു കൊണ്ടു സെമ്മിനാരിയും ആശ്രമവും വേർപെട്ടിരിക്കേണ്ടിവന്നു. അനന്തരം യുദ്ധാമൂലവും മഴയും കെട്ടിടങ്ങൾ ഇടിഞ്ഞു വീഴുകയും ക്രമേണ ജീർണ്ണം ഭവിച്ചു പോകയും ചെയ്തു.

൨. ൧൬൯൯-ാം കാലം തോമാറൊക്കോസ് മെത്രാൻ ബാബേലിൽ നിന്നു മലയാളത്തിൽ വരികയും സുറിയാനിക്കാരുടെ മിക്ക പള്ളികളും ടി. മെത്രാനെ അനുസരിച്ചു ശീശ്മയായി പോയതുകൊണ്ടു ഈശോ സഭക്കാർ ആ സ്ഥലത്ത് ജ്ഞാനസ്നാനപ്പെട്ടതിയിരുന്ന ജനങ്ങൾക്കു കുമ്പാന കാണുന്നതിനും ശേഷം കർമ്മങ്ങൾ നടത്തുന്നതിനും ഒരു കപ്പേള വച്ചുകെട്ടുകയും വരാപ്പുഴെ കീഴ്ള്ള ലത്തീൻ പള്ളിയായ മുനമ്പുപള്ളിപ്പുറം പള്ളിയുടെ വികാരി, കല്പന പ്രകാരം ടി. ആവശ്യങ്ങൾ നടത്തി കൊടുക്കയും ചെയ്തിരുന്നു. ടി. ശീശ്മ മെത്രാൻ താമസം കൂടാതെ സ്വരാജ്യത്തേയ്ക്കു പിന്തിരികയും സുറിയാനി പള്ളികൾ വരാപ്പുഴെ കീഴ്ഗണ്ടുകയും ചെയ്ത സമയം സമ്പാളൂർ പള്ളിയുടെ ആധീനതയിൽ ഇരുന്നവർ അമ്പഴക്കാട്ട പള്ളിയുടെ ആധീനത്തിൽ ആക്കപ്പെടുകയും ആ പള്ളിയുടെ വികാരി അവരുടെ ആവശ്യം

നടത്തി കൊടുക്കയും ചെയ്തിരുന്നു. ൧൮൯൨-ാം കാല ത്തോടെ വരാപ്പുഴെ നിന്നും ഏ. പെ. പെ. ബ. ബെ ള്ളർത്തീനോസു മെത്രാപ്പോലീത്താച്ചനവർകൾ മലയാള ത്തിലുള്ള എല്ലാ പള്ളികളിലും കമ്മലീത്താ മൂന്നാം സ ഭ സന്യാസികളെക്കൊണ്ടു മുഴുവൻധ്യാനം കഴിപ്പിക്ക ന്നതിന്നു ആരംഭിച്ചു. ആ ധ്യാനം അമ്പഴക്കാട്ടു പള്ളി യിലും കഴിക്കയിൽ ടി. ഇടവക മഹാ ധനികനായ ച ക്കാലമറ്റത്തു കണിച്ചായി തോമ ഇട്ടൂപ്പു ധ്യാനം കൊ ണ്ടും മറ്റും ദൈവ ശുശ്രൂഷയിൽ അധിക ഉണർച്ചയുള്ള വനായി, തനിക്കു നല്ലമരണം കിട്ടണമെന്നുള്ള ആഗ്ര ഹത്തോടു കൂടി അമ്പഴക്കാട്ടു ഇടവക പള്ളിയിൽ വി. യൌസേപ്പു പിതാവിന്റെ തിരുനാൾ ആണ്ടുതോറും ഘോഷിക്കുന്നതിനായിട്ടു വസ്തു ദാനം ചെയ്കയും യൌ സേപ്പു പിതാവിന്റെ ഒരു കൊത്തുരൂപം തന്റെ ചി ലവിന്മേൽ പണിയിച്ചു കൊടുക്കയും ടി. യൌസേപ്പു പിതാവിന്റെ മദ്ധ്യസ്ഥതിരുനാളിൽ മു. ഭിക്ഷക്കാർക്കു വസ്ത്രം, ഭക്ഷണാദികൾ നൽകുകയുംചെയ്തിരുന്നു. ഇട്ടൂ പ്പു ധ്യാനം കഴിഞ്ഞതിനോടുകൂടി തന്റെ പടനായർ കോട്ടപുറമു എന്ന സ്ഥലത്തു ഒരു സന്യാസാശ്രമം സ്ഥാ പിക്കണമെന്നുകരുതി, തന്റെ ഈ ഉദ്ദേശം അക്കാലത്തു അങ്കമാലി പള്ളിയുടെ വികാരിയായിരുന്ന വല്ലത്തു പ ള്ളിഇടവക കല്ലറയ്ക്കൽ (മുള്ളി) ബ. പൌലോസുകത്ത നാരച്ചനെ വെളിപ്പെടുത്തി. എന്നാൽ ഇട്ടൂപ്പു പ്രസ്തു ത ദാനം പതുവാട കീഴുള്ള കൊടുങ്ങല്ലൂർ രൂപതയ്ക്കു കൊടുക്കണമെന്നായിരുന്നു കരുതിയിരുന്നതു, എന്തെന്നാ ൽ: തന്റെ കാരണവന്മാർ അധിക കാലവും പുത്തൻ ചിറ കീഴടങ്ങി നടക്കയും തന്റെ കുടുംബക്കാർ പുത്ത ൻചിറ സമീപം മാരെക്കാട്ടു എന്ന സ്ഥലത്തു നിവസിക്ക

യും അടുത്ത കാലത്തു ആ കുടുംബത്തിൽനിന്നു രണ്ടുപേർ തുടരെ തുടരെ ഈശോസഭക്കാരുടെ സമ്പാളൂർ സെമ്മിനാരിയിൽ പഠിക്കുകയും അതിൽ ഒരാൾ അതി ശാസ്ത്രിയും പണ്ഡിതനുമായി ജീവിക്കുകയും മാരെക്കാട്ട മല്ലാൻ എന്ന പേരോടുകൂടി ആ സെമ്മിനാരിയിൽ പഠിപ്പിക്കുകയും ചെയ്തിരുന്നു. ബ. പൌലോസു കത്തനാരച്ചൻ ഇട്ടൂപ്പിന്റെ അഭിപ്രായങ്ങൾ എല്ലാം ഗ്രഹിച്ചതിന്റെ ശേഷം വരാപ്പുഴെ മെത്രാപ്പോലീത്തച്ചന്റെ കീഴുള്ള സുറിയാനി സന്യാസികളുടെ ഒരാശ്രമം സ്ഥാപിക്കുന്നതിനായിട്ടു ടി. സ്ഥലങ്ങൾ ഒഴിഞ്ഞു കൊടുക്കുന്നതിനുപദേശിച്ചതു ഇട്ടൂപ്പു സന്തോഷപൂർവ്വം സ്വീകരിച്ചു.

൩. ഇട്ടൂപ്പും തന്റെ ഒടുവിലത്തെ മകളെ കെട്ടിയ പൂർ പാനികളും യൌസേപ്പും ഒന്നിച്ചു ക്രനമ്മാവുങ്കൽ ചെന്നു, അന്നു സഭയുടെ ദലഗാദായിരുന്ന ജനുവാപ്രദേശക്കാരൻ ബെക്കാരൊ എന്ന കുടുംബത്തിൽ ജനിച്ച പെ. ബ. മി. അ. ലെയൊപ്പോൾദ് പാതിരി അച്ചനോടും സഭയുടെ ഒന്നാമത്തെ പ്രീയോർ ജനറാളായ ചാവറ പെ. ബ. കുറിയാക്കോസ് ഏലിയ അച്ചനോടും തന്റെ മനസ്സിന്റെ നിശ്ചയങ്ങളൊക്കെയും ബോധിപ്പിച്ചു. അവർ അയാളുടെ വചനത്തെ തൽക്കാലം അത്ര ഗണ്യമായി വിചാരിച്ചില്ലെങ്കിലും പിന്നീടു ഇട്ടൂപ്പിന്റെ സംബന്ധക്കാർക്കും അപ്രകാരമുള്ള കാര്യം നടത്തണമെന്നു താല്പര്യമാകുന്നുവെന്നു കേട്ടതുകൊണ്ടു, ഇട്ടൂപ്പിന്റെ അപേക്ഷയുടെതാല്പര്യം പെ. ബ. മി. അ. ലെയൊപ്പോൾദ് പാതിരിയച്ചൻ എ. പെ. പെ. ബ. ബെന്റ്റർട്ടീനോസു മെത്രാപ്പോലീത്തായെ ബോധിപ്പിച്ചു. ടി. മെത്രാപ്പോലീത്താ സമ്പാളൂർ ഒരു കൊവേന്ത വണിയണമെന്നു വണ്ടെ ആഗ്രഹിച്ചിരുന്നതിനാൽ

ഈ സംഗതി കേട്ടപ്പോൾ വളരെ സന്തോഷിച്ചു, അ
കായ്പും അന്വേഷിച്ചു നടത്തുന്നതിനു അദ്ദേഹത്തെ ഏ
ല്പിച്ചു. പെ. ബ. മി. അ. ലെയൊപ്പോൾദ പാതിരിയച്ച
നും സമ്പളൂർ ഒരാശ്രമം പണിയുന്നതിനു ആഗ്രഹമു
ണ്ടായിരുന്നതിനാൽ, ഇട്ടൂപ്പിന്റെ അപേക്ഷയെ വള
രെ തൃപ്തിയോടെ കൈക്കൊണ്ടു, ഈ കായ്പും അന്വേഷി
ക്കുന്നതിന്നായി അവിടേയ്ക്കു പോകുന്നതിനു നിശ്ചയിച്ചു.
ചിങ്ങം ൪-൦൯- മഞ്ഞുമാതാവിന്റെ തിരുനാൾ ദിവ
സത്തിൽ താനും പെ. ബ. കുറിയാക്കോസ് ഏലിയ അ
ച്ചനും അമ്പഴക്കാട്ടു പള്ളിയിൽ വരുമെന്നും അപ്പോൾ
ഇട്ടൂപ്പും അയാളുടെ സംബന്ധികളും മക്കളും അങ്കമാ
ലി പള്ളി വികാരി വല്ലൂത്ത കല്പറമ്പിൽ (മുള്ളി) ബ.
പൌലോസച്ചനും അവിടെ ഉണ്ടായിരിക്കണമെന്നും
അമ്പഴക്കാട്ടു പള്ളി വികാരി കാഞ്ഞൂർ തെക്കേക്കര ബ.
തോമാച്ചനു എഴുത്തയച്ചു. അതുപ്രകാരം ൧൨-൦൯- പെ.
ബ. മി. അ. ലെയൊപ്പോൾദ പാതിരിയച്ചനും പെ.
ബ. കുറിയാക്കോസ് ഏലിയ അച്ചനും ക്നനമ്മാവു കൊ
വേന്തയുടെ നടത്തുകാരൻ കുഞ്ഞുപ്പിള്ളി മാണിയോട്ടക്കു
ടി പുറപ്പെട്ടു ൪-൦൯- അമ്പഴക്കാട്ടു പള്ളിയിൽ എത്തി,
ഇട്ടൂപ്പിനേയും അനുജൻ കുഞ്ഞുവറിയതിനേയും ഇളയ
പ്പന്റെ മകൻ കൊച്ചിട്ടൂപ്പിനേയും ഭാഗ്യ മക്കൾ മൂന്നു
പേരേയും വരുത്തി ഇട്ടൂപ്പു പറയുന്നപ്രകാരം കൊവേ
ന്തസ്ഥാപനത്തിനു വസ്തു ദാനംകൊടുക്കുന്നതിനു സംബ
ന്ധ അവകാശികൾക്കു വല്ല വിസമ്മതമൊ രസമില്ലാ
യ്മയൊ ഉണ്ടൊ എന്നു ചോദിച്ചതിനു മൂന്നു പെൺമക
ൾക്കും സമ്മതമെന്നു മാത്രമല്ലാ അവർ ആഗ്രഹിച്ചിരി
ക്കുന്ന കായ്മാകുന്നുവെന്നും അപ്പൻ ഇപ്രകാരമൊക്കയും
പറഞ്ഞു വന്നിരുന്നതു നിരോധമൊയെന്നു സംശയമാ

ണെന്നും മറുപടി പറഞ്ഞു. അപ്രകാരം തന്നെ അനുജൻ കുഞ്ഞുവറിയതും കൊച്ചിട്ടൂപ്പും മറ്റും സമ്മതിച്ചുപറഞ്ഞു. ഉടനെ പെ. ബ. മി. അ. ലെയൊപ്പോൾദ പാതിരിയച്ചൻ അപ്രകാരമാകുന്നുവെങ്കിൽ, ഉടനെ ഇട്ടൂപ്പിന്റെ പേക്ക് ഒരു ഉടമ്പടി തീറും മക്കളുടേയും അനുജൻ മുതലായ അവകാശികളുടേയും ഒരു സമ്മത കച്ചീട്ടും എഴുതണമെന്നു പറഞ്ഞപ്രകാരം ഇട്ടൂപ്പും ക്രമണമാവുങ്കൽ നിന്നും വന്നിരുന്ന എഴുത്തുകാരൻ കുഞ്ഞുപ്പിള്ളി മാണിയും ക്രടി വസ്തുക്കളുടെ ഒരു വിവരപട്ടിക ഉണ്ടാക്കയും അനുഭവങ്ങളുള്ളതായ നാലുമുറി പുരയിടത്തിന്നും കൊവേന്ത വയ്യാനുള്ള പടനായർ കോട്ട പറമ്പിന്ന– മുറിക്കും മറ്റു പറമ്പുകൾക്കും നടാടെ പറ നിലത്തിന്നും വിവര പട്ടിക ഉണ്ടാക്കിയതിന്ന് ശേഷം, അനുഭവമുള്ള രണ്ടുമുറി പുരയിടത്തിന്നും കാട്ട തരിശുപറമ്പിന്നെ– ഏക്കു ഭൂമിക്കും നടാടെ– പറ നിലത്തിന്നും ഇട്ടൂപ്പു ഉടമ്പടിതീറും മക്കളും അവകാശികളും സമ്മത കച്ചീട്ടും എഴുതി. എന്നാൽ കൊവേന്തവയ്യാൻ കരുതിയിരുന്ന പടനായർ കൊട്ടപറമ്പിന്ന– മുറി കൊടശ്ശേരി കത്തനാക്കളുടെ വക കാട്ട തരിശായി കിടക്കുന്നതും ഇട്ടൂപ്പിന്നു കൊടശ്ശേരിയിൽ നിന്നു യാതൊരു പ്രമാണം ഇല്ലാതിരിക്കുന്നതും കൊണ്ടു, കൊടശ്ശേരി യജമാനന്റെ ശാശ്വതമായ ഒരുപ്രമാണം കിട്ടേണ്ടുന്നതിന്നു അയയ്ക്കു ഒഴിച്ചുവച്ചു, മേൽപ്രകാരമുള്ള പ്രമാണങ്ങളും മേലെഴുതിയ പറമ്പിലുള്ള ശ്രാമ്പി മുതലായ കെട്ടിടങ്ങളുടെ താക്കോലും ഇട്ടൂപ്പു പെ. ബ. മി. അ. ലെയൊപ്പോൾദ പാതിരിയച്ചനെ ഏല്പിച്ച അന്നെ ദിവസം തന്നെ വസ്തു മുറപ്രകാരം ഒഴിഞ്ഞു കൊടുത്തു. അനന്തരം പ്രസ്തുത വസ്തുക്കളുടെ കുറെ ക്രടെ വിവരമായിട്ടുള്ള പട്ടികയോടുക്രടി

തീറെഴുതിച്ചു കൊണ്ടുവരുവാനും, മേലെഴുതിയ കൊ
വേന്ത വയ്യാനുള്ള ന്ന—മുറി പാമ്പു കൊടശ്ശേരി കത്താ
ക്കളിൽ നിന്നു എഴുതി വാങ്ങാനും ഇട്ടൂപ്പിനേയും മാ
ണിയേയും ഏല്പിച്ചു, ടി. ഉടമ്പടി തീരും സമ്മത കച്ചീട്ടും
താക്കോലും കൊണ്ടു പെ. ബ. മി. അ. ലെയൊപ്പോൾ
ദ് പാതിരിയച്ചനും പെ. ബ. ക്വറിയാക്കോസ് ഏലിയ
അച്ചനും ക്രമമാവുങ്കലേക്കു മടങ്ങി. പെ. ബ. മി. അ.
ലെയൊപ്പോൾദ് പാതിരിയച്ചൻ ഉടമ്പടിതീരും സമ്മ
ത കച്ചീട്ടുകളും എ. പെ. പെ. ബ. ബെന്ദ്ദിക്തീനോസു
മെത്രാപ്പോലീത്തായെ ഏല്പിച്ചു, വിവരങ്ങൾ ബോധി
പ്പിക്കയിൽ ഇവയൊക്കയും കണ്ടും കേട്ടും മെത്രാപ്പോ
ലീത്താ അവർകൾ വീണ്ടുമയ പൂരിതനായി സന്തോഷി
ച്ചു പ്രമാണങ്ങൾ ഒക്കയും വാങ്ങി തന്റെ വകയിൽ സൂ
ക്ഷിച്ചു.

൭. കൊവേന്തക്കായി വരാപ്പുഴെ എ. പെ ഉപ. ബ.
മെത്രാപ്പോലീത്താ അവർകളുടെ പേരിൽ ഫറൗന—ക
ക്കടകം ൬ഫ—ാംനു—ക്കു ഫവുന്നു—ചിങ്ങം ൪—ാംനു— ഏഴ
തി കൊടുത്ത ആധാരത്തിൽ പെട്ടതും ആധാരത്തിൽ
പെടാതെ ഏല്പിച്ചിട്ടുള്ളതുമായ ഭൂമിയിൽ ഉടയങ്ങളുള്ള
തായ ൽ—മുറി പാമ്പിനു ഏകദേശം ഇപ്പോൾ ൨—ഏ
ക്രും കൊവേന്ത വയ്യാനുള്ള കാട്ട തരിശായി കിടന്നിരു
ന്ന മരുഭൂമി ന്നു—ഏക്രു—നൽ—സെൻറും ഇങ്ങിനെ
ടി. ആധാരത്തിൽ പെട്ടതും പെടാത്തതുമായി ഇട്ടൂപ്പു
കൊവേന്തക്കു ദാനമായി കൊടുത്ത പറമ്പുകൾ ൽ൫—ഏ
ക്രു് നൽ സെൻറും നിലം നാലേ പാക്കു നു—ഏ
ക്രു് ൽ.ഫ സെൻറുള്ളതും ആകെ നിലം പുരയിടമായി
ദാനവസ്തു ഫന്നു—ഏക്രു് നാ൦ സെൻറിന്നു അക്കാലത്തി
ൽ ൧൦൦ ഉറുപ്പിക വില മതിപ്പുള്ളതായാൽ അക്കാ

ലത്തെ സ്ഥിതിക്കു ഒരസാമാന്യ ദാനമായി ഗണിക്കേണ്ട താണു. ടി. ആധാരത്തിന്നു സാക്ഷി ഒപ്പുകാർ; വല്ല ത്തുവള്ളി ഇടവക കല്ലറയ്ക്കൽ (മുള്ളി) ബ. പൌലോസച്ചനും കാഞ്ഞൂർ പള്ളി ഇടവക തെക്കേക്കര ബ. തോമാച്ചനും കുരുവിലശ്ശേരി ദേശത്തു പ്രമാണം മരിലകത്തുകാരൻ കുഞ്ഞിശോ അന്തോനിയും കപ്പിലെത്തു രാമൻ കേശവൻ പണിക്കന്മാരും. മുൻ എഴുതിയിരിക്കുന്നതു പോലെ വസ്തുക്കളുടെ ആധാരങ്ങളും അതിനെ സംബന്ധിച്ചുള്ള മറ്റു പ്രമാണങ്ങളും കൊച്ചുടെ വിശദമായി അന്വേഷിച്ചു തിട്ടപ്പെടുത്തി മുൻകാല മാസതിയ്യതി വച്ചു ഉടമ്പടി തീറിനെ ആസ്പദമാക്കി പുസ്തമായ ദാന തീറ് പ്രമാണം എഴുതി താമസം കൂടാതെ ഇട്ടൂപ്പും മാണിയും ഒന്നിച്ചു കുന്നമ്മാവുങ്കൽ ചെന്നു പെ. ബ. മി. അ. ലെയൊപ്പോൾദ് പാതിരിയച്ചനേയും പെ. ബ. കുറിയാക്കോസ് ഏലിയ അച്ചനേയും കണ്ടു കീഴ്പ്രമാണങ്ങൾ സഹിതം ദാനതീറു എല്പിച്ചു കൊടുത്തു. അപ്പോൾ പെ.ബ.മി.അ.ലെയൊപ്പോൾദ് പാതിരിയച്ചൻ ആനന്ദപൂരിതനായി ദാനക്കാരന്റെ ഔദാര്യത്തെ ശ്ലാഘിച്ചു, ദാനത്തിന്റെ സ്മരണക്കായി വല്ല പ്രതിഫലം വേണമൊ എന്നു ചോദിച്ചതിന്നു യാതൊന്നും വേണ്ട എന്നു മറുവടി പറഞ്ഞതു കേട്ടു അത്യധികം വിസ്മയിച്ചു. ടി. ദാന തീറുപ്രമാണം താഴെചേർക്കുന്നു.

കൊല്ലം ൧൨൫൨-൦മതു് ചിങ്ങമാസം ൨൫-൦൯-എഴുതിയ തീറോലകരണമാവിതു്. അഡ്മഗ്രാമത്തിൽ ചേന്നവൈന്തലകരയിൽകുടിയിരിക്കും ചക്കാലമറ്റത്തു തോമഇട്ടൂപ്പു, തനിക്കു കൊരട്ടിപ്രവൃത്തിയിൽ കുരുവിലശ്ശേരി ദേശത്തു പണ്ടാരവക പാട്ടം പതിഞ്ഞിരിക്കുന്നതോപ്പിൽ പറമ്പും അതിൽ പെട്ട ഉടയങ്ങൾ എല്ലാ

പ്പെട്ടതും അതിൽ തീപ്പിടിച്ചിരിക്കുന്ന ശ്രാമ്പി കയ്യാല മു
ലായ സ്ഥലങ്ങളും, കോട്ടപ്പാടത്തു വേരിൽ പതിഞ്ഞി
രിക്കുന്ന വലിയ പടവുനിലം ൩൦ പറ. ഞാറക്കാട്ട നി
ലം ൟ പറ. കുഴിപ്പടവു നിലം ൻ പറ. കൊടശ്ശേരി
പതിയാരി ദേവസ്സ്വം വെള്ളായിക്കോടത്തു നായക്ക് അ
ടിമയുള്ള ടി. യാനോട്ട തീറുള്ള വെള്ളായിക്കോടത്തു പറ
മ്പു ഫ. പറമ്പടനിലം ൻ പറ. കരിപ്പായി താഴം നിലം
൯ പറ. ടി. കോട്ടപ്പാടത്തു പുറത്തിങ്ങാപ്പടവു ന
പറക്കു ടി. ചിങ്ങമാസത്തിൽ എഴുതി വാങ്ങിച്ചിരിക്കു
ന്ന തീറും തീട്ടം ടി. ദേശത്തു പിള്ളവിടാപറമ്പിൽ ത
ട്ടാൻ കോപ്പുണ്ണിക്കു അടിമയുള്ള പിള്ളവിടാപറമ്പും അ
തിനകത്തുള്ള നിലം ൻ പറക്കു ന–ാമണ്ടു എഴുതിവാ
ങ്ങിച്ചിട്ടുള്ള തീറും കിഴക്കെനെടത്തു മെയ്ക്കാട്ട നമ്പൂരി
വക വെറുമ്പാട്ടം കോപ്പൻ പറനും അതിൽപെട്ട ഉട
യങ്ങളും അതിലുള്ള നിലം ഫ൦ പറ. ആ വകയ്ക്കു ആറാ
ഴ്ച കൊടുത്തിട്ടുള്ള എഴുത്തുകളും കോടശ്ശേരിവക പതി
യാരി ദേവസ്വം വക എളന്തുരുത്തി നായർക്കു അടിമ
യുള്ള കരിപ്പായി താഴം ൫ പറക്കുള്ള തീറു മുതലായതും
ടി. തീട്ടിൽ പെട്ട ആലുങ്ങപ്പടവു ൫ പറക്കു ന൯–ാമ
ണ്ടു വാങ്ങിച്ചിരിക്കുന്ന തീറും ടി. യാന്റെ പേരിൽ പ
ണ്ടാരവക വാട്ടം പതിഞ്ഞിരിക്കുന്ന ടി. പാടത്തു മുണ്ട
കൻ പൂതംകുറ്റി ഫ൨ പറക്കുള്ള തീറു മുതലായതും ടി.
പാടത്തു കോടശ്ശേരി പതിയാരി ദേവസ്സ്വം വക മൂന്ന
കണ്ടം ൯൫ പറക്കു തോട്ടപ്പുറത്തു ശങ്കു നായർക്കു കാണ
മുള്ള തീറു വാങ്ങിച്ചിട്ടുള്ള ആധാരങ്ങളും ടി. പാടത്തു
പണ്ടാരവക വെറുമ്പാട്ടവും കോടശ്ശേരി വക അടിമ
യും ക്രടത്തുങ്ങൽ കൊല്ലനോട ടി. യാണ്ടെ ധനുമാസ
ത്തിൽ തീറുള്ള കുഴിയോടി നിലം ൨. പറ. ടി. യാന

ടി. വക നിലം ൪ പറ. ടി. പാടത്തു ടി. യാന്മാർ പി
ളവിടതട്ടാന വണ്ടാരവക വെറുമ്പാട്ടം തീറുകൊട്ടത്തി
രിക്കുന്ന നടന്ന-ാമാണ്ടു ചിങ്ങമാസത്തിൽ ൫൫ പറക്കു
നിലത്തിന്നു വാങ്ങിച്ചിരിക്കുന്ന തീറും ടി പാടത്തു
കോച്ചാപ്പിള്ളി നമ്പൂരി വക ൮൦൦ രൂപ കൊട്ടത്തു
൫൭൮-ാമാണ്ടു തുലാമാസത്തിൽ നേർപാട്ടം ഏഴുതി
വാങ്ങിച്ചിരിക്കുന്നതിൽ കാക്കനാട്ടു താഴം ൫൫ പറക്കു
നിലം ഒഴികെ അലുങ്ങുപ്പടവുനിലം ൫൫ പറ. ചി
റോടി നിലം ൫൫ പറ. കുഴിപ്പടവു നിലം ൬ പറ.
മുള്ളംകുഴിയിൽ നിലം ൫ പറ. ആകെ നടെ പറയും
ആ വക ആധാരവും ടി. പാടത്തിന്റെ തെക്കെ അറ്റം
പണ്ടാരവക വെറുമ്പാട്ടം കൊക്കാട്ട കൊഞ്ഞാമന്റെ
പേരിലും പാറന്റെ പേരിലും പതിഞ്ഞിരിക്കുന്നതും മാ
ളയിൽ ജാതൻ പെട്ടിക്കാരൻ ഏലിയോണിക്കു തീറുള്ള
നടെ-ാമാണ്ടു തീറു വാങ്ങിച്ചിരിക്കുന്ന നിലം ൫൫ പറ
ടി. യാൻ ടി. യിൽ വെട്ടി തെളിയിച്ചിരിക്കുന്ന നിലം
നട പറക്കും കൂടി വാങ്ങിച്ചിട്ടുള്ള തീറുകളും ടി. മുള്ള
കുഴിയിൽ എളങ്ങാട്ടു നമ്പൂരിവക പഴുക്കുപ്പ വെട്ടി
തെളിയിച്ചിരിക്കുന്ന നിലം നട പറക്കു വെട്ടുകാണം
കൊട്ടത്തു നട്ട-ാമണ്ടു എഴുതി വാങ്ങിച്ചിരിക്കുന്ന എ
ഴുത്തുകളും ടി. മുള്ളകുഴിയിൽ വെട്ടിതെളിയിച്ചിരി
ക്കുന്ന നിലം വെ പറ, ഈ വക നിലങ്ങൾക്കു ചു
റും കുത്തിച്ചിരിക്കുന്ന ഈടിനകത്തുള്ള സ്ഥലങ്ങളും ആ
കെ കാണം, എടക്കുടി, തീറു, വെട്ടിതെളിവു, പാട്ടം ഉ
ൾപ്പടെ നടന്നെ പറക്കു നിലവും മേൽ പറഞ്ഞ പറ
മ്പു ൪ മുറി ഈ വകയ്ക്കുള്ള ആധാരങ്ങളും തോപ്പു പറ
മ്പിൽ പണിയിച്ചിരിക്കുന്ന ശ്രാമ്പി മുതലായതും കൂടി
മേലെഴുതിയ തോപ്പുപറമ്പിൽ കോവേന്തയായി പണി

യുന്നതിനു ടി. കൊവേന്തയ്ക്കു വഴിവാടായി വച്ച ടി. പറമ്പുകൾക്കും ആറാഴ്ച ഉഭയങ്ങൾക്കും നിലം മുന്നൂറി ഏഴര പാക്കും ആധാരങ്ങൾക്കും ആധാരത്തിൽ പെട്ട തും മറ്റുമായ വെട്ടഴിവു അത്ഥങ്ങൾക്കും ശ്രാമ്പി മുതലായതും അതോട്ടക്രുടി താക്കോലും വച്ചു ചോദ്യം ഒഴിഞ്ഞു തീറാകെ എഴുതി കൊടുത്താൻ തോമ ഇട്ടൂപ്പു. അമ്മാക്കമ്മ തോമ ഇട്ടൂപ്പിനു പണ്ടാരവക വാട്ടം, കാണം, എടക്കുടി, തീരു, വെട്ടിതെളിവു മുതലായി ഉച്ചൊന്ന പറമ്പുകളും ആറാഴ്ച ഉഭയങ്ങൾ എപ്പെപ്പെട്ടതിനും നിലം നാലിൽ പ്പുറക്കും ആധാരങ്ങൾക്കും ആധാരത്തിൽ പെട്ടതും മറ്റുമായി വെട്ടഴിവു അത്ഥങ്ങൾക്കും ശ്രാമ്പി മുതലായതും അതോട്ട ക്രുടി താക്കോലും വാങ്ങിച്ചു ടി. വകക്കു വഴിവാടായി തീറാകെ എഴുതിച്ചു കൊണ്ടാൻ മലയാളത്തിൻറെ വികാരി അപ്പസ്തോലിക്കയായ പ്രെ. ബെർണ്ണർദീനോസ് ദെ സാന്ത ത്രെസ്സു വരാപ്പുഴെ മെത്രാപ്പോലീത്താ കൊണ്ടാൻ കൊണ്ട പരിശിയാവിത്. ഇമ്മാക്കമ്മ തീറാധാരം പണ്ടാരവകയിൽ കാണിച്ചു പേരുമാറി പതിവും മുതലാളൻ വക വസ്തുക്കൾ നേർപ്പെട്ട എഴുതിപിടിച്ചും കരം മിച്ചവാരങ്ങളും കൊടുത്തു കൊവേന്തവകയായി അനുഭവിച്ചുകൊള്ളുന്നതിനു തോമ ഇട്ടൂപ്പിനും അനന്തരവർക്കും മേലാൽ ചോദ്യമില്ലാത്തപ്രകാരം സമ്മതിച്ചു ചോദ്യം ഒഴിഞ്ഞു തീറാകെ എഴുതികൊടുത്താൻ തോമ ഇട്ടൂപ്പു. ഇപ്പുരിശെ അതിൻവണ്ണം സമ്മതിച്ചു പണ്ടാരവകയിൽ കാണിച്ചു പേരുമാറി പതിവു മുതലാളൻ വക വസ്തുക്കൾ നേർപാട്ടം എഴുതി പിടിച്ചും കരം മിച്ചവാരങ്ങളും കൊടുത്തു കൊവേന്ത വകയായി അനുഭവിച്ചുകൊള്ളുത്തക്കവണ്ണവും വച്ചു ചോദ്യം ഒഴിഞ്ഞു തീറാകെ എ

ഴുതിച്ചു കൊണ്ടാൻ മെത്രാപ്പോലീത്താ. ഇപ്പറഞ്ഞ ഇതിൻവണ്ണം എഴുതി കൊടുത്തതിനും എഴുതിച്ചുകൊണ്ടതിനും അറിവു സാക്ഷി- അങ്കമാലിപള്ളിയിൽ വികാരി കല്പാസ്സൽ പൌലോസു കത്തനാരച്ചനും (ഒപ്പു.) അമ്പഴക്കാട്ടു പള്ളിയിൽ വികാരി തെക്കേക്കര തോമ കത്തനാരച്ചനും (ഒപ്പു) കുരുവിലശ്ശേരി ദേശത്തു പ്രമാണം മതിലകത്തുകാരൻ കുഞ്ഞീശോ അന്തോണി (ഒപ്പു) കപ്പലെത്തു രാമൻ കേശവപണിക്കരും (ഒപ്പു) അറികെ എഴുത്തു.

൭. എന്നാൽ കൊടുശ്ശേരി കയ്മളും അനന്തരാവകാശികളും തമ്മിൽ വഴക്കായിരിക്കയും ദിവാൻ അവരുടെ കുടുംബധനം നശിച്ചു പോകാതിരിപ്പാൻ വേണ്ടി ഗവർമ്മെണ്ടിൽ നിന്നു ഒരു കായ്സ്ഥനെ വയ്ക്കയും പ്രമാണങ്ങൾക്കു അടിക്കുന്ന സ്ഥാനവേർ മുദ്രെക്കുവയ്പ്പാൻ കാക്കയും, അനന്തരവകാശികളുടെയും കായ്സ്ഥന്റെയും ഒപ്പോടു കൂടി മാത്രം പ്രമാണങ്ങൾ ചെയ്യാൻ പാടുള്ളുവെന്നു വ്യവസ്ഥ ചെയ്കയും ചെയ്തിരുന്നതിനാൽ, അശ്രമവും പള്ളിയും പണിയുന്നതിനു നിശ്ചയിച്ചിരുന്ന മുറി പാമ്പിന്റെ പ്രമാണം ചെയ്തു കിട്ടുന്നതിനു സാധിച്ചില്ല. എന്നാൽ രാജാവും അന്നത്തെ ദിവാൻ തോട്ടെക്കാട്ടു ശങ്കുണ്ണിമേനോൻ അവർകളും പെ. ബ. മി. അ. ലെയൊപ്പോൾദ് പാതിരിയച്ചന്റെ പ്രത്യേക സ്നേഹിതനായ അപ്പോത്തിക്കിരി ഗെന്തർ ദാനിയെൽ സായ്വും തമ്മിൽ വളരെ സ്നേഹമായിരുന്നതുകൊണ്ടു, ലെയൊപ്പോൾദ് പാതിരി അച്ചൻ എറണാകുളത്തു പോയി ഗെന്തറിനെ കണ്ടു ടി. ന്നു മുറി പറമ്പിന്റെ പ്രമാണം തരുവിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തുതരണമെന്നു പറഞ്ഞു. ഇങ്ങിനെ ഇവരിരുവരും ദിവാ

ൽജിയെ പോയി കണ്ട വിവരങ്ങളൊക്കയും പറകയിൽ ദിവാൻ കായ്യങ്ങൾ വേണ്ടവിധം നടത്തി കൊടുപ്പാനായി ഇരിഞ്ഞാലക്കുടെ വേഷ്ക്കാർക്കു ഉത്തരവു അയച്ചു. ഈയവസരത്തിൽ ക്രുനന്മാവു കൊവേന്തയുടെ പ്രൊക്തോരായിരുന്ന ബ. യൌസേപ്പു ആഗുസ്തീനോസ് (ചാണ്ടപ്പിള്ള) അച്ചൻ അമ്പഴക്കാട്ടു ചെന്നു ദാനക്കാരൻ ഇട്ടൂപ്പിനേയും മറ്റു വേണ്ടത്തക്കവരേയും കൂട്ടി ഉത്തരവിൻ പ്രകാരം കൊടുശ്ശേരി കത്താവിൽ നിന്നും ന്ന മുറി പാമ്പിന്റെ പ്രമാണം ഏഴുതി വാങ്ങുന്നതിനും വേണ്ട ശ്രമം ചെയ്യുന്നതിനും പറഞ്ഞേല്പിച്ചയച്ചു. അദ്ദേഹം അവിടെ ചെന്നു അമ്പഴക്കാട്ടു പള്ളിയുടെ ബ. വികാരി അച്ചൻ മുതൽപേരുടെ അഭിലാഷപോലെ മുകുന്ദപുരം തഹശീൽദാരെ ചെന്നു കണ്ടപ്പോൾ ദിവാൻ ഉത്തരവു കൊടുത്ത വിവരങ്ങൾ പറഞ്ഞു. തഹശീൽദാരും ഉടനെ കായ്യങ്ങൾ നടത്തിതരാമെന്നു പറഞ്ഞു, കൊടുശ്ശേരി കത്താവിനേയും കായ്സ്ഥനേയും മറ്റും കൂട്ടിക്കൊണ്ടു വരുവാനായി ഉടനെ ചാലക്കുടിക്കു ശിപായിയെ വിട്ടപ്പോൾ അവർ വരാതെ ഒഴിവുകൾ പറഞ്ഞയച്ചു. എന്നാൽ ഈ കായ്യങ്ങൾ സൌകയ്യമായി നടത്തുന്നതിനു രാജാ രൂപായിൽ താഴെ ചിലവുള്ളതിനാൽ കൊച്ചിട്ടുപ്പു മുതൽപേരും മാളയിൽ കടിച്ചിനി, മണ്ണിനി, അമ്പഴക്കാട്ടുപള്ളി, പുത്തഞ്ചിറപള്ളി, മാള പള്ളികളിൽനിന്നും ഒരു പിരിവുണ്ടാക്കുന്നതെന്നു നിശ്ചയിച്ചു, ബ. യൌസേപ്പു ആഗുസ്തീനോസച്ചൻ അമ്പഴക്കാട്ടു പള്ളിയുടെ ബ. വികാരി അച്ചനെ ജാഗ്രതപ്പെടുത്തി, മേൽപ്രകാരമുള്ള ഒരു ധർമ്മപിരിവുണ്ടാക്കി പിരിക്കുന്നായി ആരംഭിച്ചെങ്കിലും അയതൊന്നും സാധിച്ചില്ല. ബ. യൌസേപ്പു ആഗു

സ്വീനോസച്ചൻ മെൽപ്രകാരമുള്ള സംഗതിക്കു ഒരു മാസത്തോളം വളരെ ബുദ്ധിമുട്ടി കടശ്ശി രോഗപീഡിതനായി മടങ്ങി പോകേണ്ടി വന്നു.

ഇതിന്നിടയിൽ എ. പെ. പെ. ബ. മെത്രാപ്പോലീത്താച്ചൻ മഞ്ഞല്ല സമീപം ഒരു സ്ഥലം ഏറ്റവും നല്ലതെന്നു ബോധിച്ചു അവിടെ ഒരു കൊവേന്ത സ്ഥാപിക്കണമെന്നു നിശ്ചയിച്ചിരുന്നു. മെത്രാപ്പോലീത്താസന്തോഷവിനോദമായി ലെയൊപ്പോൾദ് പാതിരി അച്ചനോടു പറഞ്ഞതായതു: തന്റെ കൊവേന്തെക്കായിലും മുമ്പു എന്റെ കൊവേന്ത സ്ഥാപിക്കും; ലെയൊപ്പോൾദ് പാതിരി അച്ചൻ, അതിന്നു മുമ്പു എന്റെ കൊവേന്ത സ്ഥാപിക്കുമെന്നും പറഞ്ഞു തമ്മിൽ മത്സരമായി. ലെയൊപ്പോൾദ് പാതിരി അച്ചന്റെ പ്രേരണയാൽ വീണ്ടും ഗെന്തർ സായിവു ദിവാൻജിയെ ബോധിപ്പിക്കയും ദിവാൻജി അതി ജാഗ്രതയോടുകൂടി കൊടശ്ശേരി കയ്യൽ അനന്തരവരുതമ്മിലും അന്യവരുമായി ഉണ്ടായിരുന്ന ഒരു കായ്യും തീർക്കുന്നതിന്നു കശ്മനയായി നിബ്ന്ധിച്ചതിനോടുകൂടി ഈ ന്നു മുറി പുരയിടത്തിന്റെ കായ്യവും തീർക്കുന്നതിന്നു നിബ്ന്ധിച്ചു. അതുപ്രകാരം പടനായർ കോട്ടപ്പറമ്പു ന്ന മുറിക്കു നേർ പണയത്തമായി അയ്യായിരത്തി എഴുന്നൂറ്റി അമ്പതു പുത്തൻ ഉറുപ്പിക ഡൻൻ- അണ ൦- പൈ വു- കൊടുത്തു ഇരുന്നൂറ്റി എമ്പത്തേഴര പുത്തൻ ഉറുപ്പിക ൨൮- അണ ൧൫- പൈ ൦- അത്തപലിശകൊണ്ടു വാട്ടം പറിയും എന്നും ഒഴിയാതെയും ഒഴിപ്പിക്കാതേയും എന്നുള്ള വാചകത്തോടും (പുറപ്പാടും പൊളിച്ചെഴുത്തും എന്നുള്ള വാചകം വസ്സാതേയും) ൧൦൪൯-ാമാണ്ടു ഏടവമാസം ൨൯-ാന്നു പെ. ബ. മി. അ. ലെയൊപ്പോൾദ് വാ

തിരിയച്ചൻ അവർകളുടെ പേരിൽ നേർപണയാധാര വും എഴുതിച്ചു. ഈ ആധാരാർത്ഥം ഡൻൻ_ക. ഡ_ണ. വു_പൈ. കൊവോന്തയിൽ നിന്നും പത്തിമോറി വ ന്നിട്ടുള്ള വകയിൽ നിന്നും കൊടുത്തിട്ടുള്ളതാണ. ടി. ആധാരത്തിന്റെ പകർപ്പ് താഴെ ചേർക്കുന്നു.

ടി. ആധാരത്തിന്റെ മുതോലവാങ്ങിയ വിവരം.

ഫാരനു_ൽ നമ്പ്ര് ഡനു. ദിവാൻ പേഷ്കാർ വെങ്കടസുബയ്യൻ കോവിലകത്തും വാതുക്കൽ നമ്പ്ര് രണ്ടു കോടശ്ശേരി പ്രവൃത്തിയിൽ കീഴക്കെ ചാലക്കു ടിമുറിയിൽ കോടശ്ശേരി കയ്യൽവക ജന്മം കൊരട്ടിപ്ര വൃത്തിയിൽ കരുവിലശ്ശേരിമുറിയിൽ പടനായർ കോ ട്ടപ്പുറമുതലായി ന്ന മുറി പറമ്പിന്നു ക്രുനന്മാവിൽ ഇ രിക്കും പ്രൈ. ലെയൊപ്പോൾഡ് മൂപ്പൻ പാതിരിയോട്ട ഒരൊറ പുത്തൻ വാങ്ങിച്ചു പണയമായി എഴുതികൊ ടുപ്പാൻ ഫാരനു_ാമാണ്ടു മേടമാസം പൊന്നു മുകുന്ദപു രം കോവിലകത്തുംവാതുക്കൽ രവിനികച്ചേരിയിൽനി ന്നും ടി. യിൽ മൂപ്പായ കൊച്ചുണ്ണി കയ്യൽ മുതൽപേര രു ആൾ, പുലിപ്ര ഗോവിന്ദൻ വശം വിറ്റ ഓല ഒ ന്നുക്കു പുത്തൻ ഫാ (ഇരുപതു) തഹശ്ശീൽ നമ്പ്യാരുവീ ട്ടിൽ രാമുമേനോൻ (ഒപ്പു.)

ടി. ആധാര പകർപ്പു.

നന്തിപുലം ഉടയകോതകുട്ടൻ തീട്ടു. ക്രുനന്മാവു കൊ വോന്തയിൽ ഇരിക്കും പ്രൈ. ലെയൊപ്പോൾഡ് മൂപ്പൻപാ തിരിക്കു. എന്നാൽ കൊരട്ടിപ്രവൃത്തിയിൽ കരുവിലശ്ശേ രിദ്ദേശത്തു നമ്പ്ര് ഡനു_ൽ നമ്മുടെവക പടനായർ

കോട്ടപ്പറമ്പു ക. ക്ക കിഴമേൽ ദണ്ഡ് ഒ൦_ം തെവട
ൽ ദണ്ഡ് വ്യ_ം ഉള്ള പറമ്പുമുറി ക_ം നമ്പ് വമ്പ
ൽ ടി. കോട്ടയ്ക്കത്തുപറമ്പു ക ക്ക് കിഴമെൽ ദണ്ഡ്
ഴാ_ം തെവടൽ ദണ്ഡ് വന്ദ_ം ഉള്ള പറമ്പുമുറി ക_ം
നമ്പ് വഴാ_ൽ ടി. കോട്ടപ്പറമ്പു ക—ക്ക് കിഴമേൽ ദ
ണ്ഡ് ഴവ. തെവടൽ ദണ്ഡ് ഴാ_ം ഉള്ള പറമ്പു മു
റി ക_ം നമ്പ വഴക_ൽ ടി. കോട്ടയ്ക്കൽ പറമ്പു ക്ക
കിഴമെൽ ദെണ്ഡ് ഒ_ം തെവടൽ ദെണ്ഡ് ഴവ_ം
ഉള്ള പറമ്പുമുറി ക_ം നമ്പ വമ്പന്ദ_ൽ തളക്കര കൊ
വനാട്ടു പറമ്പ് ക_ക്ക കിഴമെൽ ദെണ്ഡ് ന്നൽ_യും
തെവടൽ ദെണ്ഡ് ക്ക_ം ഉള്ള പറമ്പുമുറി ക_ം നമ്പ
വമ്പ_ൽ പിച്ചാട്ടപറമ്പു ക_ക്ക കിഴമെൽ ദെണ്ഡ്
വ_ം തെവടൽ ദെണ്ഡ് വവ്_ം ഉള്ള പറമ്പുമുറി
ക_ംക്കുടി പറമ്പുമുറി സ_ക്ക കിഴമെൽ ഉടയത്തോട്ടക്കു
ടി വവ്വൽ പുത്തൻ പാട്ടത്തിന്മേൽ നേർപണയമാ
യി വാങ്ങിച്ച പുത്തൻ ഒ൦ം. ഈപുത്തൻ അയ്യായി
രത്തി എഴുനൂറാറി അമ്പതിനും നൂറുക്ക അഞ്ചുപുത്ത
ൻവീതം പാട്ടത്തിൽ വലിശ പറഞ്ഞിക്കൊൾകയും, മേ
ലെഴുതിയ പറമ്പുമുറി സ_ം ഇസ്ക്കൂൾ പണിയുന്നതി
നായി എന്നും ഒഴിയാതേയും ഒഴിപ്പിക്കാതേയും എഴുതി
തന്നിരിക്കകൊണ്ടു, കരവും കൊടുത്തു അതിൻവണ്ണം ന
ടന്നുകൊൾകയും വേണം. ഇതു അറിവും സമ്മതവുമാ
കെ എളമെന്നു കുഞ്ഞിക്കിടാവും (ഒപ്പു) മൂന്നാമതിന്നു
പാനുണ്ണിയും (ഒപ്പു.) ഇ_ാമതിന്നു കുഞ്ഞുണ്ണിയും (ഒപ്പു)
ന്ദ_ാമതിന്നു കാവുണ്ണിയും (ഒപ്പു.) ഇതിനു സാക്ഷി
തേരാമ്പിള്ളി കുഞ്ഞുവറിയും (ഒപ്പു.) കല്ലേച്ചി തോമ
നും (ഒപ്പു.) പറനിലത്തു യെസേപ്പും (ഒപ്പു.) പു
ല്ലൻ വറീതും (ഒപ്പു.) അറികെ കൊല്ലം ക൦ന്ദ_ാ

മാണ്ടു ഇടവമാസം മുപ്പതാംനു വലിയ വീട്ടിൽ രാമൻ ഗോവിന്ദൻ കയ്യെഴുത്തു. ഉത്തരവിൻപ്രകാരം കോട ശ്ശേരി വക കായ്സ്ഥൻ വയ്യേലി ഗോവിന്ദമേനോൻ (ഒപ്പു.) ആധാരമന്വു മുഹ.

മേൽപ്രകാരം ആധാരം എഴുതിതരുന്നതിനു അതി പരിശ്രമം ചെയ്ത ഗൈനർ ദാനിയേൽ സായ്പ് അവർകളേയും, തോട്ടേയ്ക്കാട്ട ശങ്കുണ്ണിമേനോൻ കൊച്ചി ദിവാൻജിയെയും, എന്നും നന്ദിപൂർവ്വം സ്മരിക്കേണ്ടതാണ്.

ടി. ആധാരവും കൊണ്ടു കല്ലറയ്ക്കൽ (മുള്ളി) ബ. പൌലോസച്ചൻ കുനമ്മാവുങ്കൽ വന്നു ലെയൊപ്പോൾ ദ് പാതിരിഅച്ചന്റെ പക്കൽ കൊടുത്തേല്പിക്കയും, അദ്ദേഹത്തിനു നന്ദിസ്മാരകമായി ചില ഭക്ഷിക്കുത്ത സാമാനങ്ങൾ കൊടുത്തു വളരെ സന്തോഷമായി പറഞ്ഞയക്കയും ചെയ്തു.

നു. ടി. പണയാധാരത്തിൽ പെട്ട നാഴുറി പറമ്പിനെ സംബന്ധിച്ചു വളരെ വിവരങ്ങൾ പ്രസ്താപിപ്പാനുണ്ടു. പടനായർകോട്ടപ്പറമ്പു എന്നാണു ഇതിന്റെ പേരു. കൊച്ചിരാജ്യത്തു പൂർവ്വകാലത്തുടങ്ങി രു പടനായകന്മാർ ഉണ്ടായിരുന്നു. അതിൽ ഒരാളായ പടനായകൻ വസിച്ചിരുന്ന ഈ സ്ഥലത്തിനു ചുറ്റും കല്ലുവെട്ടി താഴ്ത്തി കിടങ്ങുകുഴിക്കയും മേൽഭാഗം കോട്ട ഉയർത്തുകയും ചെയ്തിട്ടുണ്ടു. അതിന്റെ മദ്ധ്യവലുതായിരിക്കുന്ന മാളികയും സമീപെ പട്ടാളക്കാർക്കുള്ള ഭവനവും, കോട്ടയ്ക്കു പുറമെ അരികെതന്നെ ക്ഷേത്രവും അതിനടുത്തു ഊട്ടുപുര കെട്ടിടങ്ങളും, ക്ഷേത്രത്തോടു സമീപിച്ചു ഇരുവശവും ക്ഷേത്രവാസികൾക്കും പട്ടാളക്കാർക്കും കുളിപ്പാനായി രണ്ടു വലിയ കുളങ്ങളും

ക്ഷേത്ര ഉപയോഗത്തിന്നായി ഒരു കിണറും പടനായർ ഭവനവാസികളുടെ ഉപയോഗത്തിന്നായി ഭവനസമീപം ഓരോ കിണറുകളും കൂടാതെ വേറെ ആറു കിണറുകളും കോട്ടയ്ക്കകത്തു നിവസിക്കുന്നവർക്കു വേണ്ടിയും ഉണ്ടായിരുന്നു. ഈ കോട്ടയ്ക്കു കിഴക്കായി മലയാംകുന്ന് എന്നു പേരായ ഒരു സ്ഥലത്തിൽ വലിയ കൽക്കെട്ടറകൾ കാണ്മാനുണ്ട്. അവിടെ മലവാസിയായ ഒരുവൻ രാജാവു എന്നപോലേ നിവസിച്ചിരുന്നു. മലയൻരാജാവും പടനായരും തമ്മിൽ പലപ്പഴും യുദ്ധം ഉണ്ടായിട്ടുണ്ടു. കോടശ്ശേരി കയ്യളെപ്പോലെ കൊരട്ടി, ചേരാനെല്ലൂർ മുതലായിട്ടുള്ള പല കയ്യൽമാരുമുണ്ടായിരുന്നു. കോടശ്ശേരി കയ്യൽ നാല്പതിനായിരം (൪൦൦൦) പറക്കു നിലവും, അതിനടുത്ത പാമ്പുകളും കോടശ്ശേരി മുതലായ മലകളും ഉള്ള മഹാധനികനായ ഒരു ജന്മിയായിരുന്നു. കോടശ്ശേരി കോതകുട്ടൻ പടനായരോടു എതിർത്തു യുദ്ധംചെയ്തു കീഴടക്കീട്ടുള്ള സ്ഥലമാണു പടനായർ കോട്ടപ്പുറം. പടനായരുടെ ഭവനം ഇരുന്ന സ്ഥലത്തിൽ അമ്പഴക്കാട്ട ഇടവകയിൽപെട്ട ഒരച്ചനെ പാറാവിൽ ഇട്ടു കൊന്നിട്ടുണ്ടെന്നും അതു മുഖാന്തിരമാണു അദ്ദേഹം ഈ സ്ഥലംവിട്ടു പോകുന്നതിന്നു ഇടയായതു എന്നും വർത്തമാനമുണ്ടു. പടനായർഭവനം ഇരുന്ന തറമേൽ തന്നെ ആകുന്നു നമ്മുടെ ഇപ്പഴത്തെ പള്ളിയുടെ ഭിത്തി ഇരിക്കുന്നതു. വളരെ വീതിയുള്ളതായിരുന്ന ടി. ഭവനഭിത്തിയിൽ നിന്നു വളരെ വലിപ്പവും ഘനവുമുള്ള പല ആയിരം കല്ലുകൾ പൊളിച്ചെടുത്തു പള്ളിക്കുപയോഗിച്ചിട്ടുണ്ടു.

൫. ഏവന്നവ മീനം മാസം ൨൯-ാം വ്യാഴാഴ്ച പെ. ബ. മി. അ. ലെയൊപ്പോൾദ് പാതിരിയച്ചനും, പെ. ബ.

മി. അ. പീലിപ്പോസു പാതിരിയച്ചനും, പെ. ബ. പ്രിയോരച്ചനും. സഭക്കാരനായ വൈദ്യശാസ്ത്രം പഠിച്ചിട്ടുള്ള (പറങ്കിജാതി) സഹോദരൻ നിക്കോസും നവസന്ന്യാസികളായ അ. വാറണ്ണി, അ. ഹെൻറിക്ക്, ആ. ളൂയിസും ക്രനന്മാവുങ്കൽനിന്നും ആശ്വാസത്തിനായിട്ട ഇവിടെ വന്നു. ഇവർ വടനായർ കോട്ടസ്ഥലത്തു മുൻ അറിയിപ്പുപ്രകാരം വന്നുകൊണ്ടുംമറും കുഞ്ഞുവറിയ്യു, കൊച്ചിട്ടുപ്പു, വലിയവീട്ടി അന്തപ്പൻ മുതലായവര് ഉണ്ടാക്കീട്ടുണ്ടായിരുന്ന വസതിയിൽ താമസിച്ചു, അടുത്തുള്ള കിണറുകളുവും, വെള്ളംവാറിച്ചു വെട്ടിനന്നാക്കിച്ചു. ശനിയാഴ്ചപെ. ബ. മി. അ. പീലിപ്പോസുപാതിരിയച്ചൻ വരാപ്പുഴക്കും ശേഷമുള്ളവർ അമ്പഴക്കാട്ടവള്ളിയിലേക്കും പോയി, പെ. ബ. കുറിയാക്കോസു ഏലിയാ അച്ചൻ കുമ്പസാചൊല്ലി; പെ. ബ. മി. അ. ലെയൊപ്പോൾദപാതിരിയച്ചൻ കുമ്പസാപുസുകം (ലത്തീൻ തക്കൂസ്) ഇല്ലായ്കകൊണ്ടു കുമ്പസാചൊല്ലാതെ ശേഷം പേരൊന്നിച്ചുകുമ്പസാകൈക്കൊണ്ടു, അനന്തരം ഇവിടെ വേണ്ടുന്ന കായ്ങ്ങളൊക്കെയും ശട്ടംകെട്ടി ക്രനന്മാവുങ്കലേക്കു പിന്തിരിഞ്ഞു.

വ. ഇട്ടുപ്പു ദാനപ്രമാണങ്ങളും മറും എഴുതിക്കൊടുത്തതിന്റെശേഷം കുറെ കഴിഞ്ഞു തിരുവിതാംകൂർരാജാവിനേയും, ദിവാൻജിയേയും കാണ്മാനായിപോകണമെന്നുപറഞ്ഞുതുടങ്ങി. പെ. ബ. മി. അ. ലെയൊപ്പോൾദ് പാതിരിയച്ചൻ, തിരുവനന്തപുരവുംമറും ചുറ്റിനടക്കാതെയിരിപ്പാൻവേണ്ടി വളരെഉപദേശങ്ങൾ ഇയ്യാളോടു പറഞ്ഞെങ്കിലും ഇട്ടുപ്പ് ആയതൊന്നും സ്വീകരിക്കാതെതിരുവനന്തപുരത്തിന്നുപോയി ദിവാൻജിയേയും കണ്ടു തിരികെ മടങ്ങി. യാത്രയിൽ കേവിൽ ഇ

രുന്നകൊണ്ടു പുഴയരികെമേറും നിൽക്കുന്ന കാട്ടകളിലു
ള്ള പക്ഷികളെ വെടിവെച്ചുവരികയിൽ അഞ്ചുതെങ്ങു
പള്ളിക്കു സമീപത്തുവച്ചു, കേവിൽ ഇരുന്നു ഭക്ഷണം
തുടങ്ങി. അപ്പോൾ ഒരു പക്ഷിയെ കണ്ടു അതിനെ
വെടിവെപ്പാനായി നിറച്ചു വച്ചിരുന്ന തോക്കു എടുത്തു
നീട്ടിയപ്പോൾ വള്ളത്തിന്റെ പടിയിന്മേൽ കാഞ്ചി
കൊണ്ടു ഒവടി താനെ പൊട്ടി അരിമ്പുകൾ അത്രയും
വയറ്റിൽ കടന്നു വല മുറിവുകൾ ഏറ്റു ഘോര അധി
കമായി വയറ്റിൽനിന്നും പുറപ്പെട്ടു. ഉടനെ തന്റെ
പുതപ്പെടുത്തു വയറ്റിൽ കെട്ടിയെങ്കിലും ഘോര നിൽ
ക്കാതെ അധികമായി ഒഴുകിയിരുന്നതു കേവുകാരു ക
ണ്ടു ഭയന്നു വള്ളത്തിൽനിന്നും ഇറങ്ങി ഓടി പൊയ്ക്കള
ഞ്ഞു. മറുകണ്ടവരെ സേവിക്കയാൽ അവർ അഞ്ചുതെ
ങ്ങു പള്ളിക്കടവിൽ വള്ളം അടുപ്പിച്ചു കൊടുത്തു. കര
യ്ക്കുള്ള ഭവനക്കാരും ഭയന്നു യാതൊരു സഹായവും ചെ
യ്യുന്നതിന്നു തരമില്ലാതെയായും വന്നു.

എന്നാൽ ഇവിടെ ദൈവത്തിന്റെ വലുതായ കാ
രുണ്യവും വി. യൌസേപ്പ് പിതാവിന്റെ അസാമാന്യ
മദ്ധ്യസ്ഥതയും കാണപ്പെട്ടു. എങ്ങിനെയെന്നാൽ അയാ
ൾ തന്റെ ജീവിതകാലത്തിൽ വി. യൌസേപ്പ് പിതാ
വിന്റെ മേൽ വച്ചിരുന്ന ഭക്തിയുടേയും ദൈവസ്തുതി
ക്കായിട്ടു കമ്മേൽ സഭയുടെ ആശ്രമസ്ഥാപനത്തിനായി
കൊടുത്ത ദാനത്തിന്റെയും പ്രതിഫലമായി ഈ പര
ദേശത്തിൽ അയാളെ അറിയുന്ന ഒരാൾ ഉണ്ടായി.
കൊല്ലം അതി പ്രബല അപ്രൈംമെത്രാനച്ചൻ കുറച്ചു
നാൾ മുമ്പായി ജോർജ് എന്നു പേരായ ഒരു യുവാവി
നെ ക്രൂനാവു കൊവേന്തയിൽ നിറുത്തിയിരുന്നു. അ
യാൾ ഉടങ്ങി അപ്രൈംമെത്രാനച്ചന്റെ പക്കൽ പോ

യി, മെത്രാനച്ചൻ ഒരുമിച്ചു തിരുവനന്തപുരത്തുനിന്നും പുറപ്പെട്ടു, ഈ സമയത്തു അഞ്ചുതെങ്ങു പള്ളിക്കുടവിൽ പുറകെ വന്നുചേർന്ന മല്ലാഞ്ഞ ജോർജ് ക്രനമ്മാവുങ്കൽവെച്ചു ദാനക്കാരൻ ഇട്ടൂപ്പിനെ കണ്ടു പരിചയമുണ്ടായിരുന്നതിനാൽ, ഇട്ടൂപ്പിനെ ഈ ആപൽക്കരസ്ഥിതിയിൽ കണ്ടടനെ ഇയ്യാൾ ചെയ്തിരിക്കുന്ന ദാനത്തെ പറിയും മറും മെത്രാനച്ചനെ ബോധിപ്പിച്ചു. ഉടനെ ഏ. പെ. പെ. ബ. മെത്രാനച്ചൻ ഈ നല്ല ഉപകാരിയെ കേവിൽനിന്നും ഇറക്കി പള്ളിമുറിയിൽ കിടത്തി ഡാക്ടരെ വരുത്തി പരീക്ഷ കഴിച്ചപ്പോൾ സുഖപ്പെട്ടുവാനസാദ്ധ്യമെന്നു കണ്ടു ആ പള്ളിയുടെ വികാരിയായ പ്രാസക്കാരൻ ക. നി സ. ബ. നൊർബെത്തു പാതിരിഅച്ചൻ പാപസങ്കീർത്തനം നടത്തുകയും ഏ. പെ. പെ. ബ. മെത്രാനച്ചൻതന്നെ ഒപ്പുമകൊട്ടത്തു, സദുപദേശങ്ങൾപറഞ്ഞു ആശ്വസിപ്പിച്ചശേഷം, വേണ്ട കാര്യങ്ങൾ ഒക്കെയും അതിതാല്പര്യത്തോടെ നടത്തുവാൻ നൊർബെത്തു പാതിരിയച്ചനെ ഏല്പിച്ചു, തിരുവനന്തപുരത്തിന്നു മടങ്ങുകയും ചെയ്തു. ടി. പാതിരിയച്ചൻ ഉടനെ പോലീസുദ്യോഗസ്ഥനെ വരുത്തി ഇട്ടൂപ്പിന്റെ വാമൊഴി വാങ്ങി. ഇട്ടൂപ്പ് വളരെ ഭക്തിയോടും ആയത്തതയോടുകൂടി വി. യൌസേപ്പ്പിതാവിന്റെ മദ്ധ്യസ്ഥത്തിരുനാളിന്റെ തലെദിവസത്തിൽ തന്റെ ആത്മാവിനെ സൃഷ്ടാവിന്റെ പക്കൽ കയ്യാളിച്ചു; ഉടനെ ടി. പാതിരിയച്ചൻ കമ്പിമാർഗ്ഗം വിവരങ്ങളൊക്കെയും ക്രനമ്മാവുങ്കൽ പെ. ബ. മി. അ. ലെയൊപ്പോൾദ് പാതിരിയച്ചനെ അറിയിക്കയും, വളരെ ഘോഷത്തോടും ബഹുമാനത്തോടും ക്രൂടെ ഇട്ടൂപ്പിന്റെ ശ്രീതം പള്ളിയിൽ ചെറിയ പീഠത്തിന്റെ നടയിൽ

ഒന്നാംകുഴിക്കാണസ്ഥലത്തു സംസ്കരിക്കയും ചെയ്തു.

എ. പെ. പെ. ബ, അപ്പോൾ മെത്രാനച്ചൻ താമസിയാതെ കൊല്ലത്തുനിന്നും വരാപ്പുഴവരികയിൽ വിവരങ്ങളൊക്കെയും അവിടെ അറിയിച്ചു. ഉടനെ ഇട്ടൂപ്പിൻെറഅനുജൻ കുഞ്ഞുവാറ്റിനും മറ്റും ഈ ദുഃഖകരവൃത്തമാനത്തെപ്പറ്റി അറിവുകൊടുക്കയും അവരു അഞ്ചുതെങ്ങുപള്ളിയിൽ ചെന്നു ഇട്ടൂപ്പിൻെറ കുഴിമാടത്തിങ്കൽ നമസ്കരിച്ചു, അവിടെ ചിലവായവഹകളൊക്കെയും ബ. വികാരിഅച്ചനെ ഏൽപ്പിച്ചു കൊടുത്തുപിന്തിരികയുംചെയ്തു. വി. അമ്മത്രേസ്യായിക്കു മഠം വണിയുവാൻ സ്ഥലം ദാനംചെയ്ത പ്രഭുവിന്നു നല്ല മരണം ലഭിച്ചതുപോലെ, ഈ അമ്മയുടെ നാമധേയത്തിൽ സ്ഥാപിതമായ ഈ ആശ്രമദാനക്കാരൻ ഇട്ടൂപ്പിന്നും ഇപ്രകാരം ഭാഗ്യമരണം സിദ്ധിച്ചു എന്നു ഭാഗ്യസ്മരണായോഗ്യനായ പ്രിയോർ ചാവാ കുറിയാക്കോസച്ചൻ നാളാഗമത്തിൽ എഴുതിയിരിക്കുന്നു.

ഇട്ടൂപ്പിൻെറ മരണവർത്തമാനം ക്രൂനമ്മാവുകൊവേന്തയിൽ അറിഞ്ഞുടനെ പെ. ബ. മി. അ. ലൊയൊപ്പോൾ ദ്പാദിരിയച്ചൻ ക്രൂനമ്മാവുകൊവേന്തയിൽ ഒരു ആശ്രമശ്രേഷ്ഠനു ചെയ്യേണ്ടുന്ന ശേഷക്രിയകൾ നടത്തുകയും ശേഷം എല്ലാ കൊവേന്തകളിലും അപ്രകാരംതന്നെ ചെയ്യുന്നതിന്നു അറിയിച്ചു നടത്തിക്കയും ചെയ്തു. ഈ കൊവേന്തയുടെ ഉപകാരിയായ ഈ മഹാൻെറ മരണസ്മാരകമായി മേടം ൨൯-ാംനു വാട്ടകുബ്ബാനയും കുഴിയോത്തും പ്രതിവർഷം ഈ ആശ്രമത്തിൽ നടത്തിവരുന്നുണ്ടു.

൧൮. മ്വനുവ്വ-ാം കാലം കന്നിമാസം ൫-ാംനു എ. പെ. പെ. ബ. ബെർണ്ണർദീനോസ് മെത്രാപ്പോലീത്താ

ച്ചൻ കാലംചെയ്കയിൽ താമസിയാതെ പെ. ബ. മി. അ. ലെയൊനാർദ്ദ്യൂസ് എന്ന പാതിരിയച്ചനും മെത്രാൻസ്ഥാനത്തിന്റെ തിരുവെഴുത്തു വന്നിരുന്നു. ഈ കൊവേന്തക്ക അടിസ്ഥാനമിടുന്നതിനു അദ്ദേഹം തന്നെ വരാമെന്നു വളരെ സന്തോഷമായി സമ്മതിച്ചു. പെ. പെ. ബ. മെത്രാനച്ചനും പെ. ബ. ഗി. അ. വീലിപ്പോസു പാതിരിയച്ചനും പെ. ബ. മി. അ. മർസ്സലിനോസു പാതിരിയച്ചനും, പെ. ബ. മി. അ. ലെപ്പോൾദ് പാതിരിയച്ചനും പെ. ബ. കുറിയാക്കോസു ഏലിയപ്രിയോരച്ചനും ക്രമത്തിലുള്ളവർ നിന്നു കു. നി. മൂ. സ. ബ. യെസേപ്പ് ആഗസ്തീനോസച്ചനും ബ. ഗ്രീഗോറിയോസു ഗുത്തായിഅച്ചനും പുതുസന്ന്യാസികളും സഹോദരന്മാരും ഇലാമാസം ൨൦-നു വെളുപ്പിനു ഇവിടെ എത്തി. അന്നേദിവസം അമ്പഴക്കാട്ടു, മാള, പുത്തൻചിറ, കൊരട്ടി, ചാലക്കുടി, മൂഴിക്കുളം, പതിയാരം, അങ്കമാലി, അകപ്പറമ്പു മുതലായ പള്ളികളിലെ ബ. വിശ്വാസികളും മഹാജനവും ഇവിടെ കൂടിയിരുന്നു. ൨൦-നു കാലത്തു ൧൦ മണിക്കു എ. പെ. പെ. ബ. ലെയൊനാർദ് മെത്രാനച്ചൻ രഥകോൽ നിലവും ഇരുവശം മുറികളും നടുക്കു ശാലയും ഇരുനിലയുമായി പണിവാൻ നിശ്ചയിച്ചിരുന്ന കൊവേന്തക്കു ആശീർവ്വാദപൂർവ്വം അടിസ്ഥാനക്കല്ലിട്ടു, ഉച്ചതിരിഞ്ഞു ൩ മണിക്കു മടങ്ങിപോയി. പെ. ബ. മി. അ. ലെയൊപ്പോൾദ് പാതിരിയച്ചനും പെ. ബ. കുറിയാക്കോസു ഏലിയ പ്രിയോരച്ചനും തത്സമയം ഇവിടെ താമസിച്ചു. ഇവിടത്തെ കായ്ങ്ങൾ നടത്തുവാനായി കണ്ടാശ്ശാങ്കടവു പള്ളിഇടവക പാറേടൻ കു. നി. മൂ. സ. ബ. ദേവസ്സിഅച്ചനെയും സഹോദരൻ വീലിപ്പോസിനേയും പാറേത്തൽപ്പിച്ചും അരണാട്ടു

കരെ കൊവേന്തയിൽ ഇരുന്ന സഹോദരൻ വല്യിയയ്യാ ക്കോവീനേയും വരുത്തേണ്ടുന്നതിന്നു ഒരുപ്പാട്ട ചെയ്യും ഉ൧-ാംനു- അവരും പിന്തിരിഞ്ഞു.

ഇവിടെ താമസിക്കുന്നവർ അമ്പഴക്കാട്ടുപള്ളിയിലും ഇവിടത്തെ ശ്രാമ്പിയിലുമായി പാർത്തു ധർമ്മം പിരിച്ചു വണി നടത്തുവാനും പാട്ടംകൊണ്ടു ചിലവു നടത്തുവാനും നിശ്ചയിച്ചിരുന്നു. ടി. ആണ്ടു വൃശ്ചികമാസം ഒ-ാംനു- തത്തമ്പിള്ളി ഇടവക കാപ്പിൽ ക. നി. മൂ. സ. ബ. മത്തായി മറിയം അച്ചനും വന്നുചേർന്നു. ഇവരൊക്കെയും അമ്പഴക്കാട്ടു പള്ളിയിൽപോയി കുബ്ബാന ചൊല്ലിയും ഇവിടെ വന്നു കായ്യും നടത്തിയും വന്നിരുന്നതു വളരെ പ്രയാസമെന്നുകണ്ടു, പെ. ബ. മീ. അ. ലെയോപ്പോൾദ് വാതിരിയച്ചനും പെ. ബ. പ്രീയോരച്ചനും ഏതാനും നവസന്ന്യാസികളും ഒന്നിച്ചു ഫ്രവുന്നൻ കുടം ന-ാംനു- ഇവിടെ വന്നു, പാർക്കുന്നതിന്നു ഒരു ബങ്ക്ളാവും കുബ്ബാന ചൊല്ലുന്നതിന്നു ഒരു കപ്പേളയും വണിവാനുള്ള സ്ഥലവും മറ്റും നിശ്ചയച്ചു ബ. മത്തായിമറിയംഅച്ചനെ ഏൽപ്പിച്ചു, ടി. കുംഭം ന-ാംനു- ശനിയാഴ്ച ഇവിടെനിന്നും മടങ്ങി പോകുംവഴി മാളയിൽചെന്നു പുത്തൻവഴിയും ചിറയും വെട്ടിക്കുന്നതിന്നു അവിടത്തെ പ്രധിനികളായ കടിച്ചീനി മണ്ണീനി മുതലായവരെ ഏൽപ്പിച്ചുംകൊണ്ടു കുനന്മാവുങ്കലേക്കു പോയി.

പള്ളിനടയിലെ കിഴക്കെല്ലുള്ള വഴിയുടെ കിഴക്കെ അറ്റം തെക്കെ മൂലയിൽ പാടത്തിന്റെ കരോട്ടുള്ളതായ പെരിങ്ങാട്ടുവാര്യ കൊല്ലം ൧൦൪൮ -ന്നു ഫ്രവുന്നവ-ാംകാലം ദാനക്കാരന്റെ മൂന്നു പുത്രികൾ ക്കൂടി കൊവേന്തക്കു ദാനമായിരുന്നു. ദാനക്കാരൻ ത

ന്റെ ശേഷിച്ച ആയുഷ്കാലം ദൈവശുശ്രൂഷയിൽ മാ
ത്രം നയിക്കണമെന്നുള്ള കരുതലോടുകൂടി തനിക്കു പാ
പ്പാനായി ടി. പറമ്പും, തനിക്കു ചിലവിന്നായി കാക്ക
നാട്ടുപാടത്തു ൨൦ പറക്കു നിലവും ഒഴിച്ചു വച്ചിരുന്നു.



രണ്ടാം അദ്ധ്യായം.

ക്രമസമ്പ്രദായം.

ആശ്രമശ്രേഷ്ഠന്മാർ, മാനസാന്തരങ്ങൾ,
പുതിയ വഴി, ആശ്രമം പണി പൂർത്തീകരണം,
വിസിത്തദോരപ്പന്റെ ചാലീക്കായുടെ സന്ദർശനം.



൧. ക്രമസമ്പ്രദായം തുലാം ൨൧-ാംനു മുതൽ കണ്ടശ്ശാ
ങ്കടവു പള്ളി ഇടവക പാന്തോടൻ ക. നി. മൂ. സ. ബ.
ദേവസ്സി അച്ചൻ, ഇ. സ. പീലിപ്പോസിനോടും വലി
യ യാക്കോബിനോടും ക്രമേ ഇവിടത്തെ കായ്ങ്ങൾ
അനേഷിച്ചു നടത്തിയശേഷം ക്രമസമ്പ്രദായം തത്തംമ്പിള്ളി ഇടവക കാപ്പിൽ ക. നി. മൂ. സ.
ബ. മത്തായി മറിയം അച്ചൻ വന്നു പാർക്കുന്നതിനാ
യി ഒരു ബങ്ക്ളാവും കപ്പേളയും ഉണ്ടാക്കി. ഈ ക
പ്പേളയിൽ ആദ്യമായി നവപൂജ അണച്ചതു പെ. ബ.
മി. അ. ലെയൊപ്പോൾദ് പാതിരിയച്ചനും പെ. ബ.
ചാവറ കുറിയാക്കോസ് ഏലിയ അച്ചനും മറുമാണു.
കൊവേന്ത പണിക്കായി ഇടവക പള്ളികളിൽ നിന്നും
ജനങ്ങളിൽ നിന്നും വരാപ്പുഴെ എ. പെ. പെ. ബ. മെ

ജ്ഞാനച്ചൻറെ കല്പനയനുസരിച്ചു നെല്ലും വണവും പിരിച്ചു തുടങ്ങി. ഇതിന്നിടക്കു വൃത്തൻപള്ളി ഇടവകതലിയത്തു കു. നി. മൂ. സ. ബ. വക്കി അച്ചനും ബ. മത്തായി മറിയം അച്ചൻറെ സഹായിയായി വന്നു, ഇപ്പോൾ കാണുന്ന കൊവേന്തയുടെപണിയും ആരംഭിച്ചു.

ഫ്വെറെ ഇടവത്തിൽക്കു നമ്മാവുങ്കൽ നിന്നും പെ. ബ. മി. അ. ലെയൊപ്പോൾട് പാതിരിയച്ചനും അദ്ദേഹത്തിൻറെ അനുജൻ പെ. ബ. മി. അ. ജരാർദ് പാതിരിയച്ചനും പെ. ബ. കുറിയാക്കോസ് ഏലിയ ത്രിയോരച്ചനും നവസന്ന്യാസികളും മറും ഇവിടെവന്നു കുറെ ദിവസം ആശ്വസിച്ചവസരത്തിൽ ന. കൊവേന്തയുടെ സമീപം കിഴക്കുവശം ഉദ്ദേശം ഫവ— വയസ്സു പ്രായമായ ഒരു ഈഴവസ്ത്രീ മാനസാന്തരപ്പെട്ടു. എങ്ങിനെയെന്നാൽ: പെ. ബ. മി. അ. ജരാർദ് പാതിരിയച്ചനും മറും ഉലാത്തുവാൻ പോകയിൽ ടിപ്പുവിൻറെ കാലത്തിൽ ജീവിച്ചിരുന്ന ഒരു ഈഴവസ്ത്രീ ഉണ്ടെന്നും അവൾ നടപ്പാൻ വഹിയാതെ കിടക്കുന്നു എന്നും കേട്ടു ആ വീട്ടിലേക്കു ചെന്നപ്പോൾ അവളുടെ വൃദ്ധനായ ഒരു മകൻ ഓടിച്ചെന്നു അമ്മേ! അമ്മെ! അച്ചന്മാർ കാണ്മാൻ വന്നിരിക്കുന്നു എന്നു വിളിച്ചു പറഞ്ഞതു കേട്ടു വളരെ സന്തോഷമായി. പെ. ബ. മി. അ. ജരാർദ് പാതിരിയച്ചൻ ക്രീസ്തുമാർഗ്ഗത്തിൽ ചേരുന്നതിന്നു അവളോടു പദേശിച്ചു. കൈകാൽ തളർച്ചയായി കിടന്നിരുന്നെങ്കിലും കാര്യവിവരമുള്ളവളായിരുന്നതിനാൽ ക്രീസ്തുമാർഗ്ഗം അനുസരിച്ചു ജ്ഞാനസ്നാനം കൈക്കൊള്ളുന്നതിന്നു സന്തോഷം സമ്മതിച്ചു വേദകാര്യങ്ങൾ പഠിച്ചു ജ്ഞാനസ്നാനം കൈക്കൊണ്ടു. അനന്തരം വൃദ്ധനായ മകനും വേദോപദേശങ്ങൾ പഠിച്ചു ജ്ഞാനസ്നാനം

സ്വീകരിച്ചു. പെ. ഖ. മി. അ. ലെയൊപ്പോൾഡ് ചാതിരിയച്ചൻ അമ്പഴക്കാട്ടു പള്ളിക്കാരോടു പറഞ്ഞിരുന്ന പ്രകാരം, അവർ മരിച്ചപ്പോൾ ഖ. വികാരി അച്ചനും ഇടവകക്കാരും ദർശനം വെള്ളിക്കുരിശു മുതലായ സാമാനങ്ങളോടു കൂടി വളരെ ഘോഷമായി അവരുടെ പ്രേതങ്ങൾ അടക്കം ചെയ്തു.

ഇപ്രകാരം തന്നെ കുണ്ടിലാൻ എന്ന വേറെ ഒരു ഈഴവനും വേദോപദേശം പഠിച്ചു ജ്ഞാനസ്നാനം കൈക്കൊണ്ടു. അവന്റെ സ്വത്തിൽ നിന്നും ൫൦ ഉറുപ്പിക കൊടുത്തു പള്ളിയിൽ നിത്യകുർബ്ബാനയ്ക്കായിവച്ചു.

൨. ക്രൂശു ഇടവത്തിൽ സംഭവിച്ച വേറെ ഒരു വിശേഷം: മാളയിൽ പടിപ്പുരയ്ക്കൽ റയ്പ്പെ മുതലാളിയുടെ മകളുടെ പ്രത്യക്ഷമായ മനസ്സുതിരിവാണു. ക്രൂസ്സു- ഇടവത്തിൽ ദേവമാതാവിന്റെ വണക്കമാസം ഭക്തിപുരസ്സരം പള്ളികളിലും കുരിശുപള്ളികളിലും സ്ക്കൂൾകളിലും ആഘോഷിക്കണമെന്നുണ്ടായെ എ. പെ. പെ. ഖ ബെൽസ്റ്റർഡീനോസു മെത്രാപ്പോലീത്തായുടെ കല്പനപ്രകാരം മാള പള്ളിയിലും അതിഘോഷപൂർവ്വം നടത്തിവരികയിൽ, മാതാവിനു പൂമാല ചാർത്തുവാനായി ചില ഭക്തിയുള്ള ക്രിസ്ത്യാനികൾ മേൽ പറഞ്ഞ ഗൊങ്ങിണിയുടെ വീട്ടിൽ ചെന്നു വിലയ്ക്കു ഒരു പൂമാല ചോദിച്ചപ്പോൾ മാതാവിനു ദാനമായി ഒരു പൂമാല ടി. ഗൊങ്ങിണിയുടെ മകൾ കൊടുത്തു. അടുത്തയാണ്ടിൽ സ്വന്ത കൈകൊണ്ടു തന്നെ പൂമാലയിടാൻ ദേവമാതാവു ഇടയാക്കണമെന്നുള്ള അപേക്ഷയോടെയാണു ആ പെൺപൈതൽ പൂമാല കൊടുത്തതു. ഇവൾ ക്ര വയസ്സു പ്രായമുള്ള ഒരു വിധവയായിരുന്നു. ൯- വയസ്സിൽ ഇവൾ വിവാഹം കഴിച്ചെങ്കിലും, ൨൫

റെ താമസിയാതെ ഭർത്താവു മരിച്ചുപോയതിനാൽ, ഗൊ ങ്ങിണിമയ്യാദപ്രകാരം പുനർവിവാഹം ചെയ്യുന്നതിനു ഇവൾക്കു നിവൃത്തിയില്ലായിരുന്നു. ഭർത്താവു വിവാഹദി വസത്തിൽ തന്നെ മരിച്ചാലും ഭാര്യക്കു അവകാശം ഭ ർത്താവിന്റെ വീട്ടിലാണു്. അപ്പന്റെ വീട്ടിൽ യാതൊ രവകാശവുമില്ല. ഭർത്താവിന്റെ മരണശേഷം ഭാര്യ തലമുടി കളഞ്ഞു സന്ന്യസിക്കയൊ മറ്റൊ ചെയ്യണമെ ന്നാണു നിബ്ധമായ ഗൊങ്ങിണിമയ്യാദ. എങ്കിലും ഇവളുടെ അപ്പൻ ഇവളുടെ നേരെയുള്ള പിതൃവാത്സല്യ ത്താൽ സ്വഭവനത്തിൽ കൊണ്ടുവന്നു താമസിപ്പിച്ചി രുന്നു. അയൽവക്കത്തിലെ ചില ക്രിസ്ത്യാനികളോ ടുള്ള പരിചയത്താൽ കുരിശു വരയ്ക്കുന്നതിനും മറ്റും ഈ പെൺകുട്ടി പഠിച്ചു. എന്നാൽ നമസ്കാരങ്ങൾ പ ഠിക്കുന്നതിനു അവൾക്കു മനസ്സുണ്ടായിരുന്നുവെങ്കിലും, മാ ളയിൽ ഒരുപ്രകാരം ഗ്രഹസ്ഥനായിരുന്ന അവളുടെ അ പ്പനെ ഭയന്നു ക്രിസ്ത്യാനികൾ പഠിപ്പിക്കാൻ തുനി ഞ്ഞിരുന്നില്ല. ഇങ്ങിനെയിരിക്കെ ക്രൂ–ലെ വലി യ നൊയമ്പിലെ ഒരു ശനിയാഴ്ചദിവസം മോക്ഷരാജ്ഞി ഒരു കയ്യിൽ ഉണ്ണിയേയും മറ്റെ കയ്യിൽ അവൾ കൊടുത്തിരുന്നതുപോലെയുള്ള ഒരു പൂമാലയും പിടിച്ചു കൊണ്ടു അവൾക്കു പ്രത്യക്ഷയായി, മകളെ! നീ വേ ഗം വാ! ഇനി താമസിക്കേണ്ട എന്നു അവളോടു പറയു ന്നപോലെ അവൾക്കു തോന്നി. ഉടനെ ഉണർന്നു ക ണ്ണുതുറന്നു നോക്കിയപ്പോൾ, ദർശനയായ ആളെ കണ്ടി ല്ല. ഉടനെ എഴുനേറ്റു കുരിശു വരച്ചു, പുലർകാലെ ഒരു ക്രൂട്ടകാരത്തിയെ കൂട്ടിക്കൊണ്ടു പള്ളിയിലേക്കു പു റപ്പെട്ടു. പോകുന്നതു പള്ളിയിലോട്ടാകുന്നവെന്നും പെ ൺപൈതലിനു ക്രിസ്ത്യാനിയാകാൻ ആഗ്രഹമുണ്ടെ

ന്നും ക്ലട്ടകാരത്തി അറിഞ്ഞു അതിന്നു വിസമ്മതിച്ചതി
നാൽ, രണ്ടുപേരും വീട്ടിലേക്കു മടങ്ങി; എങ്കിലും മ
റു വഴിവാട്ട പള്ളിയിൽ കൊട്ടക്കണമെന്നു പറഞ്ഞു ക്ല
ട്ടകാരത്തിയുടേയും തൻെറയുംപേർക്കു മെഴുകുതിരി കു
ത്തിക്കാനായി പണം ഒരാളിൻെറ പക്കൽ കൊടുത്തയ
ച്ചു. അന്നു രാത്രിയിൽ ക്ലട്ടകാരത്തി അപ്പനോടു കായ്യം
പറഞ്ഞാൽ വല്ല ദോഷം നേരിട്ടേക്കുമെന്നു ഭയന്നു, ഇ
നി ഉടൻ ജ്ഞാനസ്നാനം കൈക്കൊള്ളമെന്നു നിശ്ചയിച്ചു
പിറെറ ദിവസം രാവിലെ മാള പള്ളിയിലെ വികാരി
അച്ചൻെറ പക്കൽ ചെന്നു ഇനിക്കു ക്രിസ്ത്യാനിയാക
ണമെന്നും അതിന്നായി ഞാൻ വന്നിരിക്കുന്നുവെന്നും പ
റഞ്ഞു. അദ്ദേഹം അവളെ പള്ളിയിൽ കൊണ്ടുപോകു
യും അവൾ കുമ്പിട്ട മാതാവിൻെറ സ്വരൂപത്തെ വ
ണങ്ങുകയുംചെയ്തു. അപ്പനും അനന്തപ്പൈ മുതലായ
ആങ്ങളമാരും ഇതെല്ലാം അറിഞ്ഞു ഓടിച്ചെന്നപ്പോൾ
"ഞാൻ തൊട്ടതിന്നുപോയി എന്നും ഇനിക്കു ക്രിസ്ത്യാ
നിയാകാനാണു മനസ്സു" എന്നും അവൾ പറഞ്ഞതുകേ
ട്ടു കോപാക്രാന്തരായി ക്രിസ്ത്യനികളെ കുറെ ശകാ
രിച്ചു, പോലീസിൽ അന്യായം കൊടുക്കുമെന്നും മറും
ഭയപ്പെട്ടുത്തി പറഞ്ഞു. അനന്തരം പെൺകുട്ടിയെ ക്ല
നമാവു കന്യകാമഠത്തിൽ അയച്ചു, വേണ്ട ഉപദേശ
ങ്ങളെല്ലാം പഠിപ്പിച്ചു, ജ്ഞാനസ്നാനം കൊടുത്തു, മഠ
ത്തിന്നു സമീപെ വസിച്ചിരുന്ന ത്രേസ്യ ഏലീശ്വ എ
ന്ന മതാമ്മ മുത്തിയുടെ പേർ ധരിച്ചു. കുറെ കാലം
കഴിഞ്ഞപ്പോൾ അവളുടെ ആഗ്രഹം അനുസരിച്ചു
വിവാഹം കഴിച്ചു.

൩. കൊവേന്ത പണിക്കു ജനങ്ങളിൽ നിന്നും പ
ള്ളികളിൽ നിന്നും നെല്ലും, പണവും പിരിഞ്ഞതുകൂടാ

തെ, അമ്പഴക്കാട്ട പള്ളി ഇടവകക്കാർ പ്രത്യേകം ഒഴി വുള്ളദിവസങ്ങളിലൊക്കയും ദേഹംകൊണ്ടു ക്രൂടെയും ത ൽസാദ്ധ്യമ്പോലം വളരെബുദ്ധിമുട്ടിവന്നിരുന്നു. എങ്ങിനെ യെന്നാൽ: കടമുള്ള ദിവസങ്ങളിൽ വള്ളിവേല എട്ട പ്പിക്കുന്നതിനു അനുവദിച്ചിട്ടുള്ളപ്രകാരംബ. മത്തായിമ റിയം അച്ചന്റെറ കുമ്പാനയും പ്രസംഗവും കഴിഞ്ഞു ബ. വക്കി അച്ചൻ ജനങ്ങളേയും കൂട്ടി അടുത്ത മരവും കല്ലും കെട്ടിടസ്ഥലത്തു ചുമപ്പിച്ചു കൂട്ടിയിരുന്നു. ച ക്കാലുമറ്റത്തുദാനക്കാരന്റെറ അനുജൻ കുഞ്ഞുവറീയു, ഇളയപ്പന്റെറ മകൻ കൊച്ചിട്ടൂപ്പ്, ദാനക്കാരന്റെറ ഒടുവിലത്തെ മകളുടെ ഭർത്താവു വാനിക്കളം യൌസേ പ്പ്, ദാനക്കാരന്റെറ അമ്മായിയുടെ മകൻ വലിയവീ ട്ടി അന്തപ്പൻ, അയാളുടെ മക്കൾ തോമൻ, കുഞ്ഞിക്കു, ദാനക്കാരന്റെറ പെങ്ങളുടെ മകൻ ഊക്കൻ തോമ ൻ മറു പലരും ഇതിലേക്കു സ്ഥിരോത്സാഹികളും നട ത്തുകാരുമായിരുന്നു. ഇപ്രകാരം കൊവേന്തപണി മിക്ക വാറും ബ. മത്തായി മറിയംഅച്ചന്റെറയും ബ. വക്കി അച്ചന്റെറയും കാലത്തിൽതന്നെ നടത്തി എന്നുപറ യാം. തട്ടു, തേപ്പ്, വാതിൽ, ഗോവണി, മുതലായ പ ണികൾ ശേഷിച്ചിരുന്നു. ആത്മരക്ഷയിന്മേൽ മഹാ ജ്ഞാന ശ്രേഷ്ഠാന്തിക്കാരനായിരുന്ന ബ. മത്തായി മറിയം (കാപ്പിൽ) അച്ചൻ അക്ഷീണ പരിശ്രമത്താൽ ജ്ഞാന ധ്യാനവും വേദോപദേശപഠനവും ഇവിടങ്ങളിൽ ഊ ർജ്ജിതമായി നടത്തിയിരുന്നുവെന്നിതു പ്രസ്താവയോഗ്യ മാണു. ഇക്കാലത്തു വലുതായിരിക്കുന്ന ഒരുപദ്രവം കൊവേന്തയ്ക്കു നേരിട്ടു. ൧–ാം അദ്ധ്യായം ൯–ാം ലക്ക അ ന്യത്തിൽ പറഞ്ഞിരിക്കുന്നതു പോലെ പെ. ബ. മി. അ. ലെയൊപ്പോൾദ് വാതിരിയച്ചനും പെ. ബ.

കുറിയാക്കോസു മുലിയ അച്ചനും അമ്പഴക്കാട്ട് നി
ന്നും മടങ്ങി ക്രൂനന്മാവുങ്കൽ പോകുന്നവഴി മാളയിൽ
വച്ചു, മാളച്ചിറയും അവിടന്നു കൊവേന്ത ഇരിക്കുന്ന
സ്ഥലംവരെയുള്ള വഴിയും നന്നാക്കുന്നതിനു മാള പൌര
പ്രമാണികളായ കടിച്ചീനി, മണ്ണാനി മുതലായവരെഏൽ
പ്പിച്ചുപോയിഎന്നു എഴുതീട്ടുണ്ടല്ലൊ. വഷ്കാലത്തു മാ
ളച്ചിറയിൽക്കൂടെ സാധാരണ മനുഷ്യർ നനഞ്ഞു നീന്തി
ത്തുടിച്ചുവേണം ഗതാഗതംചെയ്യുന്നതിനു. ചിറകേറി
യാൽ ഭയങ്കര കാട്ടിൽക്കൂടി നടക്കുന്നു പലവഴികളായി
കൊവേന്ത ഇരിക്കുന്ന പറമ്പിൽ കൂടിയാണു അന്നമന
ടയ്ക്കു പോകുന്നതു. ചിറയ്ക്കുള്ള കാട്ടുകളിൽ പന്നി,
പുലി, മുതലായ കാട്ടുമൃഗങ്ങളും ധാരാളം ഉണ്ടായിരു
ന്നു. കൊവേന്തയിൽ പാർത്തിട്ടു ചിലപ്പോൾ കാലത്തി
ലും കൊവേന്തതൊഴുത്തിൽനിന്നും പശുവിനെ പുലി
പിടിച്ചിട്ടുണ്ടു. ഇങ്ങിനെയുള്ള സ്ഥലത്തു മാളച്ചിറ നന്നാക്കി അന്നുമുതൽ കൊവേന്തക്കരികെയുള്ള കൊട്ടപ്പാടം
വരെയും പരോപകാരാർത്ഥം ഒരു നല്ല വഴിവെട്ടിക്കുന്ന
തിനു ബ. മത്തായിമറിയം അച്ചനും ബ. വക്കിയച്ച
നും ചെയ്ത അത്യന്ത പരിശ്രമത്തിൻ ഫലമായി അമ്പ
ഴക്കാട്ടു, വെണ്ണൂർ, ആലത്തൂർ, മേലഡൂർ, കല്ലൂർമുത
ലായ നിവാസികളും, അതിന്റെ പ്രധാനിയായി ദാ
നക്കാരന്റെ പെങ്ങളുടെ മകനായ ഉനകൻ അന്തോ
നിതോമനും അത്യുത്സാഹംചെയ്തു വഴിവെട്ടുന്നതിനു
തുടങ്ങി. അവർക്കു കൊവേന്തയിൽനിന്നും ഭക്ഷണംമാ
ത്രം കൊടുക്കുന്നതിനെ തൃപ്തിയായി സ്വീകരിച്ചു. വ
ഴിവെട്ടി തീരാറായപ്പോൾ മാളക്രിസ്ത്യാനികളിൽ
ചിലരുടെ പ്രേരണയാൽ ജോനകരും ഈഴവരും, വെ
ട്ടിയ വഴിയരികിന്മേൽ കുടിലുകൾ കെട്ടി തടസ്സംചെ

യ്ക്കയാൽ, വലിയ വഴക്കും ബഹളവുമുണ്ടായി; ബ. വക്കിയച്ചൻ രാവുക്കുരാവെ ഒല്ല്യൂർക്കുപോയി കല്ലൂക്കാരൻ അന്തോനിയേയും, എടത്തുരുത്തിയിൽനിന്നു താടിക്കാരൻ അന്തോനിയേയും, ഇവിടെ കൊണ്ടുവന്നു കൊച്ചിദിവാൻജിയുടെ വല്യ ഇഷ്ടരായിരുന്ന ഇവർ വിരോധകക്ഷികളെ വിളിച്ചുവരുത്തി വേണ്ട ശാസനോപദേശങ്ങൾ പറഞ്ഞിട്ടും അടങ്ങാഞ്ഞതിനാൽ, മാളക്കാരായ ആത്തപ്പിള്ളി വറിയു കുഞ്ഞുവക്കി മുതൽ ക്രമപേർ കൂടി കൊവേന്തയ്ക്കനുകൂലമായി വഴിസംബന്ധിച്ചു തഹശീൽദാരുടെപക്കൽ ഹരജി കൊടുത്തു.

ഉത്തരവും പ്രകാരം എളേത് തഹശീൽദാർ (വിന്നീട്ട അയാൾ പേഷ്ക്കാരായി.) സ്ഥലത്തുവന്നു വിചാരണ നടത്തി, വെട്ടിയ വഴിക്കു രണ്ടരികിലും പതിയാത്ത ഭൂവി ക്രമ ദണ്ഡ്വീതിയിൽ കൊവേന്തപേരിൽ ഏഴുതി തീർപ്പുപ്പെടുത്തി പോയി. ഇങ്ങിനെ മാളയിൽനിന്നുള്ള വഴിയും ചിറയും കൊവേന്തയുടെ ശ്രമത്തിന്മേൽ വെട്ടിക്കയും നന്നാക്കയും, വല കാലങ്ങൾ കഴിഞ്ഞതിനുശേഷം ഇഞ്ചിനീർഡിപ്പാർട്ടുമേണ്ടിൽനിന്നു ചിറ കെട്ടിക്കയും, ഡിവിഷ്യനിൽ നിന്നു അന്നമനട വരെ റോഡു വെട്ടിക്കയും അതിനുശേഷം കുറെക്കാലം കഴിഞ്ഞിട്ട കൊവേന്തയുടെ ശ്രമത്തിന്മേൽതന്നെ മാളചിറക്കൽനിന്നും കൊവേന്തപടിവരേയും നിലം പതിക്കൽ കെട്ടുമുതലായവകളോട്ട കൂടി ഇഞ്ചിനീർഡിപ്പാർട്ടുമേണ്ടിൽനിന്നു റോഡു വെട്ടിക്കയും ചെയ്തു.

൫. ക്രമപ്രകാരം മഞ്ഞുമ്മൽവച്ചു മെത്രാപ്പോലീത്താച്ചന്റെ അദ്ധ്യക്ഷതയിൻകീഴ നടന്ന സംഘത്തിൽവച്ചു പാലാക്കാരൻ (കട്ടക്കയത്തിൽ ബ. ചാണ്ടിയച്ചൻ) ക. നി. മ. സ. ബ. അലക്സാന്ത്രയൊസേപ്പച്ച

ൻ ഇവിടത്തെ അന്വേഷണക്കാരനായി നിശ്ചയിക്കപ്പെട്ടു, ടി. ഇടവം ഏഴാംനു ഇവിടെ വന്നുചേർന്നു. ഏതാണ്ടു മാസം അലക്കു സായ്പയെസേപ്പച്ചൻ ഇവിടത്തെ കായ്ങ്ങൾ അന്വേഷിച്ചിരിക്കെ ചിങ്ങമാസത്തോടെ തെക്കോട്ടു ധ്യാനത്തിന്നായി പോയി.

ഫവുസ്തു. ചിങ്ങം ഏഴാംനു പുളിങ്കുന്നുകാരൻകളത്തിൽ ക. നി. മു. സു. ബ. സ്ഥിരിയ അപ്രേം അച്ചൻ ഇവിടത്തെ അന്വേഷണക്കാരനായിട്ടുവന്നു. അദ്ദേഹത്തിന്റെ കാലത്തു കൊവേന്തയ്ക്കു, തട്ടു, ജനല, വാതിലുകൾ വണിയിക്കയും അകംപുറം പുമരു തേക്കയും മറും വല പണികളും നടത്തി സന്യാസികൾ കൊവേന്തയിൽ കയറി പാർക്കുന്നതിന്നിടയാക്കി. ഇങ്ങിനെയിരിക്കെ വരാപ്പുഴെ മേലധികാരത്തിൽനിന്നും ഈ കൊവേന്ത സെമ്മിനാരിയായിട്ടു ഏറ്റെടുത്തേണമെന്നുള്ള അലോചന തുടങ്ങി. റോക്കോസുമെത്രാനോടു പട്ടമേറിയിരുന്ന ശമ്മാശ്ശന്മാരെ കൂട്ടി പഠിപ്പിക്കുന്നതിന്നായിട്ടാണു. ആയതിന്നു വേണ്ടുന്ന ഏർപ്പാടുകളൊക്കെയും ചെയ്യുന്നതിന്നു മെത്രാപ്പോലീത്താച്ചന്റെ കല്പന വരികയാൽ, ആകപ്പാടെ എല്ലാവരും വ്യസനിച്ചു, ദാനക്കാരന്റെ അനുജൻ കുഞ്ഞുവറിയു മെത്രാപ്പോലീത്താച്ചന്റെവകൽ ചെന്നു, ഞങ്ങൾ കോട്ടയ്ക്കൽ സ്ഥലംകൊടുത്തിട്ടുള്ളതു കൊവേന്തസ്ഥാപിപ്പാനായിട്ടാണു: സെമ്മിനാരി സ്ഥാപിപ്പാനായിട്ടല്ല; ആയ്തിനാൽ ബ. അച്ചന്റെ ദയപുണ്ടായി ആ സ്ഥലത്തു കൊവേന്തയായിതന്നെ നടത്തി തരുവാറാകണം എന്നു ബോധിപ്പിച്ചു. തന്നിമിത്തം സെമ്മിനാരിക്കായ വരുവാനായി എഴുതിയിരുന്ന കല്പന പിൻവലിച്ചു.

൫. ഫവുസ്തുംകാലം പന്തക്കൊസുതിരുനാളിൽ

കൊവേന്തയുടെ എല്ലാ ക്രമങ്ങളും ശരിയായി നടത്തുന്നതിനു ആരംഭിച്ചു. ടി. ആണ്ടു മേടം ൩൦-ാംനു- മഞ്ഞുമ്മേൽ വികാരിമാറത്തിന്റെ ആലോചന കൂടി. അതിൽ വച്ചു പെ. ബ. മി. അ. പീലിപ്പോസു പാതിരിയച്ചൻ എഴുതിയുണ്ടാക്കിയ്യും പെ. ബ. മി. അ. മർസിലിനോസു പാതിരിയച്ചൻ പരിഭാഷപ്പെടുത്തിയതും, ക്നനമാവു അച്ചടി ശാലയിൽ അച്ചടിച്ചതുമായ പുതിയ ന്യായപ്രമാണം നടപ്പിൽ വരുത്തുവാൻ ആലോചിച്ചു. പൊതു പ്രിയോരായ ക. നി. മൂ. സ. പെ. ബ. കുറിയാക്കോസു ഏലീശാ അച്ചൻ ടി. സംഘത്തിൽ ഉണ്ടായിരുന്നില്ല. ഈ സംഘത്തിൽവച്ചു ഈ കൊവേന്തയുടെ അന്വേഷണക്കാരനായി മുൻനിശ്ചയിച്ചിരുന്ന സ്ഥിരീയ അപ്രെം അച്ചനെ ഈ കൊവേന്തയുടെ ആദ്യ വികാരിയായി നിയമിച്ചു. ടി. കന്നി ൪-ാംനു- പെ. ബ. മി. അ. പീലിപ്പോസുദലശാദ് പാതിരിയച്ചൻ ക്നനമാറുകൽനിന്നും ഇവിടെക്കു മാറപ്പെട്ട ൧൪ നവസന്ന്യാസികളും ഇവിടെ വന്നു. അവരുടെ ഗുരുവായി കുത്തിയതോട്ടുകാരൻ ചിറയ്ക്കൽ ക. നി. മൂ. സ. ബ. പൌലോസുമറിയം അച്ചനും പാറനഗുരുവായി ടി. അല്ഫോൻസച്ചനും നിയമിക്കപ്പെട്ടു. ടി. തുലാം ൧൨-ാംനു- ഒല്ലൂക്കാരൻ നെല്ലിശ്ശേരി ക. നി. മൂ. സ. ബ. ഹെൻറിക്കോസച്ചൻ തന്റെ സന്ന്യാസവ്രതങ്ങളെ അനുഷ്ഠിച്ചു. ആ ദിവസത്തിൽ പെ. ബ. മി. അ. ലെയൊപ്പോൾദ് പാതിരിയച്ചനും വന്നിട്ടുണ്ടായിരുന്നു. എ. പെ. പെ. ബ. ലെയോനാർദ് മത്രാപ്പോലീത്താ വൃശ്ചികം ൨-ാംനു- ഇവിടെ വന്നു ൧൫ ദിവസം താമസിച്ചു മടങ്ങിപോയി. താഴത്തെ കിണറിന്നരികെ നവസന്ന്യാസികൾക്കു കുളിക്കു

തിന്നു വഴിയായി ഒരു കുളിപ്പുര ഉണ്ടാക്കുന്നതിന്നു മെത്രാപ്പോലീത്താച്ചൻ വകകൊടുത്തു, ഓരോ മുറിയിൽ വെള്ളം കിടപ്പാൻതക്കവണ്ണം ഓരോ കൽതൊട്ടിയും ഉണ്ടാക്കി കുളിക്കുന്നതിന്നു വളരെ സൌകര്യമാക്കി. ൧൯൰൰ൻ മാവിൽ ടി. നവസന്ന്യാസികൾ ക്രമമാവുക ലേക്കു തിരികെ മാററപ്പെട്ടു.

൧൯൰൰ മകരത്തിൽ പെ. ബ. മി. അ. ലെയൊപ്പോൾദ് പാതിരിയച്ചന്റെ പേരിൽ ഉണ്ടായ ചില ആവലാധികൾ നിമിത്തം വിചാരണക്കായി റോമായിലേക്കു വിളിക്കപ്പെട്ടു. ഇക്കാലത്തിൽ മലയാളത്തിൽ കലഹം നടക്കുന്നുയെന്നു തിരുസിംഹാസനം ഗ്രഹിച്ചു അതിന്റെ കാരണം അറിഞ്ഞു നിവൃത്തിമാർഗ്ഗം വരുത്തുന്നതിന്നായി ബോമ്പാവികാരി അപ്പസ്തോലിക്കയായ ഈശോസഭക്കാരൻ എ. പെ. പെ. ബ. ലെയൊൻ മെസറീൻ മെത്രാനവർകളെ സന്ദർശകനായി നിശ്ചയിച്ചു. അദ്ദേഹം ടി. ആണ്ടു ഇടവമാസത്തിൽ കൊച്ചിയിൽവന്നു മാന്നാനം കൊവേന്തയിലേക്കുപോയി, ഒരു മാസത്തോളം അവിടെ താമസിച്ചശേഷം, വൃളിങ്ങ്നു, ക്രമമാവു മുതലായ കൊവേന്തകളിൽപോയി; അനന്തരം ചിങ്ങം ആരംഭത്തോടെ ഇവിടേയും വന്നു ൧൦ ദിവസത്തോളം താമസിച്ചു ഏൽത്തുരുത്തിലേക്കു മടങ്ങി. ഇദ്ദേഹത്തിന്റെ സന്ദർശനശേഷം സുറിയാനിക്കാരെ തനിച്ചു ഭരിക്കുന്നതിന്നു പെ. ബ. മി. അ. മർസ്സലിനോസു പാതിരിയച്ചനെ വരാപ്പുഴെ എ. പെ. പെ. ബ. മേത്രാപ്പോലീത്തായുടെ ഒരു സഹായമെത്രാനായി തിരുസിംഹാസനം നിശ്ചയിച്ചു, മെത്രാപ്പോലീത്തായുടെ കൂടെ ൧൮൪൬ൽ അയച്ച തിരുവെഴുത്തുകാരം വരാപ്പുഴവച്ചു സുറിയാനിക്കാരുടെ മഹാ

ജയസന്തോഷത്തോടുകൂടെ അദ്ദേഹം വാഴ്ത്തയേറ്റു.

താമസംകൂടാതെ കവ്വെ മകരം വ്യാഴം ക്രമമാവുങ്കൽ സന്ന്യാസസഭയുടെ ഒരു സംഘം കൂടി. ആയ്തിൽ മുൻ രൊൽ മഞ്ഞുമ്മേൽ കൂടി പ്രസിദ്ധപ്പെട്ടത്തിയ ന്യായപ്രമാണത്തെ ഭേദപ്പെടുത്തുന്നതിന്നും മാറും തീൎമ്മാനിച്ചു. താമസമെന്യെ, ന്യായപ്രമാണ പരിശോധനക്കായി റോമായിൽനിന്നും കല്പനയും വന്നിട്ടുണ്ടായിരുന്നു. ആ സംഘത്തിൽവച്ചു ഈ കൊവേന്തയുടെ വികാരിയായി ആമ്പല്ലൂർപള്ളി ഇടവകക്കാരൻ പാറപ്പുറത്തു ക. നി. മൂ. സ. ബ. ഗീവറുഗീസുയോഹന്നാനച്ചൻ നിശ്ചയിക്കപ്പെട്ടു.

൩-ാം അദ്ധ്യായം.

കവ്വെ–വ്വ.

ആത്രമത്രേക്കുമ്മാർ. പള്ളിയുടെ ശിലാസ്ഥാപനം. വി. ത്രേസ്യാമ്മയുടെ ഛായാപടം. അത്ഭുതങ്ങൾ. ഉ. സ. അന്ത്രയോസിന്റെ മരണം. ത്ര. സ. പത്രോസിന്റെ വാദം. ദാനക്കാരന്റെ അനുജന്റെ ശവസംസ്കാരം.

ക. പാറപ്പുറത്തു ക. നി. മൂ. സ. ബ. ഗീവറുഗീസുയോഹന്നാൻ മാംഗാനാച്ചൻ താമസമെന്യെ ഈ കൊവേന്തയിൽവന്ന ജോലി ഏറ്റുടൻ പള്ളി പണിയിക്കുന്നതിന്നുവേണ്ടി വല്ല സഹായം ചെയ്യുന്നതിന്നു എ. പെ. വെ. ബ. മർസ്സലിനോസ് മെത്രാനച്ചനോടപേക്ഷിക്കയിൽ, അവിടന്നു ദയവായി തനിക്കു പള്ളി

കളിൽനിന്നും കിട്ടിയ നൂറുകുഞ്ഞുവീതം എന്ന ഓഹരി, അകപ്പറമ്പു, അങ്കമാലി, കുറുക്കറ്റി, കൊരട്ടി, പേരാമ്പ്ര, ചാലക്കുടി, പതിയാരം, കല്ലേറുംകര, കല്ലറമ്പു, വെളിയനാട്ടു, പുത്തൻപിറ, പുത്തൻവേലിക്കര, ചേന്നമംഗലം, കുത്തിതോട്ട കിഴക്കെപ്പള്ളി, ടി. വടിഞ്ഞാറെപള്ളി, മൂഴിക്കുളം, മാപ്രാണം, ആലുംങ്ങ, അമ്പഴക്കാട്ടു, എന്നീപള്ളികളിൽനിന്നു പിരിച്ചെടുക്കുന്നതിന്നു മുമ്പെ കർക്കടമാസം മുതൽ അനുവാദകല്പന തന്നതനുസരിച്ചു പിരിവു തുടങ്ങി.

മുമ്പെ തുലാമാസം മുതൽ നാ. വി. ത്രേസ്യാമ്മയുടെ തിരുനാളിൻ എട്ടാംനാളിൽ പള്ളിക്കു അടിസ്ഥാനക്കല്ലിടുന്നതിന്നു എ. പെ. പെ. ബ. മർസ്സലിനോസ് മെത്രാനച്ചനോടപേക്ഷിച്ചതനുസരിച്ചു ടി. തിയ്യതിയിൽ എ. പെ. പെ. ബ. മെത്രാനച്ചനവർകളും, ലത്തീൻകാരുടെ വികാരിജനറാൾ പെ. ബ. മി. അ. പീലിപ്പോസുപാതിരിയച്ചനും, സുറിയാനിക്കാരുടെ വികാരിജനറാൾ വല്ലൂത്തുകാരൻ കല്ലറയ്ക്കൽ(മുള്ളി) പെ. ബ. പൌലോസച്ചനും, വെനീസ്കാരായ പെ. ബ. മി. അ. കാന്തിമൂസ്, ചെലസ്തീനോസ് എന്നീരു പാതിരിയച്ചന്മാരും, ക്രുനമാവുങ്കൽനിന്നും ബ. വികാരിയച്ചനും, ഏതാനും അച്ചന്മാരും നവസന്ന്യാസികളെല്ലാവരും, മാന്നാനം, ഏൽത്തുരുത്തു മുതലായ കൊവേന്തകളുടെ ബ. വികാരിമാരും, അയൽപള്ളികളുടെ ബ. വികാരിഅച്ചന്മാരും, ബഹു ജനവും വന്നുകൂടിയിരുന്നു.

എ. പെ. പെ. ബ. മെത്രാനച്ചനവർകൾ കാലത്തു ൯-മണിക്കു മേല്പട്ടക്കാരനുള്ള അംശവസ്ത്രങ്ങളൊക്കെയും ധരിച്ചു, വൈദീകഗണത്തോടെ പള്ളിസ്ഥാനത്തു അലങ്കാരമായുണ്ടാക്കിയിരുന്ന പന്തലിൽ എ

ത്തി, തിരുന്നാൾ വിഷയത്തിന്മേലും പള്ളിഅടിസ്ഥാനക്കല്ലു സ്ഥാപനത്തിന്മേലും വാക്കുചാതുര്യമായ ഒരു പ്രസംഗം പറഞ്ഞു. അനന്തരം മുപ്രകാരമുള്ള കർമ്മങ്ങൾ നടത്തി അടിസ്ഥാനക്കല്ലു സ്ഥാപിച്ചു. അന്നത്തെ തിരുന്നാൾ ദാനക്കാരന്റെ ഇളയപ്പന്റെ മകനായ ചക്കാലമറ്റത്തു കുണിച്ചായി ചാക്കുപ്പൻ ഇട്ടൂപ്പാണു ഏറ്റുനടത്തിയ്യു. തദനന്തരം എ. പെ. പെ. ബ. മെത്രാനച്ചൻ അവർകൾ ഫ്രവ്വെ വൃശ്ചികം ൩൰-൹, പള്ളിക്കാരും ജനങ്ങളും പള്ളിപണിക്കായി പാട്ടുള്ള സഹായം ചെയ്യുന്നതിനു ഒരു പരസ്യകല്പന അയച്ചതനുസരിച്ചു പള്ളികളിൽനിന്നും ജനങ്ങളിൽനിന്നും ഏതാനുംവഹകൾ പിരിച്ചും കടംവാങ്ങിയും ബ. വികാരിയച്ചന്റെ അതിശ്രമത്താൽ ക്രമേണ തറ മുഴുവനും പണിക്കുറവു തീർത്തിട്ടു. അതിന്റെ ശേഷം പലകാലം പണിക്കു നിവൃത്തിയില്ലാതെ കിടന്നു.

൨. ഫ്രവ്വം-കന്നി ൩൰-൹ വി. ത്രേസ്യാമ്മയുടെ തിരുപ്പട്ടവും പ്രതിഷ്ഠയും :- പാളയംകോട്ട തിരുനൽവേലിജില്ലായിൽചേർന്ന മീഖേൽപിള്ള എന്നു പേരുള്ള ഒരു ക്രീസ്തുവൻ തൃശ്ശിനാപ്പിള്ളി കോളേജിൽ പടമെഴുത്തും, ചായപ്പണിയും പഠിച്ചു സിലോൺ, ബർമ്മ മുതലായ രാജ്യങ്ങളിൽ അനേകകാലം ആ വേല നടത്തിയതിന്റെശേഷം, മാന്നാനത്തുവന്നു അവിടത്തെ പള്ളിയുടെ മദ്ബഹായിലും ഹൈക്കലായിലുമുള്ള രൂപമെഴുത്തും ചായപ്പണികളും നടത്തി വരികയിൽ, ഇവിടത്തെ ബ. വികാരിയച്ചൻ അന്നത്തെ കപ്പേളയിൽ വലിയ പീഠത്തിൽ വച്ചിരുന്നതും ഇപ്പോൾ പള്ളിയുടെ പടിഞ്ഞാറെ വശം തെക്കെ അറ്റത്തെ പീഠത്തിൽ ഇരിക്കുന്നതുമായ വി. ത്രേസ്യാമ്മയുടെ പ

ടം എഴുതുന്നതിന്നു അയാളെ ഏല്പിച്ചു. ആ പടം എഴുതിയതിനോടു കൂടി ക്ര. വി. യൌസേപ്പു പിതാവിന്റെ ഭാഗ്യപ്പെട്ട മരണം, ക. വി. വ്യാകുലമാതാവിന്റെ സ്വരൂപം, ന. നല്ല ഇടയന്റെ സ്വരൂപം എന്നീ മൂന്നു പടങ്ങളും ഓരോരുത്തരുടെ ദാനമായി എഴുതിച്ചു അവിടെ വച്ചു തന്നെ പെ. ബ. പ്രിയോർ ജനറാൽ കുറിയാക്കോസു ഏലീശാ അച്ചനെകൊണ്ടു കൂദാശ ചെയ്തിച്ചു. വി. ത്രേസ്യാമ്മയുടെ പടം അരണാട്ടുകരെ ചിറമ്മൽ രാ. ശ്രീ. മാത്തു തരകന്റെ ദാനമായിട്ടാണു എഴുതിച്ചിരിക്കുന്നതു. ആയതുകൊണ്ടു പടം കൊണ്ടു വരും വഴിതന്നെ രോഗിയായി കിടന്ന തരകനെ കാണിപ്പാനായി അയാളുടെ ഭവനത്തിലേക്കു കൊണ്ടുപോയി. പടം കണ്ടു വളരെ പ്രസാദിച്ചതിനാൽ ക്രടെ പോയിരുന്ന മേസ്തിരിക്കു ഒരു നിലയങ്കിയും ഒരു സാൽവായും സമ്മാനമായി കൊടുത്തു. നിലയങ്കി തിരുവിതാംകൂർ ആയില്യം തിരുനാൾ മഹാരാജാവിന്നു തരകൻ ചികിത്സിച്ച അവസരത്തിൽ സമ്മാനിച്ചതാണു. സാൽവാ കൊച്ചി മഹാരാജാവു സ്മാരകമായി സമ്മാനിച്ചിട്ടുള്ളതാണു. ഇങ്ങിനെ വിലയേറിയ ദാനം തരകൻ കൊടുപ്പാനുള്ള കാരണം വി. ത്രേസ്യാമ്മയുടെ നേരെയുള്ള ഭക്തിയും കൊവേന്തയുടെ നേരെ തരകനുള്ള പക്ഷവുമാണെന്നു പറയേണ്ടതില്ലല്ലൊ. അവിടെനിന്നു വി. ത്രേസ്യാമ്മയുടെ സ്വരൂപം ആദ്യമെ മാള പള്ളിയിൽ കൊണ്ടു പോയി വച്ചു, ക്രമണിക്ക ദർശന സമൂഹത്തോടും ജനബാഹുല്യത്തോടും വെടി വാദ്യഘോഷങ്ങളോടും ക്രടെ അവിടെനിന്നു സ്വരൂപം എഴുന്നെള്ളിച്ചു ക്രമണിയോടെ കപ്പേളയിൽ സ്ഥാപിച്ചു, ആഘോഷ പൂജ പാടി. അനന്തരം ബ. വികാരിയച്ചൻ ഉത്തമമായ

ഒരു പ്രസംഗം പറഞ്ഞു മൽ–മണിയോടെ ജനങ്ങൾക്കു വി. കുബ്ബാനയുടെ ആശീർവ്വാദവും കൊടുത്തു. അതിന്റെ ശേഷം രൂപം എഴുതിയ മേസ്തിരിക്കു ഒരു ക്രൂട്ടം കൂടുക്കൻ പള്ളിയിൽ വച്ചു തന്നെ ദാനം ചെയ്തു.

൩. വി. ത്രേസ്യാമ്മയുടെ സ്വരൂപം എഴുന്നെള്ളിച്ച സമയത്തു വിശേഷാൽ ഒരത്ഭുതം സംഭവിച്ചു. കൊവേന്ത വേലിക്കു സമീപം പടിഞ്ഞാറെ ഭാഗത്തു ഏകദേശം ൩൦–വയസ്സുപ്രായമുള്ള മുത്തന്മാട്ടി ഉണ്ണൂലി എന്ന ഒരു ഈഴവത്തി തൊണ്ണയിൽ മീൻമുള്ളു താച്ചു, നീരുവന്നു കഞ്ഞിയും മറ്റും ഇറക്കുവാൻ വഹിയാതെ വേദനപ്പെട്ടു കിടന്നിരുന്നു. വി. ത്രേസ്യാമ്മയുടെ സ്വരൂപം എഴുന്നെള്ളിച്ചു കൊണ്ടു വരുന്ന വിവരം കേട്ടു എഴുന്നേറ്റു വീട്ടിന്റെ മുറ്റത്തിൽ വന്നു പുണ്യവാളത്തിയുടെ സ്വരൂപം വരുന്നതു കണ്ടപ്പോൾ വളരെ ശരണത്തോടും കണ്ണുനീരോടും കൂടി "എന്റെ അമ്മെ! വെള്ളം കുടിച്ചു ജീവൻ പിരിവാൻ ഇടവരുത്തി തരേണമെ! ഈ മുള്ളു നീക്കി തരേണമെ! ഞാൻ ഒരു പുത്തൻ മെഴുകുതിരി കത്തിക്കുന്നതിന്നു കൊടുത്തു കൊള്ളാം" എന്നിപ്രകാരം പാഞ്ഞു അപേക്ഷിച്ചു ഒരു പുത്തൻ കയ്യിലെടുത്തു വൃശ്ചികത്തിന്റെ പുറകെ പോന്നു, കപ്പേളയുടെ നടയിൽ വന്നപ്പോൾ പുത്തൻ കൊടുത്തു നേച്ചു ഇടീച്ചു, മുൻപോലെ വീണ്ടും അപേക്ഷിച്ചുകൊണ്ടു വീട്ടിലേക്കു പോയി, ഏറെ താമസിയാതെ അസാമാന്യ സുഖനിദ്ര പ്രാപിച്ചു; ഉറക്കം തെളിഞ്ഞു എഴുന്നേറ്റിരുന്നു് കഞ്ഞി കുടിക്കയും മുമ്പുണ്ടായിരുന്ന വേദനയും നൊമ്പരവും മുള്ളിന്റെ ഇടക്കേട്ടും വളരെ കുറഞ്ഞതായി തോന്നുകയും ചെയ്തെങ്കിലും, മുള്ളു പോയിരുന്നില്ല. അന്നു രാത്രി നന്നായി ഉറങ്ങി, പാതിരാസ

മയത്തുണർന്നപ്പോൾ മുള്ളു പുറത്തു വീണുകിടക്കുന്നതും താൻ പൂർണ്ണസുഖം പ്രാപിച്ചിരിക്കുന്നതും കണ്ടു അതിശയിച്ചു. നേരം വെളുത്തപ്പോൾ ഒന്നാമതായി ചികിത്സിക്കുന്നതിനു വന്ന വൈദ്യനെ ഈ മുള്ളു കാണിക്കയും സൌഖ്യമായ വിവരമൊക്കയും പറഞ്ഞു കേൾപ്പിക്കയും ചെയ്തതു കൂടാതെ കാണുന്നവർ എല്ലാവരേയും മുള്ളു കാണിച്ചുകൊണ്ടു സന്തോഷത്താൽ വളരെ കണ്ണുനീരൊഴുക്കി ഈ വിവരങ്ങൾ പറഞ്ഞറിയിച്ചിരുന്നു. ഇങ്ങിനെയുള്ള വർത്തമാനം കുറെ ദിവസം കഴിഞ്ഞതിനു ശേഷം അച്ചന്മാരറിഞ്ഞു തുലാം ൧൦–ാംനു അതായതു ൧൪–ാം ദിവസം കഴിഞ്ഞു ഉച്ചതിരിഞ്ഞു ൪–മണി സമയം ടി. ഈഴവത്തിയെ വരുത്തി കൊവേന്തയിൽ എല്ലാ അച്ചന്മാരുടെ മുമ്പാകെ വച്ചു വിവരങ്ങൾ ചോദിച്ചപ്പോൾ മുൻ കേട്ടിരുന്ന വിവരങ്ങളൊക്കയും അവൾ സന്തോഷാധിക്യത്താൽ കരഞ്ഞു യാതൊരു വ്യത്യാസം കൂടാതെ പറഞ്ഞു. ഈ വിവരങ്ങളൊക്കയും അന്നുണ്ടായിരുന്ന ബ. അച്ചന്മാരുടെ സാക്ഷിത്വത്തോടു കൂടെ കൊവേന്ത നാളാഗമത്തിൽ എഴുതിയിട്ടിട്ടുള്ളതാണു.

ഈ പ്രദക്ഷണത്തിനു കൂടിയ ബഹു ജനത്തിന്റെ സംഖ്യ അടുത്ത കാലങ്ങളിലും അടുത്ത പള്ളികളിലും ഇതിൻവണ്ണം ഉണ്ടായിട്ടില്ലെന്നാണു ബഹു ജനശ്രുതി. വ. ദി. ശ്രീ. വികാരി ജനറാൽ കല്ലറക്കൽ (മുള്ളി) പൌലോസച്ചനും അടുത്ത പല പള്ളികളിലെ ബ. വികാരിമാരും മാന്യരും അമ്പഴക്കാട്ടേയും മാളയിലേയും നൂറാമ്പത്തു ദർശനക്കാർ, അമ്പഴക്കാട്ടു, മാള, പുത്തഞ്ചിറ മുതലായ പള്ളികളിലെ വെള്ളിക്കുരിശുകളും വളരെ മുത്തുക്കുടകളും, കൊടി കളുംമുണ്ടായിരുന്നു. വി. ത്രേസ്യാമ്മയുടെ പടം ഇവിടെ സ്ഥാപിച്ചു

തിന്റെ ശേഷം ജനങ്ങളിൽ അധികം ഭക്തിവണക്കം വർദ്ധിപ്പിക്കുന്നതിനായി ടി. പടത്തിന്റെ മുമ്പാകെ നമസ്കരിക്കുന്നവർക്കു വിശേഷ ദണ്ഡവിമോചനങ്ങൾ കല്പിച്ചു തരുവാനായി ക്രമം പ്രകാരം ലെയോൻ പാപ്പായുടെ വകയിൽ എ. പെ. പെ. ബ. മർസ്സലിനോസ് മെത്രാനച്ചനവർകൾ വഴി ബോധിപ്പിക്കയും, അപേക്ഷാനുസരണം കവുപ്രകാരം കല്പിച്ചരുളിയ തിരുവെഴുത്തിൽ ടി. തിരുപടത്തിൻ മുമ്പാകെ അപേക്ഷിക്കുന്നവർക്കു ശതദിനദണ്ഡവിമോചനവും, തുലാമാസം ൧൫-ാംനു- വി. ത്രേസ്യാമ്മയുടെ തിരുനാളിനു പാപസങ്കീർത്തനവും ദിവ്യകാരുണ്യ സ്വീകരണവും കഴിച്ചു വി. പാപ്പായുടെ തിരുമനസ്സു പോലെയുള്ള ധർമ്മകാര്യങ്ങൾ സാധിപ്പാനായി അപേക്ഷിക്കുന്നവർക്കു പൂർണ്ണദണ്ഡവിമോചനവും, അതെ തിയ്യതി തന്നെ വി. ത്രേസ്യാമ്മയുടെ സ്വരൂപം ഇരിക്കുന്ന പീഠത്തിൽ കുമ്പാന ചൊല്ലുന്ന ഏതേതു പട്ടക്കാരനും സ്വയവരപീഠദണ്ഡവിമോചനവും കല്പിച്ചുകയും ചെയ്തു.

൧൮. വി. അമ്മ ത്രേസ്യായുടെ അനവധി അത്ഭുത സഹായങ്ങൾ ഈ ദേശങ്ങളിൽ നടന്നു വരുന്നു. അതിൽ പ്രത്യേകിച്ചു ഒരു സംഗതി ഇവിടെ കാണിക്കുന്നു. കല്ലൂരു വടക്കെ ഭാഗം മാപ്രാമ്പിള്ളി മനസ്സിലെ നീലകണ്ഠൻ നമ്പൂരി ഉദരദീന പീഡിതനായി ക്രമ- വഷ്ത്തോളം വളരെ ചികിത്സകൾ നടത്തീട്ടും ഒരു ഫലവും ഉണ്ടാകാതെ ടി. നമ്പൂരിയുടെ തള്ള വളരെ ദുഃഖിച്ചിരുന്നു. നമ്പൂരിസ്ത്രീയുടെ ദുഃഖം കണ്ട മനസ്സുതെക്കുവശമുള്ള കണ്ണമ്പിഴ എന്ന വീട്ടുപേരുള്ള ഒരു ക്രിസ്ത്യാനി, നീലകണ്ഠൻ നമ്പൂരിയുടെ അമ്മയാട്ട, അമ്പഴക്കാട്ട കൊടുവന്തപള്ളിയിൽ കൂടിയിരുത്തിയിരിക്കുന്ന

വി. ത്രേസ്യാമ്മ വളരെ അത്ഭുതങ്ങൾ ചെയ്യുകയുണ്ടു, അവിടെ നിങ്ങൾ മനംകൊണ്ടു പ്രാർത്ഥിക്കയും വഴിവാട്ടു നേരുകയും ചെയ്യണം. അവിടെ രോഗികൾക്കു ആശ്വാസത്തിനായി ഒരു തീർത്ഥജലം കൊടുക്കുന്നുണ്ടു, അതു ഞാൻ വാങ്ങിക്കൊണ്ടു വരാം എന്നു പറകയിൽ നമ്പൂരിസ്ത്രീ സമ്മതിച്ചു, മനംകൊണ്ടു പ്രാർത്ഥിച്ചു വഴിവാട്ടം നേർന്നു. കണ്ണമ്പിഴ ക്രിസ്ത്യാനി, കൊവേന്തയിൽ കൊടുത്തുവരുന്ന തീർത്ഥജലം കൊണ്ടുപോയി കൊടുത്തു. നീലകണ്ഠൻ നമ്പൂരി അതു കുടിച്ചു ഉടനെ അതേവരെയും നമ്പൂരിയുടെ വയറ്റിൽ ദീർഘകാലം വ്യാപിച്ചിരുന്ന വയറ്റ്രോഗം പെട്ടെന്നു സുഖമായി. അതിൽപിന്നെ ആ രോഗം ഉണ്ടായിട്ടും ഇല്ല. ഇതിനെ തള്ള കണ്ടു വിസ്മയപൂരിതയായി, തന്റെ കഴുത്തിൽ കെട്ടിയിരുന്ന തങ്കത്താലി അഴിച്ചു കണ്ണമ്പിഴ ക്രിസ്ത്യാനിയുടെ പക്കൽ കൊടുത്തു. അയാൾ അതു കൊണ്ടുവന്നു വി. ത്രേസ്യാമ്മയുടെ നടയിൽ വച്ചു വഴിവാട്ട നിവേറ്റി, ഉണ്ടായ വിവരങ്ങളൊക്കയും ബ. അച്ചനമ്മാരോടു പറഞ്ഞു കേൾപ്പിച്ചു. ടി. വിവരങ്ങളൊക്കയും എഴുതി തങ്കത്താലിയോടു കൂടി ചേർത്തു കൊവേന്ത റിക്കാർട്ടിൽ സൂക്ഷിച്ചിരിക്കുന്നു.

൪. ക്വവ്വ- മകരമാസത്തിൽ ഈ കൊവേന്തയുടെ വികാരിയായിരുന്ന പാറപ്പുറത്തു ക. നി. മൂ. സ. ബ. ഗീവറുഗീസ്സ്യോഹന്നാൻ മാംദാനാച്ചൻ വലിയ സുഖക്കേട്ടുകാരനായിപോയ്കൊണ്ടു അദ്ദേഹത്തിന്റെ സഹായക്കാരനും പ്രോവികാരിയുമായി ഞാറയ്ക്കാരൻ മാമ്പിള്ളി ക. നി. മൂ. സ. ബ. യൌസേപ്പു ഗീവറുഗീസച്ചൻ നിയമിയ്ക്കപ്പെട്ടു.

ടി. ആണ്ടു മിഥുനം ൨-ാംനു- ശനിയാഴ്ച പാ

തിരാ കഴിഞ്ഞു ൩ മണിക്കു ന. സഹോദരൻ ആ. അ
ന്തയോസു മരിച്ചു, ഞായറാഴ്ച ഉച്ചതിരിഞ്ഞു ന. ക
പ്പേളയിൽ ശവസംസ്കാരം ചെയ്യപ്പെട്ടു. അയാളുടെ
പ്രേതശിഷ്ടങ്ങൾ ക്വൻ൫ തുലാമാസം ൨൫ാംനു പ
ള്ളിപ്രതിഷ്ഠയുടെ ശേഷം ഏതാനും മാസം കഴിഞ്ഞ
പ്പോൾ മൻ സംസ്കരിക്കപ്പെട്ട സ്ഥലത്തിൽനിന്നും എടു
ത്തു പള്ളിയുടെ കിഴക്കുവശത്തുള്ള മാതാവിൻെറ ക
പ്പേളയുടെ നടയിൽ സംസ്കരിക്കപ്പെട്ടു. ആ. അന്തോ
യാസ് വെളിയനാട്ടു പള്ളിഇടവകയിൽ കുഴിക്കാട്ടു
ശ്ശേരിദേശത്തു ചെരടായി എന്നു പഠയുന്ന മാപ്പുകുഡും
ബത്തിൽ ജനിച്ചു. ഇയ്യാൾ ഉദ്ദേശം ൨൫ വയസ്സു പ്രാ
യത്തിൽ മാതാപിതാക്കന്മാരുടെ കണ്ണുനീരുകളെ ക്ലൃപ്ത
ക്കാതെ ആത്മരക്ഷ പ്രാപിക്കുന്നതിനും ദൈവത്തിനു
ഴിയംചെയ്യുന്നതിനും സന്ന്യാസാന്തസ്സു സ്വീകരിക്കുന്നതി
ന്നായിട്ടു അരണാട്ടുകരെ ശുദ്ധീകരമാതാവിൻെറ ആ
ശ്രമത്തിൽ സഹോദരഗണത്തിൽ ചെന്നുചേർന്നു. ഒട്ട
ധുകാലങ്ങളിൽ, ഈ കൊവേന്തയിലാണു സ്ഥിരവാസ
മായിരുന്നതു. സഭയുടെ നിയമങ്ങളിൽ കല്പിക്കപ്പെ
ട്ടവകളെല്ലാം ദൈവതിരുഹിത്തമാണെന്നും ദൈവസ്നേ
ഹത്തിൽ വർദ്ധിച്ചു പുണ്യപൂർണ്ണത പ്രാപിക്കുന്നതിനു ഉ
ത്തമമായവകളെന്നും കരുതി അതി ജാഗ്രതയോടെ കാ
ത്തുവന്നിരുന്നു. സകല വേലകൾക്കും ഒന്നുപോലെ ഒ
രുക്കമുള്ളവനും എല്ലാ കാര്യങ്ങളിലും വളരെ വിവേക
വും പതഭാഗിയും ക്ലൃപ്തത്തിനടുത്ത ക്രമങ്ങളിൽ ചെന്നു
കൂടുന്നതിനു വളരെ ജാഗ്രതയുള്ളവനുമായിരുന്നു, ശ്രേ
ഷ്ഠന്മാർ കുറെകൂടാതെ ശാസിച്ചിരുന്നാലും നല്ല ക്ഷമ
യും, വിനയവും നന്ദിയും പ്രദർശിപ്പിച്ചിരുന്നു. എപ്പോ
ഴും പുഞ്ചിരിയോടുകൂടിയെ സംസാരിക്കയുള്ളു. കൊ

വേണ്ടവസ്തുക്കൾ സംബന്ധമായുള്ള കാര്യങ്ങൾ നടത്തുന്നതിൽ വളരെ സാമർത്ഥ്യവും പരിജ്ഞാനവുമുള്ളവനായിരുന്നു. വേലയെടുപ്പിക്കുമ്പോൾ ക്രൂരനും വലപ്പഴും ജ്ഞാനപുസ്തകം വായിച്ചിരുന്നു. ഈവിധസൽഗുണങ്ങൾനിമിത്തം ശ്രേഷ്ഠന്മാരുടേയും സഹോദരന്മാരുടേയും വേലക്കാരുടേയും തൃപ്തിക്കുപാത്രീഭവിച്ചു. കടശി രോഗപീഡിതനായിതീർന്നുവെങ്കിലും ദീനത്തെപ്പറ്റിയാതൊരാവലാധിപറയാതേയും തീരെ വശംകെടുന്നതുവരെ ജോലികൾ ഒന്നും ഉപേക്ഷിക്കാതേയും ക്രമാനുഗുണത്തിൽ വീഴ്ച വരുത്താതേയും നടത്തിപോന്നു. ദീനം ക്രമേണ വർദ്ധിച്ചു, പലവിധ ചികിത്സകൾ ചെയ്തിരുന്നെങ്കിലും യാതൊരു ശമനവും കണ്ടില്ല. ദീനം മൂർദ്ധിച്ചിരിക്കുന്ന വിവരം സഹോദരന്മാർ പറകയിൽ യാതൊരു മുഖപ്രകാശ്ശം കൂടാതെ സഹജമായ പുഞ്ചിരിയോടുകൂടെ അവരോടു മുഖപടിപറഞ്ഞു സന്തോഷിപ്പിച്ചിരുന്നു. കടശി ഇടവം ൨൫-ാംനു ഞായറാഴ്ച രാത്രി ൬മണിക്കു ഒടുക്കത്തെ ഒരു ശ്വാസമായും നാം-ാംനു യാത്രയാകാമുള്ള ശ്വ. കുമ്പാനയും മരിക്കുന്നതിനു രണ്ടു ദിവസംമുമ്പായി സഭയ്ക്കു നൽകപ്പെട്ടിരിക്കുന്ന ദണ്ഡവിമോചനങ്ങളും മരിക്കുന്നതിനു ൪-മണിക്കൂർ മുമ്പായി അന്ത്യകാലഭോഷ്പൊറുതികളും മഹാ ഭക്തിപൂർവ്വം കൈക്കൊണ്ടു. അർദ്ധരാത്രിയായപ്പോൾ രോഗിക്കു ഒരു മന്ദം ഉണ്ടായതുപോലെ കാണപ്പെടുകയും, അപ്പോൾ, "അതു ഞാൻ ചെയ്തിട്ടില്ല, അതു ഇപ്പോഴത്തേതല്ല എന്നും; കുറെ കഴിഞ്ഞശേഷം, തിരികെടാറായി എന്റെ അമ്മേ എന്റെ ആത്മാവിനെ എടുത്തുകൊള്ളണമെ എന്നു മൂന്നാലു പ്രാവശ്യം ഒന്നിച്ചും, അനന്തരം "ആകാശമോക്ഷം ഞാൻ കണ്ടു, ആ നിൽക്കുന്നതു ഈ

ശോമറിയംയെയുസേപ്പല്ലയൊ? മൂന്നുപേരും ഇല്ലയൊ" എന്നു പറഞ്ഞതു സമീപെ നിന്നിരുന്നവർ കേട്ടു അതിശയിച്ചിരുന്നു. ഉടനെ ഭാവഭേദംകണ്ടു തുടങ്ങുകയാൽ അന്ത്യജപങ്ങൾ എല്ലാവരുംകൂടി ചൊല്ലി തീൎന്നടനെ താൻചെയ്ത പുണ്യകൃത്യങ്ങളുടെ സംഭാവന കൈക്കൊള്ളുവാനായി സൃഷ്ടിതാവിന്റെ കയ്യിൽ തന്റെ ആത്മാവിനെ കയ്യാളിച്ചു. ഞായറാഴ്ച സാമാന്യത്തിലെന്നെ അധികം ജനക്കൂട്ടം കൂടുകയും മുറപോലെയുള്ള പ്രേത സംസ്കാരകൎമ്മങ്ങൾ കഴിച്ചു അടക്കംചെയ്കയും ചെയ്തു.

൯൩. മെയ്മാസത്തിൽ വി. ത്രേസ്യാമ്മയുടെ ൧൦൦-ാംവൎഷമഹോത്സവം ഇവിടെ പൂൎവ്വാധികം ആഘോഷത്തോടെ നടത്തി. തുലാം മു൯-ാംനു- മുതൽ ആരംഭിച്ച ഈ തിരുനാളവസരം പ്രമാണിച്ചു ഇവിടെ വന്നു എ. പെ. പെ. ബ, മർസ്സലിനോസുമെത്രാനച്ചനവർകൾ തിരുനാളിന്റെ പ്രഥമഭ്രഷണകൎത്താവാണു. പെ. ബ. വികാരിജനറാൾ കല്ലറയ്ക്കൽ (മുള്ളി) പൌലോസച്ചനും, കൊവേന്തകളുടെ പ്രിയോരായ പെ. ബ. കുറിയാക്കോസുഏലീശാ അച്ചനും മെത്രാനച്ചന്റെ സക്രത്താരിമാരായ പാലാക്കാരൻ പാലമറ്റത്തു ബ. ദേവസ്യാഅച്ചനും പുളിങ്കുന്നുകാരൻ പുത്തനുരയ്ക്കൽ ബ. ലെയൊപ്പോൾദച്ചനും സമീപെയുള്ള വ-പള്ളികളിലെ ബ. വികാരിമാരും കുറിശ്ശു, കുട, കൊടിമുതലായ ദൎശനസാമാനസമേതം ദൎശനക്കാരുംവന്നു, അതാതു പള്ളികളിലെ ചിലവിൻപേരിൽ തിരുനാളാഘോഷം നടത്തി. പുരുഷാരം അസാമാന്യവിധത്തിൽ ഉണ്ടായിരുന്നതു ക്രടാതെ മിക്ക കൊവേന്തകളിൽനിന്നു അച്ചന്മാരും വന്നിരുന്നു. പാട്ടുകുൎബ്ബാന ഏവൻഗേ

ലിയോൻ കഴിഞ്ഞു ഏ. പെ. പെ. ബ. മെത്രാനച്ചൻ തനിക്കു സഹജമായ വാക്ചാതുര്യത്തോടും ഭക്തിരീ തിയോടുംകൂടെ പ്രസംഗം പറഞ്ഞു. പാട്ടുകുർബാനയും കഴിഞ്ഞു. കുർബാനയുടെ വാഴ്വുംകഴിഞ്ഞശേഷം പടിഞ്ഞാ റെ കോട്ടമുറിക്കൽ അലങ്കാരമായുണ്ടാക്കിയിരുന്ന പന്ത ൽവരെ മെത്രാധിച്ചനവർകൾ പ്രദക്ഷണം കഴിക്കയും അവിടെവച്ചതന്നെ അങ്ങളിസ്സാകൊണ്ടുള്ള ആശീർവ്വാദ വും, പ്രദക്ഷണം വള്ളിയിൽ മടങ്ങി വന്നശേഷം മാ ഉപ്പ്രായുട്ടത്ത ആശീർവ്വാദവും ദണ്ഡവിമോചനവും നൽകുകയുംചെയ്തു. ഈ ആഘോഷപ്രദക്ഷണംകൊണ്ടു ജ നങ്ങൾക്കുണ്ടായ സന്തോഷവും തൃപ്തിയും ഇന്നപ്രകാര മെന്നു പറഞ്ഞുകൂടാ.

൭. പ്രൊവികാരി ബ. ഗീവറുഗീസച്ചൻ അധികാര മേറ്റതിൻെറശേഷം താമസിയാതെ തനിനിരപ്പായി കി ടന്നിരുന്ന വള്ളിയുടെ പണി മുമ്പോട്ട കൊണ്ടുപോക ന്നതിന്നു പ്രത്യേക ശ്രദ്ധവച്ചു അതിന്നുവേണ്ടുന്ന ഏർപ്പാ ടുകൾ ചെയ്തുതുടങ്ങി. ഇതിലേക്കു മുഖ്യമായി ചക്കര ക്കുടവു മൂഞ്ഞേലി ക. നി. മൂ. സ. ബ. തോമാച്ചനേയും സഹായിയായി മുട്ടുചിറ കുരിശുങ്കൽ ക. നി. മൂ. സ. ബ. ബസ്സ്തർദീനോസച്ചനേയും നിശ്ചയിച്ചു. വള്ളിയു ടെ പ്ലാൻ ശരിയായിട്ടു തീർപ്പുപ്പെട്ടിട്ടില്ലാഞ്ഞതിനാൽ ഏ. പെ. പെ. ബ. മർസ്സലിനോസു മെത്രാനച്ചൻ അ വർകളുടെ കല്പനപ്രകാരം, അടിസ്ഥാനമിട്ടതിലെ ന്നേ മദ്ബഹായുടെ പുറകുഭാഗം കുറെക്കൂടെ പുറകോട്ട ക്കുട്ടിച്ചേർത്തും വള്ളിയുടെ രണ്ടു വള്ളവശത്തുംകൂടി ന കുപ്പേളയും മറ്റും ചില ഭേദഗതികളും കൊവേന്തസം ഘം നിശ്ചയിച്ചപ്രകാരം ഒരു പ്ലാൻ ഉണ്ടാക്കുന്നതിന്നു ബ. തോമാച്ചനെ ഏല്പിച്ചു. അന്നത്തെ മെത്രാനച്ച

ന്റെ കല്പനയിൽ ന്ന-ചെറിയ പീഠങ്ങളിൽ ഈശോ
യുടെ തിരുഹൃദയ സ്വരൂപവും അമലോത്ഭവിമാതാവി
ന്റെ സ്വരൂപവും മാർ യൌസേപ്പിന്റെ സ്വരൂപവും
മാർ യോഹന്നാൻ ശ്ലീഹായുടെ സ്വരൂപവും മാർ തോമാ
ശ്ലീഹായുടെ സ്വരൂപവും മാർ അൽഫത്തേൂസ് മൌ
ദിയാന സ്വരൂപവും സ്ഥാപിക്കണമെന്നും, പ്രസ്തുതകാര്യ
ങ്ങൾ നടത്തുന്നതിന്നു ബ. ഉണ്ണീശോയുടെ തോമാച്ച
നേയും ഈദേഹത്തോടുകൂടി ബ. ബസ്റ്റർദീനോ
സച്ചനേയും നാം പ്രത്യേകം ചുമതല പ്പെടുത്തിയി
രിക്കുന്നു എന്നും മെത്രാനച്ചന്റെ കൈപ്പടയായു
ള്ള കല്പനയിൽ എഴുതീട്ടുണ്ട്. അതിന്റെ ശേഷം
ബ. പ്രൊവിക്കാരിയച്ചനും ബ. തോമാച്ചനും ഓ
രൊ പള്ളികളിലും ജനങ്ങളിൽ നിന്നുമായി ഓാ-
ന്നാാ- വ്വാ- ൻാാ- പര വരെ നെല്ലു വീതിച്ചു
പിരിവു തുടങ്ങി. ബ. തോമാച്ചൻ മേൽ വിവരി
ച്ച ഭാവഭേദങ്ങളോട് കൂടിയും ക്രനമ്മാവു സെൻറു പ്പ
മേന കൊവേന്തപള്ളിയുടെ പ്ലാൻ അനുസരിച്ചും വി
സ്തീർണ്ണതയിൽ കുട്ടിയും തയ്യാറാക്കി അങ്ങീകരിക്കപ്പെട്ട
പ്ലാൻപ്രകാരം പണിയും തുടങ്ങി. തറയിൽനിന്നും ഏ
കദേശം ൨- കോൽ പൊക്കം ആയതിന്റെ ശേഷം
ബ. തോമാച്ചൻ കല്പനപ്രകാരം വാഴക്കുളം കമ്മല
കൊവേന്തയിലേക്കു മാറപ്പെട്ടു. അതുമുതൽ പള്ളി
പണി തീരുന്നതു വരെയും ബ. ബസ്റ്റർദീനോസച്ചൻ
അത്യുത്സാഹത്തോടും വളരെ ബുദ്ധിമുട്ടു സഹിച്ചും പ
ണി നടത്തി വന്നിരുന്നു. വലപ്പാട്ടു പള്ളി ഇടവക
ക്കാരൻ തച്ചരാട്ടു ക. നി. മൂ. സ. പത്രോസ് (ദാനക്കാ
രൻ ഇട്ടൂപ്പിന്റെ സഹോദരിയുടെ പുത്രൻ) സഹോ
ദരനും പുത്തമ്പള്ളി ചക്യത്തു ക. നി. മൂ. സ. പൌ

ലോസ് സഹോദരനും പള്ളി പണിക്കു സഹായ അന്വേഷണക്കാരായിരുന്നു. പതിയാരം മുതലായ ചില പള്ളികളിൽ ബ. ബസ്സ്റ്റർദിനോസച്ചനും, പുത്തഞ്ചിറ മുതലായ പള്ളികളിൽ ചക്കരക്കടവുകാരൻ മാഞ്ഞൂരാൻ ക. നി. മു. സ. ബ. റപ്പായേലച്ചനും, അമ്പഴക്കാട്ട ഇടവകയിൽ നിന്നു ടി. സ. പത്രോസും പ്രത്യേക ശ്രമത്തോടു കൂടി നെല്ലും പണവും പിരിച്ചിരുന്നു. ഇയ്യാളുടെ പ്രത്യേക ശ്രമത്തിന്മേൽ ദാനക്കാരന്റെ ഇളയപ്പന്റെ മകൻ ചാക്കപ്പൻ ഇട്ടൂപ്പു ഒരു കപ്പേളയ്ക്കും ദാനക്കാരന്റെ ഇളയ മകൾ കുഞ്ഞേല്യ എന്നവരുടെ പേർക്കു ഒരു കപ്പേളയ്ക്കും നടുവിലത്തെ മകൾ മറിയം എന്നവരുടെ പേർക്കു ഒരു കപ്പേളയ്ക്കും ബ. ബസ്സ്റ്റർദിനോസച്ചന്റെ ശ്രമത്താൽ കൊരട്ടി പറക്കാടത്തു മാത്തു അച്ചൻ ഒരു കപ്പേളയ്ക്കും വേണ്ടി ൩൦൦- പറ നെല്ലുവീതം ഏറ്റു വക തന്നു. ദാനക്കാരന്റെ മൂന്നാമത്തെ മകളും താവാട്ടിൽ പാർക്കുന്നവരും അപ്പനെപ്പോലെ തന്നെ മഹാത്മശീലയും ഔദാര്യമുള്ളവളുമായ കുഞ്ഞേലിയ പള്ളി പണിക്കും മറ്റും വിസ്തീർണ്ണം വഹകൾ തന്നിട്ടുണ്ടു. കുബ്ബാന സ്ഥാപിക്കുന്നതിനുള്ള കുസ്സോടി അവരുടെ ദാനമാണു. അവരുടെ ഭർത്താവു പാനികുളം യൌസേപ്പു മരണംവരെ കൊവേന്തയുടെ എല്ലാ ആവശ്യങ്ങളിലും വിശ്വസ്ത ആലോചനക്കാരനും സഹായിയുമായിരുന്നു. മൂത്ത മകൾ കുഞ്ഞന്നം എന്നവരും പത്തു പറക്കു നിലം ശ്ര. കുബ്ബാനയുടെ വിളക്കു വയ്പിന്നായി വച്ചിട്ടുണ്ടു. ടി. സ. പത്രോസിന്റെ ശ്രമത്താൽ ദാനക്കാരന്റെ അനുജൻ മട്ടുബഹായുടേയും മറ്റും പണികൾക്കായി ആണ്ടിൽ ൫൦൦- പറ നെല്ലു വീതം അകെ ൫൦- വർഷംകൊണ്ടു ൨൫൦൦- പറ നെല്ലു തന്നു.

ടി. യാന്റെ ശ്രമത്താൽ തന്നെ അമ്പഴക്കാട്ട വല്ലിയിൽ ആയിരത്തി ഇരുന്നൂറ്റിചില്ലാനം ഉറുപ്പികയുടെ കുരു കുറി വച്ചു ടി. നെല്ലുകൊണ്ടു ആ കുറി നടത്തുവാനും തളം വക ഉറുപ്പിക ആയിരത്തി ഇരുന്നൂറ്റി ചില്ലാനവും ഒക്കെ പിരിച്ചു തരുവാനും വല്ലി വണിക്കു തസ്യയം ഉപയോഗപ്പെട്ടവാൻ തക്കതിൻ വണ്ണം മരിച്ച കുഞ്ഞുവറിയതിന്റെ മകൾ കുഞ്ഞന്നം എന്നവരെ കൊണ്ടു കുറ്റാട്ട ചെയ്തു നടത്തി. ടി. യാൾ തന്റെ മൂത്ത മകന്റെ വില പിടിച്ച പൊൻകുരിശു വി. ത്രേസ്യാമ്മയുടെ സ്വരൂപത്തിൽ ഇട്ടവാനായി ദാനം ചെയ്തു.

എ. പെ. പെ. ബ. മർസ്സുഹിനോസ് മെത്രാനച്ചൻ ഈശോയുടെ തിരുഹൃദയത്തിന്റെയും അമലോത്ഭവിമാതാവിന്റെയും നൂറിന്മേൽ രൂപ വില പിടിക്കുന്ന രണ്ടു ഏകദേശം ൬-കോൽ ഉയരത്തിൽ മണ്ണുകൊണ്ടുള്ളതുമായ രണ്ടു വിശേഷ രൂപങ്ങൾ പ്രാസയിൽനിന്നും വരുത്തി ദാനമായി തന്നു. ചക്കാലമറ്റത്തു കണിച്ചായി ഇട്ടൂപ്പു തോമൻ തന്റെ ഭാര്യയുടെ അത്യന്ത രോഗശമന സ്മാരകമായി നാം-ൽ ചില്ലാനം രൂപ വിലയുള്ള ശ്ലൂ. കുമ്പാന എഴുന്നെള്ളിക്കുന്ന പ്രഭാകരി വഴിവാടായി വച്ചിട്ടുണ്ടു.

൭. മവ്വൽ- വൃശ്ചികം ൨൫-ാം- വെള്ളിയാഴ്ച ഉച്ചതിരിഞ്ഞു ചക്കാലമറ്റത്തു കണിച്ചായിദാനക്കാരൻ ഇട്ടൂപ്പിന്റെ അനുജൻ കുഞ്ഞുവറിയ്തിന്റെ പ്രേതം നമ്മ. വല്ലിയുടെ മദ്ധ്യത്തിൽ സംസ്കരിക്കപ്പെട്ടു. ജേഷ്ഠൻ വസ്തു ദാനം ചെയ്ത കാലംമുതൽ ടി. കുഞ്ഞുവറിയ്തു മരിക്കുന്നതുവരേയും ഈ കൊവേന്തവസ്തു സംബന്ധമായ സകല കാര്യങ്ങളും ടി. യ്യാന്റെ ആലോചനയിൻപേരി

ലാണ നടത്തിപ്പോന്നതു. ഇപ്പോൾ ഇങ്ങിനെ വളരെ വിശ്വസ്തതയോടും സമർത്ഥത്തോടുംകൂടെ കാര്യങ്ങൾ നടത്തുന്നതിൽ സഹായിച്ചുവരികയിൽ പ്രമേഹദീനം പിടിപെട്ടു. കൊവേന്തയിൽനിന്നു ദിവസംതോറും സഹോദരൻ പത്രോസിനെ വിട്ടു അതിജാഗ്രതയോടെ അയാളുടെ കാര്യങ്ങൾ അന്വേഷിച്ചു സഹായിച്ചിരുന്നു. കടശി മഞ്ഞുമ്മൽ ബ്രദർ നിക്കൊവോസിന്റെ ചികിത്സയിൽ വരാപ്പുഴെ പാറായിക്കാരുടെ ബക്കാവിൽ കുറെനാൾ താമസിച്ചുവരികയിൽ ൧൯൫൫. ബ. മർസ്സലിനോസു മെത്രാനച്ചൻ തന്റെ അതിവാത്സല്യത്താൽ ഈ കൊവേന്തയുടെ ഉപകാരിയായ ദീനക്കാരനെ സന്ദർശിച്ചു അയാളുടെ കട്ടിലിന്നരികെ മുട്ടുകുത്തി ഒരു ത്രീദജപം കഴിച്ചു. അവിടെനിന്നും കുറച്ചാശ്വാസം പ്രാപിച്ചു, സ്വഭവനത്തിലേക്കു പിന്തിരിഞ്ഞശേഷം വൃശ്ചികത്തിൽ ദീനം വീണ്ടും അധികരിച്ചു. ക. നി. മൂ. സ. ബ. പാറപ്പുറത്തു വക്കിയച്ചന്റെയും മാമ്പിള്ളി ക. നി. മൂ. സ. ബ. ഗീവറുഗീസച്ചന്റെയും മാഞ്ഞൂരാൻ ക. നി. മൂ. സ. ബ. റപ്പായേലച്ചന്റെയും ആലോചനയോടും അവരുടെ മുഖേനയും തന്റെ മരണപത്രിക എഴുതി. മരണപത്രിക വിവരമാവിതു; തന്റെ ഇടവകപള്ളിയിൽ റാസ കുർബ്ബാനമുതലായവകൾക്കായി ൨൫–പറക്കു നിലവും; കൊവേന്തയിൽ ആണ്ടിൽ ൭൨ ശനിയാഴ്ചകുർബ്ബാനകൾക്കായി ൨൫–പറക്കു നിലവും, കൊവേന്തക്കു ദാനമായി ൫൫–പറക്കു നിലവും, വള്ളിവണിക്കായി ആണ്ടിനാൽ ൩൦൦ പറ നെല്ലുവീതം ആകെ ൫൦ വർഷംകൊണ്ടു കൊടുത്തു തീർപ്പാനായി ൩൦൦൦–പറ നെല്ലു ദാനമായും, ശേഷം വാഹകങ്ങളുകളും തന്റെ ഏകമകൾ കുഞ്ഞന്നാ എന്നവർക്കു അവകാ

ശമായും നിശ്ചയിച്ചു. ടി. വൃശ്ചികമാസം ൨൦-ാം൹ മരിച്ച ഉടനെ കൊവേന്തയിൽ അശ്രുമസംഘത്തോടുകൂടി അലോചിച്ചു ദാനക്കാരൻ ഇട്ടൂപ്പു മരിച്ചിട്ടു ന. പള്ളിയിൽ അടക്കം ചെയ്വാൻ ഇടവരാഞ്ഞതിനെക്കൊണ്ടും, കുഞ്ഞുവറിയു ടി.യാന്റെ അനുജനും, അനന്തരാവകാശിയുമായിരിക്കുന്നതിനെക്കൊണ്ടും, അയാളും കൊവേന്തക്കു വളരെ ഉപകാരവും ദാനവും ചെയ്തിരിക്കുന്നതിനെക്കൊണ്ടും, അയാളുടെ പ്രേതം എ. പെ. പെ. ബ. മെത്രാനച്ചനവർകളുടെ അനുവാദത്തോടുകൂടി ന. പള്ളിയിൽ അടക്കം ചെയ്യണമെന്നു നിശ്ചയിച്ചു. അതുപ്രകാരം മെത്രാനച്ചനവർകളുടെ അനുവാദവും വാങ്ങി വീട്ടുകാരോടു വിവരം അറിയിക്കയിൽ അവർക്കു വളരെ സന്തോഷമായി. ആ സമയത്തു അമ്പഴക്കാട്ടു പള്ളിയിൽ വികാരി കൊമരകത്തുകാരൻ കുട്ടിയച്ചൻ ബ. ചാക്കോച്ചൻ ആയിരുന്നു. കൊവേന്തപള്ളിയിൽ പ്രേതം അടക്കം ചെയ്വാൻപോകുന്ന സംഗതിയെപ്പറ്റി ചിലർ കുറെ വീരസം കാണിക്കയും, കുഴിക്കാണം പള്ളിക്കു കിട്ടേണ്ടതാണെന്നു പുറമെ പറകയും ചെയ്കയാൽ വീട്ടുകാർ കുഴിക്കാണം പള്ളിക്കു കൊടുക്കാമെന്നും മറുകമ്മാടിയന്തിരങ്ങളൊക്കെയും ഇടവകപള്ളിയിൽ നടത്തുന്നതാണെന്നും സമ്മതിച്ചപ്രകാരം പിറ്റെ ദിവസം ൨൧-ാംന- വെള്ളിയാഴ്ച ഉച്ചതിരിഞ്ഞു അമ്പഴക്കാട്ടു, പുത്തൻചിറ, മാള, പറവൂർ, മുതലായ പള്ളികളിലെ ബ. വികാരിമാരും, വെള്ളിക്കുരിശുകൾ, മുത്തുകുടകൾസമേതം ദർശനക്കാരും മറ്റു പല പള്ളികളിലെ വികാരിമാരും അച്ചന്മാരും കൊവേന്ത അച്ചന്മാരും, വീട്ടിൽക്കുടി ഘോഷമായി പ്രേതം എടുത്തു പ്രദക്ഷിണമായി വേണ്ടിയ കർമ്മങ്ങളോടുകൂടി കൊവേന്തപള്ളി

യിൽ കൊണ്ടുവന്നു വച്ചു, ബ. റപ്പായേൽ അച്ചൻ പ്രസംഗവും പറഞ്ഞു വേണ്ടിയ കർമ്മങ്ങളോടുകൂടി ന. പള്ളിമദ്ധ്യത്തിൽ ശവസംസ്കാരം ചെയ്തു.

൯. ന. സഭാനിയമങ്ങൾ സംബന്ധിച്ചു സന്ന്യാസികളെ കൂട്ടി അവരുടെ അഭിപ്രായങ്ങൾ അറിഞ്ഞു ഒരു നിയമം എഴുതി സന്ന്യാസികളുടെ ഒപ്പോടുകൂടി അയയ്ക്കണമെന്നു റോമായിൽ നിന്നും എ. പെ. പെ. ബ. മർസ്സലിനോസുമെത്രാനച്ചനു വന്ന കല്പനപ്രകാരം ൧൮൩൬ ജനവരിയിൽ ക്രുനമ്മാവുങ്കൽ എല്ലാ കൊവേന്തകളുടെ ശ്രേഷ്ഠന്മാരും ഈരണ്ടു തിരിഞ്ഞെടുക്കപ്പെട്ട അച്ചന്മാരും സംഘമായി കൂടി ആലോചിച്ചു, നിയമങ്ങൾ എഴുതി ഒപ്പിട്ടു മെത്രാനച്ചനവർകളെ ഏല്പിച്ചു. റോമായിൽനിന്നു ക്രമപ്പെടുത്തി അയച്ചതിച്ചു ന-വഷ്ത്തെക്കു പരീക്ഷാർത്ഥം ഉറപ്പിച്ചയച്ച ശട്ടം വന്നതിന്റെ ശേഷം ൧൮൩൮-തുലാമാസത്തിൽ ക്രുനമ്മാവിങ്കൽ കൂടിയ സംഘത്തിൽവച്ചു പുതിയ ശട്ടാനുസരണം എല്ലാ കൊവേന്തകളുടേയും ശ്രേഷ്ഠന്മാർ തിരിഞ്ഞെടുക്കപ്പെട്ടു. (അതിനു മുമ്പു എല്ലാ കൊവേന്തകളുടേയും ശ്രേഷ്ഠന്മാരെ മെത്രാനവർകൾ നിശ്ചയിക്കയാണു പതിവായിരുന്നതു.) ടി. സംഘത്തിൽവച്ചു ഈ കൊവേന്തയുടെ പ്രിയോരായി പുത്തമ്പള്ളിതലയത്തു ക. നി. മു. സ. ബ. ഗീവറുഗീസ് യോഹന്നാൻ ഏവൻഗെലിസ്റ്റച്ചൻ തിരിഞ്ഞെടുക്കപ്പെട്ടു.

൧൦. അല്പേഹം ടി. ധനുവത്തിൽ തന്നെ ഈ കൊവേന്തയിൽ വന്നു ജോലി ഏറ്റു; പള്ളിപണി മുഖ്യാക്കുന്നതിനു മരത്തിനുള്ള പോംവഴി അന്വേഷിച്ചുവരികയിൽ ചാലക്കുടിപ്പുഴയ്ക്കൽ ആറങ്ങാലി എന്ന പുഴവക്കത്തു ഒരു നമ്പൂരിയുടെവകയായി രണ്ടു തമ്പകമരം

നിൽപ്പുള്ളതറിഞ്ഞു, കൊരട്ടിപ്പള്ളിയിൽ പറക്കാടത്തു ബ. മാത്തുഅച്ചൻ വഴിയായി വ൪ഷം തോറും ആനമ്പുരിക്കു കൊടുത്തു ആ മരം വാങ്ങി. മരം വളരെ കയമുള്ള പുഴവക്കത്തു നിൽക്കുന്നതിനെക്കൊണ്ടു അതിനെ വെട്ടിക്കൊണ്ടുവരുന്നതിനു വളരെ പ്രയാസമായിരുന്നതിനാൽ ചക്കാലമഠത്തു കണിച്ചായി കൊച്ചിട്ടൂപ്പിനും പങ്കായി മരംവെട്ടിക്കാൻ തുടങ്ങി. ഭാരിച്ച മരമായതുകൊണ്ടു വലിയ കയത്തിൽ വീണു താണുപോയതിനാൽ പുത്തമ്പള്ളിയിൽനിന്നും ഒരു ഗൊങ്ങണിയെ മരം പൊക്കുന്നതിനുള്ള യന്ത്രത്തോട്ടുകൂടെ വരുത്തി നിഷ്പ്രയാസേന മരം പൊക്കി കരക്കടുപ്പിച്ചു. മേൽപ്രകാരം മരം പൊക്കിയും അടുപ്പിച്ചതുമായ സകല വേലകളും സഹോദരൻ പത്രോസാണു നടത്തിച്ചതു. ഇതിൽനിന്നു കൊവേന്തക്കു കിട്ടിയ മരം കൊണ്ടു പള്ളിയുടെ ജനല, കുഴക്കോലുകൾ വണിയുന്നതിനു ആരംഭിച്ചു.

൧൧. പെ. ബ. യോഹന്നാൻ ഏവൻശെലിസ്യാപ്രിയോരച്ചന്റെ കാലത്തിൽ ഈ കൊവേന്തയ്ക്കു വലുതായിരിക്കുന്ന ഒരു ബിംബിഷ്ടം നേരിട്ടു. എന്തെന്നാൽ: കവുന്നറ ഫിങ്ങുമാസം ൫-ാന്ന് ദാനക്കാരൻ ഇട്ടൂപ്പു ദാനപത്രം എഴുതുന്നതിനു ഏകദേശം വു മാസംമുമ്പു ദാനക്കാരന്റെ പെങ്ങളുടെ മകനായ വലപ്പാട്ടു പള്ളി ഇടവക തച്ചാട്ടു പത്രോസു ക്രുനമ്മാവുകൊവേന്തയിൽ സഹോദരനായിട്ടു ചേ൪ന്നു. ഇട്ടൂപ്പിന്റെ ദാനപ്രമാണം വെള്ളാലയും ദ്രവ്യക്കുപുമില്ലാത്തതും മറും ചില ന്യൂനതകളോട്ടുകൂടിയുള്ളതുമായിരുന്നതും അതു വന്ന കച്ചേരിയിൽ കാണിക്കുന്നതിനു നി൪ബന്ധപ്പെട്ടിരുന്നതുംകൊണ്ടു അവകാശികളെക്കൊണ്ടു ടി. ആധാരം


മാറി എഴുതി രജിസ്റ്റാക്കുന്നതിനു നിബന്ധപ്പെട്ടിരുന്നു. ഈ അവസരത്തിൽ ടി. പത്രോസ് തന്റെ അച്ചനായ ഇട്ടൂപ്പു ദാനവസ്സുവിൽ തന്റെ ചിലവിനുകൂടിയും പറഞ്ഞില്ലിച്ചിട്ടുണ്ടെന്നും അതിനാൽ അവകാശികൾ മാറി എഴുതികൊടുക്കുന്ന രജിസ്റ്റുധാരത്തിൽ അതുകൂടേയും കാണിച്ചു എഴുതിക്കണമെന്നും അവകാശികളോടു മുട്ടിച്ചതിനാൽ, മാറി എഴുതുന്ന ദാനപ്രമാണത്തിൽ മേല്പറഞ്ഞ പ്രകാരവുംകൂടി എഴുതണമെന്നു അവകാശികൾ അപേക്ഷിച്ചു. അതിനു പൊ. ബ. പ്രിയോരച്ചൻ തന്നിക്കു, മുൻആധാരത്തിലെ നിശ്ചയംവിട്ടു യാതൊന്നും എഴുതിപ്പാൻ പാടില്ലെന്നും ഏ. പൊ. പൊ. ബ. മെത്രാനച്ചൻ അവർകളെ ബോധിപ്പിച്ചുണ്ടാകുന്ന കല്പന പ്രകാരം ചെയ്യാമെന്നും മറുപടി പറഞ്ഞു, ആധാരം രജിസ്റ്റാക്കി പോകയും ചെയ്തു. അതിന്റെ ശേഷം പ്രിയോരച്ചൻ "നമ്മുടെ അ. പത്രോസിന്റെ ചിലവുസംബന്ധിച്ച കാര്യം പ്രത്യേകം കൊവേന്തയിൽനിന്നും നടത്തണമെന്ന മരിച്ച ഇട്ടൂപ്പിനു ആഗ്രഹമുണ്ടായിരുന്നുവെന്നു അയാളുടെ മക്കൾ ഇപ്പോൾ ഓർപ്പിക്കുന്നു. ആ കാര്യം സംബന്ധിച്ചു ഏതെല്ലാം പ്രകാരം വേണമെന്നു അറിയിപ്പാറാകണമെന്നു അപേക്ഷിക്കുന്നു. ക്വവ്വന്നു-ചിങ്ങമാസം ൨൦-ാംനു-" എഴുതി ബോധിപ്പിച്ചതിനു മെത്രാനച്ചന്റെ മറുപടി. "നമ്മുടെ അ. പത്രോസ് സന്ന്യാസിയും നമ്മുടെ കൊവേന്തയിൽ ക്രമമായി പറഞ്ഞൊപ്പുചെയ്തു ആളാകയാൽ, വേണ്ടുംവണ്ണം സന്ധിക്കുന്നതാകുന്നു, എന്നുവച്ചു മക്കൾതന്നെ അവനും എല്ലാവർക്കും തുല്യമായിരിക്കണം എന്നതു വിചാരിക്കുന്നതു. എന്നു വരാപ്പുഴെനിന്നും ക്വവ്വന്ന-അഗസ്റ്റർ ൨൫-ാംനു- ഫ്രെ. മർസ്സുറിനോസു എഴുതിസ്സ് കൊടുത്തു."

ഇതിന്റെ ശേഷം പത്രോസ് പലപ്പോഴും കൊവേന്തയുടെ പേരിൽ പ്രതിഫലംബന്ധിച്ചു ഭാരമായ കടങ്ങളെ തീർത്തു മെത്രാനച്ചന്റെ പക്കൽ ഹരജിബോധിപ്പിച്ചിട്ടു കിട്ടിയ മറുപടികൊണ്ടു സമാധാനപ്പെടാതെ, ഈ കൊവേന്തയെ വിട്ടു ക്രുനാമാവിലേക്കു മാറിപോയി. തന്റെ വാദം ബലപ്പെടുത്തി സാധിക്കുന്നതിനു ശ്രമിക്കയാൽ സഭയെ തൃജിക്കുന്നതിനു നിർബന്ധപ്പെടുകയും വരാപ്പുഴെ പെ. ബ. കന്തിലൂസു മി. അ. അവർകളുടെ സംരക്ഷണയിൻകീഴ താമസിച്ചു അതിലേക്കു വേണ്ടുന്ന ശ്രമം ചെയ്കയും ചെയ്തു.

പെ. ബ. ഗീവറുഗീസു യോഹന്നാൻ ഏവൻഗലീസ്താപ്രായേരച്ചന്റെ ഭരണകാലം ഒടുവിൽ ഒരു ഇംഗ്ലീഷ്സ്കൂൾ ആരംഭിച്ചു. പഠിക്കുന്നതിനായി പല ദേശങ്ങളിൽനിന്നും വന്നിരുന്നവർ-ൽപരം കുട്ടികൾ ദാനക്കാരന്റെ താഴത്തെ ശ്രമ്പിയിലാണു പാർത്തിരുന്നതു. അയ്യു അസ്സീരാന്തസ്ക്കൂളിന്റെ ഭാവത്തിലാണു ഏർപ്പെടുത്തിയിരുന്നതു.

൧൮൫. മെയ്മാസകക്കടമാസത്തിൽ വരാപ്പുഴെ കർമ്മീത്താമെത്രാന്മാരുടെ അധികാരത്തിൽനിന്നും സുറിയാനിക്കാരെ വേർപെടുത്തി തൃശ്ശിവപേരൂർ, കോട്ടയം എന്ന രണ്ടു വികാരിയാത്തുമെത്രാന്മാരുടെ അധികാരത്തിൻകീഴ ഏർപ്പെടുത്തുന്ന ൧൮-ാം ലെയോൻ പാപ്പായുടെ തിരുവെഴുത്തുകൾ പ്രസിദ്ധം ചെയ്തു. അതോടുകൂടി പ്രൊഫ്ഗാന്തകോളേജിൽ പഠിപ്പാനായിരുന്ന സുറിയാനിയുവാക്കളെ അയക്കുന്നതിനുള്ള കല്പനയും വന്നു. അതിനുംപുറമെ ന. സഭയെ മെത്രാന്മാരുടെ അധികാരത്തിൽനിന്നും വേർപെടുത്തി ഇന്ത്യായുടെ ദലഗാദിപ്പസ്തോലിക്കയായ അത്യുന്നത അന്ത്രയോസു അ


യുത്തി എന്നദ്ദേഹത്തെ സഭയുടെ പ്രീയോർജ്ജനറാളാ
യി സ്ഥാപിച്ചു. അദ്ദേഹത്തിന്റെ കീഴിൽ സഭയെ
ആക്കിയ തിരുവെഴുത്തുകളും വന്നു എന്നു അത്യന്നത അ
ന്തയോനു് അയൂത്തി ദലഗാദപ്പസ്സോലിക്കാസഭയ്ക്കു അ
റിയിക്കുന്നതായ എഴുത്തിൽ പാറയുന്നതായ്വു:– "തിരുസ്സ
ഭയ്ക്കും ജന്മഭൂമിക്കും വളരെ ഉപകാരം വരുത്തിയിരിക്ക
ന്ന ഈ സന്യാസ കുടുംബം ഭാഗിക്കപ്പെടാതെ ഒന്നായി
രിക്കണമെന്നും മന–ാം ലെയോൻ പാപ്പായുടെ ബോ
ധജ്ഞാനമുള്ള ആലോചനപ്രകാരം സഭയുടെ പ്രീയോർ
ജനാറാളുദ്യോഗം ഇന്ത്യായുടെ അത്യുന്നത ദലഗാദപ്പ
സ്സോലിക്ക വഹിക്കണമെന്നും ഉള്ള തീർമ്മാനം നിങ്ങളോ
ട അറിയിക്കുന്നതു നമുക്കു സന്തോഷകരമായിരിക്കുന്നു.
മവ്വവ്വ മേടം വ൪ാംനു".



നാലാം അദ്ധ്യായം.

മവ്വവ്വ-ൽ വ്വ.

അശ്രമശ്രേഷ്ഠന്മാർ. അ. ഉ. ദലഗാദപ്പസ്സാ
ലിക്കായുടെ സന്ദർശനങ്ങൾം. നവസന്യാസ ഭവനമാ
റവും ടി. പണിയാരംഭവും. ബ. അന്ത്രയോസച്ചന്റെയും,
ബ. യാക്കോവശ്ശമ്മാശ്ശന്റെയും, ബ. തോമാച്ചന്റെയും മര
ണം. പള്ളിപണി പൂർത്തികരണവും പ്രതിഷ്ഠയും.
ദാനക്കാരന്റെ പ്രേതശിഷ്ട സംസ്കാരം.



മ. മവ്വവ്വ-ൽ പൈ. ബ. പ്രീ. ഗീവറുഗീസ് യോ
ഹന്നാൻ ഏവൻഗലിസ്ത്താച്ചന്റെ കാലത്തിൽതന്നെ പ

ള്ളിച്ചുമരു വണിവിക്കവാറും തീന്നിരുന്നു.

ഫ്രവ്വൻ മകരത്തിൽ അതൃന്നത അന്ത്രയോസ് അയൂത്തി ദലഗാദപ്പന്നോലിക്ക തൃശ്ശിവപേരൂർ വികാരിയാത്തിൽവന്നശേഷം ഏൽത്തുരുത്തുകൊവേന്തയിൽ വന്ന അവിടെ വിളിച്ചു കൂട്ടിയിരുന്ന കൊവേന്തശ്രേഷ്ഠന്മാരുടെ സംഘത്തിൽ വച്ചു ക്രൂനമ്മാവുകൊവേന്ത വരാപ്പുഴെ മെത്രാപ്പോലീത്തായ്ക്കു വിട്ടുകൊടുക്കണമെന്നു റോമായിൽ തീർമ്മാനിച്ചിരിക്കുന്നുവെന്നു അറിയിച്ചു, ആയ്തു രഹസ്യമായിരിക്കണമെന്നു കല്പിച്ചു; മകരം പന്ത്രണ്ടാം അട്ടക്കെയുള്ള ന്യൂ-പള്ളികളിൽ നിന്നും കുരിശു, കൊട, കൊടി മുതലായ ദിവ്യസാമാനങ്ങളോടു കൂടെ വളരെ ഘോഷമായി ഇവിടെ എതിരേറ്റു കൈക്കൊണ്ടു. വലിയ ഒരു കുടവായുടെ തുകലും പല്ലുകളും ഇവിടെ നിന്നും കാഴ്ചകൊടുത്തതു വളരെ സന്തോഷപൂർവ്വം സ്വീകരിച്ചു. അരണാട്ടുകരെ ചിറമേൽ ഈനാസിതരകൻ അദ്ദേഹത്തെ വന്നു കാണുകയും വലുതായ രണ്ടു ആലവട്ടം സമ്മാനമായി സമർപ്പിക്കയും ചെയ്തു. ഇവിടത്തെ പള്ളിപണിക്കു വല്ല സഹായം ചെയ്യുന്നതിന്നു കരുതി പണതേടത്തോളം പള്ളിയുടെ വടം എടുത്തിട്ടുണ്ടായിരുന്നതിനാൽ അഞ്ചൊട്ട പ്രതി വാങ്ങി യൂറോപ്പിന്നു എഴുത്തോട്ടു കൂടി അയച്ചു ഏകദേശം ഉറുപ്പിക വാങ്ങിതന്നു. വരാപ്പുഴെ കൊണ്ടുപോകാനായി മിസ്സൊനാരിമാരായ പെ. ബ. കമ്മീല്ലൂസ്, കാന്തിലൂസ് പാതിരയച്ചന്മാർ വന്നിരുന്നു. ദലഗാദപ്പന്നോലിക്ക പോയപ്പോൾ ഇവിടെ നിന്നും പെ. ബ. ബ്രിയോർ ഗീവറുഗീസ് യോഹന്നാൻ ഏവൻഗലീസ്തൂച്ചനും ക. നി. മൂ. സ. ബ. ഗീവറുഗീസച്ചനും ക. നി. മൂ. സ. ബ. റപ്പായേലച്ചനും കൂടെ പോയിരുന്നു. വരാപ്പുഴെ നിന്നും

മഞ്ഞുമ്മൽ പോയി, അവിടെ വച്ചു ക്രനന്മാവു നമ്പ്. കൊവേന്തയിലെ വിസീത്ത നടത്തിയ ശേഷം മാന്നാനത്തു കൊവേന്തയിൽ പോയി അവിടെ നമ്പ. സഭയുടെ അസാധാരണ സംഘം കൂടി. ആ സംഘത്തിൽ കൊവേന്ത ശ്രേഷ്ഠന്മാരും അവരുടെ ആലോചനക്കാർ ഇവരണ്ടുപേരും കൂടണമെന്നു കല്പിച്ചിരുന്നു. വിശേഷിച്ചും ഏ. പെ. പെ. ബ. മർസ്സലിനോസ് മെത്രാനച്ചനവർകളും പെ. ബ. മി. അ. പീലിപ്പോസു പാതിരിയച്ചനും മാന്നാനത്തു വരണമെന്നു ആജ്ഞാപിച്ചിട്ടണ്ടായിരുന്നു. അതുപ്രകാരം മേലെഴുതിയ ആളുകൾ എല്ലാവരും മാന്നാനത്തു യോഗം കൂടി. അവിടെ വച്ചു ക്രനന്മാവു കൊവേന്തയും പള്ളിയും വരാപ്പുഴെ മെത്രാപ്പോലീത്തായുടെ 1000- ഉറുപ്പിക പ്രതിഫലം വാറി ഒഴിഞ്ഞു കൊടുക്കണമെന്നുള്ള റോമാപുരിയിലെ തീർപ്പാനം ദലഗാദപ്പോസ്തോലിക്കായുടെ ഒരു ദക്രെത്തുമൂലം പ്രസിദ്ധപ്പെടുത്തി. ഇക്കാര്യങ്ങൾ നടത്തുന്നതിന്നായി ക്രനന്മാവു കൊവേന്തയുടെ പ്രിയോരായ കം. നി. മൂ. സ. പെ. ബ. യൌസേപ്പു യോഹന്നാനച്ചനേയും പ്രൊക്തോരായ ബ. യൌസേപ്പു ആഹൂസീനോസച്ചനേയും ചെത്തിപ്പുഴെ കൊവേന്തയുടെ വികാരിയായ ബ. ഗീവറുഗീസ് യോഹന്നാൻ മാംദാനച്ചനേയും, വരാപ്പുഴെ ഭാഗത്തിലേക്കു പെ. ബ. മി. അ. പീലിപ്പോസ് പാതിരിയച്ചനേയും നിശ്ചയിച്ചു. മേൽ ദക്രെത്തിൽ ക്രനന്മാവുങ്കലുള്ള സ്വത്തുക്കളും അവിടെയുള്ള സന്യാസികളും അവരുടെ പ്രിയോരായ പെ. ബ. യൌസേപ്പു യോഹന്നാനച്ചനോട്ട കൂടി അമ്പഴക്കാട്ട കൊവേന്തയിലേക്കു മാറ്റപ്പെട്ടുകയാണു ചെയ്തതു. അമ്പഴക്കാട്ട കൊവേന്തയുടെ പ്രിയോർ പെ. ബ. ഗീവറുഗീസ് ആ

വൻഗലിസ്റ്റാച്ചൻ പുളിങ്കുന്ന കൊവേന്തയുടെ പ്രീയോരായും അമ്പഴക്കാട്ട കൊവേന്തയുടെ നിവാസികളിൽ പലരും മറ്റു ഓരോ കൊവേന്തകളിലായും മാറ്റപ്പെട്ടു.

കവ്വവൻ മീനമാസം ൯-ാംന് ക്രനന്മാരുങ്കൽ നിന്നും അച്ചന്മാരും, നവസന്ന്യാസികളും, സഹോദരന്മാരും സാമഗ്രഹങ്ങളോട് കൂടി പുറപ്പെട്ടു. സാമാനങ്ങൾ കൊണ്ടുപോരുന്ന അവസരത്തിൽ ലത്തീൻകാരുടെ പ്രേരണയിന്മേൽ ക്രനന്മാവുകാരു പലതരമായ ലഹളകളും ഉപദ്രവങ്ങളും നടത്തിയതിനാൽ സാമാനം എടുപ്പിക്കുന്നതിന്ന് ആൾസ്വാധീനം ഇല്ലാതെ വന്നതു നിമിത്തം പുത്തമ്പള്ളി തളിയത്തു ക. നി. മു. സ. ബ. ബസ്സെല്ലൊസച്ചനേയും കായ്സുന്മാർ സഹായത്തിന്നായി ഏർപ്പെട്ടുത്തി അദ്ദേഹം തന്റെ വീട്ടുകാരുടെ സഹായത്താൽ പൈശ്ശാലികളായ നാറു ചെട്ടികളെ വരുത്തി അവർമൂലം സാമാനങ്ങൾ നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിൽ കൊണ്ടുപോകുവാൻ സാധിച്ചു.

വന്ന സന്ന്യാസികൾ അധികം പേരുണ്ടായിരുന്നതിനെക്കൊണ്ടും മറ്റും ഇവിടെ പാർപ്പിന്ന വളരെ അസൌകര്യവും വിമ്മിഷ്ടവുമായിരുന്നു. കൊവേന്തയുടെ വടക്കെവശം ക്ഷേണശാല തൽക്കാലത്തേക്കു വന്നുകൊണ്ടു മറച്ചുണ്ടാക്കി പലകാലം ഇവിടത്തെ വാസം അസൌകര്യമായി കഴിക്കേണ്ടിവന്നു.

കവ്വവൻ - ഇടവമാസത്തിൽ മാന്നാനം കൊവേന്തയിൽ പൊതുസംഘം ഉണ്ടായി. സഭയുടെ ജനറാൽ ആയിരുന്ന ഭലഗാദപ്പസ്സോലിക്കു തനിക്കുപകരം ഈ സംഘത്തിൽ അദ്ധ്യക്ഷം വഹിക്കുന്നതിന്ന് കോട്ടയം വി. അ. ആയ എ. പെ. പെ. ബ. ലവീഞ്ഞു മെത്രാനച്ചനെ നിശ്ചയിച്ചു. ആ സംഘത്തിൽവച്ചു ഈ കൊ

വേന്തയുടെ പ്രിയോരായി വളിങ്ങന്നിൽ തോപ്പിൽ കാ. നി. മാ. സ. ബ. യൌസേപ്പു ആഹ്വസ്നീനോസച്ചൻ (ചാണ്ടിപ്പിള്ളച്ചൻ) തിരിഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ കാലത്തു ക്രൂനന്മാവിന്റെ പ്രതിഫലമായി കിട്ടിയിരുന്ന ൨൦൦൦-ഉറുപ്പികകൊണ്ടും മറ്റും നവസന്യാസികൾക്കു സൌകര്യമായി പാഠ്യാൻ തക്കതിൻവണ്ണം ഒരു കെട്ടിടം പണിയുന്നതിന്നു ദലഗാദപ്പസ്സോലിക്ക അവർകൾ കല്പിച്ചിരുന്നു. എന്നാൽ അതിൽ ചില വിരോധങ്ങൾ ഉണ്ടായിരുന്നതുകൊണ്ടു തൽക്കാലം കാര്യംനടന്നില്ലെന്നു ദലഗാദപ്പസ്സോലിക്കായ്ക്കു അറിവുകിട്ടി പണി വേഗം നടത്താനായി വീണ്ടും കല്പന അയച്ചു.

൨൰ മീനമാസത്തിൽ തൃശ്ശിവപേരൂർ വി. അ. എ. പെ. പെ. ബ. മെഡലിക്കോട്ട മെത്രാനച്ചനവർകൾ സമീപെയുള്ള പള്ളികളിൽ വിസീത്തായ്ക്കായി വന്നസമയം ഇവിടെ ഇഷ്പ്രധമമായി വളരെ ആഘോഷപൂർവ്വം അദ്ദേഹത്തെ എതിരേറ്റു കൈക്കൊണ്ടു.

നമ്മുടെ സഭയിൽ വൈദീകവിദ്യാഭ്യാസം ശരിയായി നടത്തുന്നതിലേക്കു കോട്ടയം വി. അ. എ. പെ. പെ. ബ. ലവീഞ്ഞുമെത്രാനച്ചൻ അ. ഉ. ദലഗാദപ്പസ്സോലിക്കായെ ബോധിപ്പിച്ചു റോമായിൽനിന്നു അതിന്നു വേണ്ടുന്ന അനുമതികൾ വാങ്ങി തൽക്കാലം ഇവിടെ ഉണ്ടായിരുന്ന ശമ്മാശ്ശന്മാരിൽ ൩-പേരെ തിരിഞ്ഞെടുത്തു മംഗലപുരത്തു ഈശോസഭക്കാരുടെ സെമ്മിനാരിക്കു സമീപെ ഒരു ഭവനത്തിൽ താമസിച്ചു പഠിക്കുന്നതിന്നു വേണ്ടുന്ന ഏർപ്പാടുകൾ ചെയ്തു. ഇവരുടെ ശ്രേയസ്സിനായി കാ. നി. മാ. സ. ബ. പ്രദരിക്കോസച്ചനും, ആത്മപിതാവായി കാ. നി. മാ. സ. ബ. കാർലോസച്ചനും ഒന്നിച്ചു ൧൮൨൨- ഇടവമാസാരംഭത്തോ

ടെ കൊച്ചിയിൽനിന്നു കപ്പൽകയറി മംഗലപുരത്തു ചെന്നു ചേർന്നു.

ടി. കക്കടകത്തിൽ ചങ്ങനാശ്ശേരി വി. അ. ആ യ എ. പെ. പെ. ബ. ലവീഞ്ഞുമെത്രാനച്ചനവർകൾ ഊട്ടുകമെണ്ടിലും മറ്റും ആശ്വാസത്തിന്നായി പോയി മടങ്ങിവരുംവഴി സിക്കൂരി പെ. ബ. മീ. അ. റിക്കാർഡുപാതിരിയച്ചനൊരുമിച്ചു ഇവിടെ കയറി രണ്ടു ദിവസം താമസിച്ചു.

കവുൻസിൽ ഓഫ് കന്നി — ആറാണ്ടത്തെ പരീക്ഷാർത്ഥം ഉറപ്പിച്ചയച്ചിരുന്ന റെഹ്ലൂശട്ടങ്ങളുടെ അവ്യധി അവസാനിക്കാറായിരുന്നതുകൊണ്ടു സഭയ്ക്കു യുക്തമായി തോന്നിയവകൾ ഭേദപ്പെടുത്തി കുറിച്ചയക്കുന്നതിന്നു പ്രൊപ്പഗന്തസംഘ്യാതിപനായ അ. ഉ. സിമയോനി കർദ്ദിനാൾ അറിയിച്ചിരുന്നപ്രകാരം, അ. ഉ. മലഗാദപ്പസ്തോലിക്ക, സഭയിൽ മൂറാവും പൂർവ്വന്മാരായ ക. നി. മൂ. സ. ബ. അപ്രേം മറിയം, അലക്സ്സാന്ത്രയൊസേപ്പു, കുറിയാക്കോസ് ബ്രൊക്കാർദ്, ശീവരുഗീസ് യോഹന്നാൻമാംമാനാ എന്ന നാലു അച്ചന്മാരെ നിശ്ചയിച്ചു. അവർ പല മാസങ്ങളായി ആലോചിച്ചു ചെയ്ത ഭേദഗതികളെഴുതി, അ. ഉ. മലഗാദപ്പസ്തോലിക്കായ്ക്കു അയച്ചു. അദ്ദേഹം തന്നെ മലഗാദായി നിശ്ചയിച്ചിരുന്ന ക. നി. മൂ. സ. ബ. യൊസേപ്പു യോഹന്നാനച്ചനു ആ കുറിപ്പുകളെല്ലാം അയച്ചുകൊടുത്തു. പെ. ബ. മലഗാദ് യൊസേപ്പു യോഹന്നാനച്ചൻ കല്പനപ്രകാരം ഈ കൊവേന്തയിൽ എല്ലാ കൊവേന്തകളുടേയും ശ്രേഷ്ഠന്മാരേയും ക്ലർക്കാരേയും വിളിച്ചുകൂട്ടി കന്നി ഒന്നുവഴയകപ്പേളയുടെ ഹയിക്കലായിൽ സംഘം ആരംഭിച്ചു. മേലെഴുതിയ രു അച്ചന്മാരുടെ കുറിപ്പുകൾ വരി

ശോധിച്ചു നിക്കേണ്ടവകൾ നീക്കയും, ആവശ്യമെന്നു അഭിപ്രായപ്പെട്ടവകൾ ചെയ്തും കമ്മലീത്താസഭയ്ക്കു സ്വന്തമായ കവില രോമവസ്ത്രവും, ഈ സഭാസ്ഥാപനം മാതാവിന്റെ അമലോത്ഭവ പ്രസാവനാവസര മായിരുന്നതിനാൽ, അതിന്റെ സ്മരണക്കായി നീലക്കച്ചയും വേണമെന്നും, സഭയിൽനിന്നതന്നെ പൊതുശ്രേഷ്ഠനും പൊതുശ്രേഷ്ഠ സംഘവും ഉണ്ടാകണമെന്നും, നിശ്ചയിച്ചതിനും പുറമെ വേറെ ചില മാറ്റങ്ങളും ചെയ്തു, എഴുതിയുണ്ടാക്കി, വായിച്ചുകേട്ട എല്ലാവരുടേയും പൂർണ്ണ സമ്മതത്തോടെ ഒപ്പിട്ട അ. ഉ. ഭലഗാദപ്പസ്സോലിക്കായുടെ പക്കൽ അയക്കയും അദ്ദേഹം അവയെല്ലാം പരിശോധനാർത്ഥം തിരുസിംഹാസനത്തിലേക്കു സമർപ്പിക്കയുംചെയ്തു. റോമ്ലയും ശട്ടങ്ങളും ശാശ്വതമായി ഉറപ്പിച്ചു കിട്ടുന്നതിനു കൊവേന്തകളൊക്കെയില്ലാം ദീർഘകാലത്തെ അപേക്ഷകൾ നടത്തിയിരുന്നു.

൧൮. ഫ്രവുൻറാ – തുലാമാസത്തിൽ അ. ഉ. ഭലഗാദപ്പസ്സോലിക്കാ ഇവിടങ്ങളിൽ വരുമെന്നു അറിവു കിട്ടിയതിനാൽ പെ. ബ. പ്രീ. യൊസേപ്പു അഗുസ്തീനോസച്ചനും ബ. ഗീവറുഗീസു യൊസേപ്പച്ചനും, ഏൽത്തുരുത്തു കൊവേന്തയിൽനിന്നു ഏതാനും അച്ചന്മാരും തൃശ്ശിവപേരൂർ വികാരിയാത്തിലെ പെ. ബ. വികാരിജനറാളച്ചനും മറ്റു പല അച്ചന്മാരും കൊക്കാലിൽ ഹാജരായിരുന്നു. ൽ–മണിയോടെ അ. ഉ. ഭലഗാദപ്പസ്സോലിക്കാ കൊക്കാലിൽ എത്തി ഏൽത്തുരുത്തു കൊവേന്തയിൽ വന്നു. അവിടെനിന്നും ൧൭–ാംനു ഉച്ചതിരിഞ്ഞു ൫–മണിയോടെ മാള കടവാരത്തു എത്തി. മാളപള്ളിയിൽ കയറി അല്പം വിശ്രമിച്ചു, ൭–മണിയോടെ അമ്പഴക്കാട്ടു, കൊരട്ടി, പുത്തഞ്ചിറ, പൂവ്വ

ത്തുശ്ശേരി, മാളമുതലായ പള്ളികളിലെ ദർശനം, കുരിശു, കുട, കൊടി മുതലായ അലോഷ്ഠിവനങ്ങളോടുകൂടി അദ്ദേഹത്തെ എതിരേറ്റു ഇവിടെ കൈക്കൊണ്ടു, പ്രദിവസത്തോളം താമസിച്ചു. അദ്ദേഹത്തോടുകൂടി അദ്ദേഹത്തിന്റെ സിക്രട്ടറി മൊൻസിഞ്ഞോർ മൊന്തത്തീനിയും കോയമ്പത്തൂർ മിസ്സൊനാരി പെ. ബ. വിയൊള പാതിരിയച്ചനും ഉണ്ടായിരുന്നു. ക്രമന്മാവിലെ പ്രതിഫലമായ ൨൦൦൦ ക. കൊണ്ടു നവസന്ന്യാസഗൃഹം പണിയണമെന്നുള്ള കല്പനയനുസരിച്ചു കൊവേന്തയുടെ പടിഞ്ഞാറെവശം നേർക്കു ൪൫ കോൽ നീളത്തിൽ ഒരു കെട്ടിടം പണിതുടങ്ങി തറപ്പൊക്കത്തോളമാക്കിയിരുന്നു. രാ. ശ്രീ. അരണാട്ടുകരെ ചിമമേൽ ഇന്നാശു തരകനും രാ. ശ്രീ. പാറായി വക്കച്ചനും ഇവിടെ വന്നു അ. ഉ. ഭഗവാദിനെ സന്ദർശിക്കയുണ്ടായി.

ഇവിടെ മുൻ സ്ഥാപിച്ചിരുന്ന വിദ്യാഭ്യാസസ്ഥത്തിൽനിന്നു രണ്ടുപേർ സഭയിൽ ചേരുന്നതിനു അ. ഉ. ഭഗവാദപ്പസ്സോലിക്കായുടെ അനുവാദം ലഭിച്ചു. കറുകുറ്റി പൈനാടത്തു ക. നി. മു. സ. ബ. എലിശേവച്ചനും, അങ്കമാലി ചെന്നക്കാട്ടിൽ ബ. ജരാർദ്ദച്ചനും പ്രസ്തുത അനുവാദപ്രകാരം സഭയിൽ ചേർന്നവരാണു.

ടി. തുലാമാസത്തിൽ വി. തേരേസ്യാമ്മയുടെ തിരുനാളിനു മുമ്പുള്ള പാട്ടുപൂജകളിൽ ഒന്നു അ. ഉ. ഭഗവാദിന്റെ സിക്രട്ടരി മൊൻസിഞ്ഞോർ മൊന്തത്തീനി ആണ പാടിയതു. വരാപ്പുഴെ എ. പെ. പെ. ബ. മർസ്സലിനോസുമെത്രാനച്ചനും പെ. ബ. മി. അ. ബ ണ്ണാർദ് പാതിരിയച്ചനും ൧൨-൦൦നു ഇവിടെ വന്നു, പിറെറദിവസം അ. ഉ. ഭഗവാദപ്പസ്സോലിക്കു, അവ

രൊന്നിച്ചു വരുപ്പുഴയ്ക്കു യാത്ര തിരിച്ചു.

ഫ്വൻ.ഫ_ൽ ബ. ചിപ്രിയാനോസച്ചനും ബ. ശെമോൻസ്ലൂക്കച്ചനും ഇവിടെ വച്ചു ആലോഷ്യസമേതം നവാപ്രജ അർപ്പിച്ചു.

ര. ടി. ഇടവഞ്ഞിൽ അ. ഉ. അയ്യത്തി ഒലഗാദപ്പ സ്ലോലിക്കു റോമായിലേക്കു വിളിക്കപ്പെട്ട പോകുന്ന അവസരത്തിൽ സഭയുടെ ഋണത്തിന്നും റൊള്ളറുട്ടങ്ങ ളുറപ്പിച്ചു കിട്ടുന്നതിന്നും വേണ്ട ശ്രമം ചെയ്യുമെന്നു അറിയിച്ചിരുന്നു.

ടി. മാസം ൨൫-ാംനു വരുപ്പുഴത്തെ സഹായമെത്രാനായ എ. പെ. പെ. ബ. മർസ്സിലിനോസ് മെത്രാനച്ചനവർകൾ അപേക്ഷപ്രകാരം ഇവിടെ വന്നു ൨൬-ാംനു അത്യുന്നത ഒലഗാദ ജനറാളച്ചന്റെ അനുവാദപ്രകാരം ഇരുമിസ്സങ്ങളിലും പെട്ടവരായ നവസന്യാസികൾക്കു പട്ടവും സഭാവസ്ത്രവും കൊടുത്തു; ൨൭-ാംനു കുമ്പാനയുടെ പ്രദക്ഷണം കഴിക്കയും പ്രസംഗം പറകയും ൨൮-ാമവസം ഇവിടെ ആശ്വസിച്ചു മടങ്ങുകയും ചെയ്തു.

൭. ഫ്വൻ.ഫ ചിങ്ങം ൨൩-ാംനു കണ്ടശ്ശാംകടവുപള്ളി ഇടവകക്കാരൻ കൊള്ളന്നൂർ കുടുംബത്തിൽ ജനിച്ച ക. നി. മൂ. സ. ബ. അന്ത്രയോസച്ചൻ കാലത്തുൽ മണിക്കു ഇവിടെവച്ചു മരിച്ചു. ഇദ്ദേഹം ഫ്വവ്വെകുംഭം ൨൫-ാംനു ഏൽത്തുരുത്തു സെമ്മിനാരിയിൽ ചേർന്നു പഠിച്ചു അയത്തപട്ടമേററശേഷം, ക്രമണാവു കൊവേന്തയിൽ ചേർന്നു നവസന്യാസത്വം സ്വീകരിച്ചു, ഫ്വവ്വുന-ധനു ൨൬-ാംനു ശ്രുപട്ടം ഏൽക്കയും ഫ്വവ്വുന-മകരം ൨൫-ാംനു സന്യാസവ്രതങ്ങൾ അനുഷ്ഠിക്കയും ചെയ്തു. ഇദ്ദേഹത്തിന്റെ സ്വഭാവഗു

നെങ്കൽ നിമിത്തം ശ്രേഷ്ഠന്മാരുടേയും മറ്റെല്ലാവരുടേയും മഹാ തൃപ്തിക്കു പാത്രീഭവിച്ച ഒരാളായിരുന്നു. ക്രിസ്തുമാവു കൊവേന്തയിലെ നവസന്ന്യാസികൾ അമ്പഴക്കാട്ടിനു മാറ്റപ്പെടുകയിൽ നവസന്ന്യാസ ഗുരുവായി ദിലഗാദ് ജനറാളച്ചനാൽ നിയമിക്കപ്പെട്ടു, വളരെ വിവേകത്തോട്ടുകൂടെ ആ ജോലി നിർവ്വഹിച്ചു. ഫ്രവൻഷ്യൻ–വൃദ്ധികം ഓംനെ– വെട്ടെന്നു ശക്തിൽ നീരുവീഴുകയും ബോധക്ഷയം ഉണ്ടാകയും അതോടുകൂടെ ദിനം മേൽക്കുമേൽ വർദ്ധിക്കയും ചെയ്കയാൽ വളരെ ചികിത്സകൾ ചെയ്തിട്ടും രോഗത്തിനു ശമനം കാണാതെ ഏറെനാൾ കഴിഞ്ഞു ഗെന്തർ ദാനിയെൽ സായ്പിന്റെ ചികിത്സക്കായി ബ. റപ്പായേലച്ചനും അന്തോനീസ് സഹോദരനും ഒന്നിച്ചു പോയി കുറെ ദിവസം തേവരെ നം. ബങ്കളാവിലും പിന്നെ ഒരു മാസം ഏറെനാൾ കഴിഞ്ഞു വള്ളിയൂർ യിലും പാർത്തു ചികിത്സ നടത്തിയിരുന്നു. ചിലപ്പോൾ രണ്ടുമണിക്കൂർ നേരം വിടാതെ ചുമച്ചിരുന്നു. ഗെന്തർ സായ്പ് വളരെ താല്പര്യമായി ചികിത്സിക്കയും സ്വന്ത ചിലവിന്മേൽ വളരെ മരുന്നുകൾ തരുകയും ചെയ്തതു കൂടാതെ ഓ– ഉരുപ്പിക സൌജന്യമായിതന്നു. ദീനത്തിനു ആശ്വാസമില്ലെന്നു കണ്ടു, അമ്പഴക്കാട്ടേയ്ക്കു വീണ്ടും മടങ്ങി. വൈദ്യന്മാരുടെ അഭിപ്രായം അദ്ദേഹത്തിന്റെ ചതിരു വഴുത്തുപോയി എന്നായിരുന്നു. മരിക്കുന്നതിനു ഒരു മാസം മുമ്പു കക്ഷത്തിനു താഴെ വള്ളയിൽ ഒരു അടയ്ക്കാ മുഴുപ്പിൽ കുരുപോലെ തൊലി അസ്ഥിയിൽ നിന്നു വിട്ടു എഴുന്നു, ശ്വാസോശ്വാസം ചെയ്യുമ്പോൾ പുറത്തോട്ടു ഉന്തുകയും അകത്തോട്ടു വലിക്കയും മൂന്നു നാലു ദിവസം കഴിഞ്ഞപ്പോൾ അയതു പൊട്ടി വളരെ ചലവും മാംസനുറുക്കുകളും പുറത്തു

ചോകയും ചെയ്തു. ഈ അഘോരദിനം മഹാ ക്ഷമയോടെ സഹിച്ചു സകലർക്കും ഉത്തമമാതൃകാന്തം കാണിച്ചു കടശി അന്ത്യപ്രക്രിയകൾ തക്തിപൂർവ്വം കൈക്കൊണ്ടു ഇഹലോകം വിരിഞ്ഞു. ക്രമപ്രകാരമുള്ള ശേഷക്രിയകൾ നടത്തി പുതിയ പള്ളിയിൽ മദ്ബഹായുടെ അഴീക്ക താഴെ മദ്ധ്യേ പ്രേതം സംസ്കരിച്ചു.

ക്വൻ- വൃശ്ചികം ക-ാംതീ- അഡ്മീർ കോവിലകത്തുകൾ കൊച്ചി മഹാരാജാവു എഴുന്നെള്ളുകയിൽ മുൻകൂട്ടി ഇവിടെനിന്നും ബോധിപ്പിച്ച പ്രകാരം ൪-അച്ചന്മാരും ക൪- നവസന്ന്യാസികളും ര- സഹോദരന്മാരും തിരുമുമ്പാകെ ഹാജരായി ഒരു മംഗളപത്രം സമർപ്പിക്കയും അതിന്നു തിരുമനസ്സുകൊണ്ടു മറുപടി സ്വന്ത കൈപ്പടയായി എഴുതി വായിച്ചു തരികയും ചെയ്തു.

ക്വൻവ- കുംഭം ക-ാംതീ- കൈനകരി പള്ളി ഇടവകക്കാരൻ വലിയാറ കു. നി. മൂ. സ. ന്ന-ാം പള്ളക്കാരൻ യാക്കോ ശെമ്മാശ്ശൻ ദേഹവിയോഗംചെയ്തു. അദ്ദേഹത്തിന്നു മരണഹേതുകമായ ദിനം ഉള്ളിൽ ഒരു വ്യാധിയായിരുന്നു. വലകാലം മുമ്പായി ഉള്ളിൽ വളരെ വേദന അനുഭവിക്കുന്നതായി കണ്ടിരുന്നെങ്കിലും, പുറമെ ഒന്നും കാണായ്കയാൽ അപകടസ്ഥിതി ആർക്കും മനസ്സിലായില്ല. മരിക്കുന്നതിന്നു തലെ രാത്രി വേദന പെട്ടെന്നു അധികരിച്ചിരുന്നതു കണ്ടു അപേക്ഷപ്രകാരം കുമ്പസാരം മുതലായ ക്രിയാശകളും പിറ്റെദിവസം ഒപ്പുർബ്ബാനയും യഥാവിധി കൈക്കൊണ്ടു ഇഹലോകം വിരിഞ്ഞു. പിറ്റെ ദിവസം കാലത്തു ൯-൨ണിയോടെ ശവസംസ്കാരകർമ്മം നടത്തി പുതിയ പള്ളിയിൽ പടിഞ്ഞാറെ ഭാഗത്തു നടുവിലെ കല്ലറയുടെ മുമ്പാകെ സംസ്കരിക്കപ്പെട്ടു.

ഇയ്യാൾ കവുവൂ- മീനം ൧൯-ാംനു- ക്രമനമ്പാവു അശ്രമത്തിൽ വച്ചു സഭാവസ്ത്രം ധരിക്കയും നവസന്യാസകാലം ജ്ഞാനതീണ്ണയോടെ പുണ്യഭ്യാസങ്ങളിൽ വിനിയോഗിക്കയും ചെയ്തു. കവുവൻ-ൽ ക്രമനമ്പാവുകൾ നിന്നും ഇവിടെ വന്നു ൫൦- മീനത്തിൽ ൪-ാം പട്ടവും ഏറെ താമസിയാതെ തന്നെ ന്യ-ാം പട്ടവും ഏറ്റു. ഇദ്ദേഹത്തിന്റെ ക്രമാനുഷ്ഠാനവും, തനിക്കു ജാത്യാലുണ്ടായിരുന്ന പരമാർത്ഥവും നിമിത്തം ഏവരുടേയും തൃപ്തികരപാത്രീഭവിച്ചു. ദൈവശുശ്രൂഷയ്ക്കും ആത്മരക്ഷയ്ക്കുംവേണ്ടി എന്തു അദ്ധ്വാനവും സഹിപ്പാൻ അസാമാന്യ ശ്രദ്ധാന്തി പ്രദർശിപ്പിച്ചിരുന്നു. അ. ഉ. ദലഗാളപ്പസ്സോലിക്കരോമാസ്സുപോകുന്നതിനു മുമ്പു തന്നെ സഭയുടെ ഭരണത്തിനു തന്റെ ദലഗാളായി ക. നി. മൂ. സ. പെ. ബ. യെന്നുസപ്പു യോഹന്നാനച്ചനെ പ്രത്യേകാനുമതിയോടെ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. എന്നാൽ എ. പെ. പെ. ബ. മർസ്സലിനോസുമെത്രാനച്ചനെയൊ ക. സ. പെ. ബ. മി. അ. ലെനയാപ്പോൾദ്, പെ. ബ. റിക്കോർ, പെ. ബ. അന്ത്രോസീസ് എന്നീ പാതിരിയച്ചന്മാരിൽ ഒരാളേയൊ പ്രിയോർജനറാളായി നിയമിച്ചു തരുന്നതിനു സഭയിൽനിന്നു അപേക്ഷിച്ചിരുന്നതിനെ തിരുസിംഹാസനം സദയം സ്വീകരിച്ചു എ. പെ. പെ. ബ. മർസ്സലിനോസു മെത്രാനച്ചനവർകളെ സഭയുടെ പ്രിയോർ ജനറാളായി നിശ്ചയിച്ചു കല്പനകൾ അയച്ചു. കല്പന വന്നിട്ടു താമസിയാതെ പെട്ടെന്നു ഒരു ദിവസത്തെ ദീനത്താൽ അദ്ദേഹം ഇഹലോകം വിരിഞ്ഞു. അദ്ദേഹത്തെ കുറിച്ചു സുറിയാനി പള്ളികളിലും പ്രത്യേകം കൊവേന്തകളിലും നന്ദിസ്മാരകമായി അനേകം ശ്രേഷ്ഠക്രിയകൾ നടത്തി. താമസമെന്യെ ഇന്ത്യായുടെ

ളഗാദപ്പസ്സോലിക്കയായി നിയമിക്കപ്പെട്ട അത്യന്നത
മിഖായേൽ സലെസ്സ്യി അവർകൾ സഭയുടെ പ്രിയോർ
ജനറാളും ആയിരുന്നു. ക്വൻ൨– ധനു ൨൯–ാം നു
ബ. ക്ലെമെൻസച്ചൻ അരോഗ്യസമേതം ഇവിടെ വച്ചു
നവപൂജ അർപ്പിച്ചു.

ക്വൻന്നു– കുംഭം ക്വ–ാംനു ശനിയാഴ്ച കാലത്തു
൫ൽ– മണിക്കു ചക്കരക്കടവു വള്ളി ഇടവക മൂത്തേലി
ക. നി. മൂ. സ. ബ. തോമച്ചൻ മരിച്ചു. ഇദ്ദേഹം
ക്വന്നു൯– വൃശ്ചികം ക്വ–ാംനു ക്ലേനമാവു കൊവേന്ത
യിൽ ചേൻ, നവസന്ന്യാസത്രവും വൈദികപഠനവും
പൂർത്തിയാക്കി ക്വവെ–ൽ ഗ്രഡുപ്പട്ടമേറ്റ വല പള്ളിക
ളിലും ധ്യാനത്തിനു പോയിരുന്നു. ഇദ്ദേഹം സന്ന്യാസ
ക്രമാനുഷ്ഠാനത്തിൽ വളരെ സൂക്ഷവും കൃതനിഷ്ഠയു
ള്ളവനായിരുന്നു. പ്രമേഹരോഗം പിടിപെട്ടു ൨–വർഷ
ത്തോളംകിടപ്പായി. ഉള്ളങ്കയ്യിലും മറ്റും വീണ്ടും വീണ്ടും
കുരുക്കൾ വന്നു കീറേണ്ടിവന്നു. ദീനവേദനകൾ വള
രെ ക്ഷമയോടെ സഹിച്ചു മരണത്തിനൊരുങ്ങിയിരിക്കു
യിൽ ഇടയ്ക്കിടയ്ക്കുണ്ടായിരുന്ന വകച്ചുനിമിത്തം മരണം
നന്നാ സമീപിച്ചിരിക്കുന്നുവെന്നു തോന്നി പലപ്പോഴും
അന്ത്യമക്രമാശകൾ കൈക്കൊണ്ടിട്ടുണ്ടു. കടശ്ശി കുംഭം
ക്വ–ാംനു പാതിരാകഴിഞ്ഞുണ്ടായ ഒരു വികല്പത്തി
ൽ തന്നെ സഹായിക്കുന്നതിനു നിന്നിരുന്ന അതിരമ്പുഴ
ഇടവക കൊച്ചുപുരയ്ക്കൽ ക. നി. മൂ. സ. ബ. കുറിയാ
ക്കോസച്ചനോടു തനിക്കു കുമ്പസാരം കൈക്കൊള്ളുവാനാഗ്ര
ഹമുണ്ടെന്നും നൊയമ്പുക്രമാതെ കൈക്കൊള്ളാമൊ എ
ന്നും ചോദിച്ചിരുന്നു. എന്നാൽ ക്ഷണംകൊണ്ടു കണ്ണിൽ
മരണശ്ലക്ഷ്യം കണ്ടു തുടങ്ങുകയാൽ തിരുപാഥേയം
കൊടുപ്പാൻ സമയമില്ലെന്നു കണ്ടു, മണികൊട്ടി എല്ലാ

വങ്കുടി ഒപ്പുശ്രമായും ദണ്ഡവിമോചനങ്ങളും യഥാ
ക്രമം കൊടുത്തു. ബോധത്തിനു നല്ല തെളിവുണ്ടായി
രുന്നുവെങ്കിലും പറവാൻ സാധിക്കാതെയായിപ്പോയി.
ഇങ്ങിനെ ഓൽ-മണിയോടെ തന്റെ ആത്മാവിനെ സ്വ
ഷ്ടാവിന്റെ തൃപ്പാദെ ഏല്പിച്ചു. പിറ്റെദിവസം ഫ്ര-
മണിയേടെ മരണശേഷക്രിയകളെല്ലാം ക്രമംപോലെ
നടത്തി, മദ്ബഹായുടെ രണ്ടാംവളവിൽമദ്ധ്യേ പ്രേതം
സംസ്കരിക്കപ്പെട്ടു.

കമ്മലീത്താ ഒന്നാംസഭക്കാരനായ ഇസ്പാന്യൻ കാ
രൻ പെ. ബ. മി. അ. ബസ്റ്റാർദ്പാതിരിയച്ചനെ സ
ഭയുടെ പ്രിയോർജനരാളായി നിശ്ചയിച്ചു തരണമെ
ന്നു ശ്ര. സിംഹാസനത്തുങ്കൽ സഭയിൽനിന്നു അപേക്ഷ
അയച്ചു. മുൻ പൊതുസംഘം അമ്പഴക്കാട്ട കൂടി തിരു
ത്തുകൾ ചെയ്തു അയച്ചിരുന്ന ഗ്രന്ഥങ്ങൾ തിരുസം
ഘം ഫ്രാൻസ-മഥുനത്തിൽ നു-വഷ്ത്തേക്കു വീണ്ടും
പരീക്ഷാർത്ഥം ഉറപ്പിച്ചയച്ചു. അതിൽ കമ്മലീത്താ ഒ
ന്നാംസഭയുടെവസ്ത്രങ്ങളും കാപ്പയുംഅനുവദിച്ചു. ഫ്ര-ാം
ലെയോൻപാപ്പാ തന്റെ വാഴ്ചയുടെ ആരംഭത്തിൽ
ഫ്രാൻ-ാം കാലം മാന്നാനത്തുകൊവേന്തയിൽ നിവ
സിച്ചിരുന്ന രണ്ടാമത്തെ പ്രിയോർജനരാൾ പെ. ബ.
കുറിയാക്കോസു ഏലീശാഅച്ചനെ അയച്ച എഴുത്തിൽ
"നിങ്ങളുടെ സഭ പുഷ്പിച്ചു വികസിച്ചു വരുന്നതിനിട
യാകും" എന്നു എഴുതിയിരുന്നതുപോലെ, സഭയെ തി
രുമനസ്സുകൊണ്ടു ഫ്രാവ്വ-ധന മഹ-ാനെ തന്റെ മല
ഗാദിന്റെ അധികാരത്തിൻകീഴാക്കിയതു കൂടാതെ, ഇ
പ്പോൾ സഭയ്ക്കു വളരെ ദണ്ഡവിമോചനങ്ങളും കല്പി
ച്ചരുളി. അതോടുകൂടി ഫ്രാൻസ-കൽദേകം ഫ-ാംനെ-
പെ. ബ. മി. അ. ബസ്റ്റാർദ്പാതിരിയച്ചനെ സഭയു

ടെ പ്രിയോർജനരാളായി സ്ഥാപിച്ചു കല്പന വന്നതി
നാൽ അദ്ദേഹം ജോലിയേറ്റു താമസംകൂടാതെ കൊ
വേന്തകളൊക്കെയും മുറപ്രകാരം സന്ദർശിച്ചു. റോമാ
യിൽ ഉബ്രാനോസ് സെമ്മിനാരിയിൽ പഠിക്കുന്നതിനാ
യി ന. സഭയിൽനിന്നു വിട്ടിരുന്ന രണ്ടുപേരു പഠിനം
പൂർത്തിയാക്കി ഫ്രവ്ൻസ് മിഥുനത്തിൽ പിന്തിരിഞ്ഞു.
അവരിൽ കട്ടക്കയത്തു ബ. ചാണ്ടിയച്ചൻ മാപ്പിപ്പായു
ടെ വിശേഷ അനുമതി പ്രാപിച്ചു ഇവിടെ വന്നു നവ
സന്ന്യാസാശ്രമത്തിൽ ചേർന്നു സഭാവസ്ത്രം ധരിച്ചു.

൯. ഫ്രവ്ൻസ് മകരത്തിൽ ഇവിടെ കൂടിയ പൊ
തുസംഘത്തിൽ പ്രീ. ജ. പെ. ബ. മി. അ. ബെർണ്ണാർ
ദ് പാതിരിയച്ചൻ അദ്ധ്യക്ഷംവഹിച്ചു. ആ സംഘത്തി
ൽ വച്ചു ഈ കൊവേന്തയുടെ പ്രിയോരായി ചക്കരക്കു
ടവപള്ളിയിടവക മാഞ്ഞൂരാൻ ക. നി. മൂ. സ. ബ. റ
പ്പായേലച്ചനും നവസന്ന്യാസഗുരുവായി പെ. ഖ. ദെ.
യൌസേപ്പച്ചനും തിരഞ്ഞെടുക്കപ്പെട്ടു. പുതിയശട്ട
ത്തിൽ അനുവദിക്കപ്പെട്ടപ്രകാരം ഫ്രവ്ൻസ് ചിഹ്നത്തി
ൽ കവിലനിറമായ രോമവസ്ത്രവും നീലക്കാപ്പയും ധരി
പ്പാൻതുടങ്ങി.

പള്ളിപണി മുഖിയാക്കുന്നതിനു ഇവിടെ യാ
തൊരു നിവർത്തിയില്ലായിരുന്നതിനെക്കൊണ്ടു ഒരു കുറി
വയ്പ്പാനതിനു ആലോചിച്ചു, അനുവാദവും വാങ്ങി
൧൮൦൫-ക. യുടെ ഒരു ലേലക്കുറി തുടങ്ങി അതിൽ തള
ക്കൂടാതെ രണ്ടു നക്കു കൊവേന്തയിൽ നിന്നും കൂടി.
തളം വക നക്കിനു സംഖ്യ വയ്പ്പാണ്ടും ഭാരത്തിൽ നി
ന്നു കുറിക്കാർ സദയം കൊവേന്തയെ ഒഴിച്ചു. ഇതി
നും പുറമെ എറണാകുളത്തുകാരൻ ഇയ്യോവു എന്നു പേ
രുള്ള ഒരാൾ കൊളമ്പിൽ പോയി ക്രിസ്ത്യൻ ബ്രദർ

മാരുടെ സഭയിൽ ക്രൂടി, കുറെ കാലം കഴിഞ്ഞതിന്റെ ശേഷം അയാൾ ആ സഭ ഉപേക്ഷിച്ചു ഇവിടെ വന്നു, സഹോദരഗണത്തിൽ ചേർന്നു. കുറെ കഴിഞ്ഞപ്പോൾ വൈദീകഗണത്തിൽ ചേരണമെന്നപേക്ഷിച്ചു പ്രകാരം സ്വീകരിച്ചു. അയാൾ കൊളമ്പിൽ പോയ സമയം എറണാകുളത്തു തനിക്കുണ്ടായിരുന്ന ഒരു പാമ്പിനു ക്ഷീണാവസ്ഥ ഉളവാക്കിക വില നിശ്ചയിച്ചു ടി. സംഖ്യക്കു ഒരു മരണശാസനം എഴുതി ഒപ്പിട്ടു മട്ടാഞ്ചേരി ഇടവകക്കാരൻ ബ. അന്തോനി വാളുവാ വാതിരിയച്ചനെ ഏല്പിക്കയും ടി. പറമ്പു കുറഞ്ഞ സംഖ്യക്കു എറണാകുളത്തു ഒരുത്തനു പാട്ടത്തിനു കൊടുക്കയും ചെയ്തിരുന്നു. ആ പാട്ടക്കാരനു തന്നെ പറമ്പു വിലയിൽ ഫാ – ക. താഴ്ത്തി കൊടുക്കാമെന്നുടമ്പടിയുണ്ടായിരുന്നു. ടി. പറമ്പു വിൽക്കുന്നതിനു ബ്രദർ ഇയ്യോവു അപേക്ഷിച്ച പ്രകാരം ഫാ൦൦– ഉറുപ്പിക വില നിശ്ചയിച്ചു ഫാ൦– ഉറുപ്പിക, മേൽ ഉടമ്പടി പ്രകാരം ഇളവു ചെയ്തു ഫ്വാ൦– ഉറുപ്പികയ്ക്കു പാട്ടക്കാരനു തന്നെ തീറു കൊടുത്തു. ഈ ഫ്വാ൦ ഉറുപ്പികയിൽ ടി. യാന്റെ സംബന്ധക്കാർക്കു ഫാ൦–ഉറുപ്പിക സൌജന്യമായി കൊടുത്തു, ബാക്കി ഉറുപ്പിക പത്രിമോനി, കുമ്പാന മുതലായ കാര്യങ്ങൾക്കു വേണ്ടി നിശ്ചയിച്ചു ഒരു തെസ്തമെന്ത് എഴുതി. ഈ വക ശുപാർശ അനുവാദപ്രകാരം തൽക്കാലം എടുത്തു പള്ളി പണി തുടങ്ങി. പള്ളിക്കു ചുറ്റുമുള്ള തട്ടു, ജനലുകൾ, വാതിലുകൾ, മേൽക്കൂട്ടു, പോർപലക, പള്ളിയുടെ അകംപുറം തേപ്പു, ചില്ലുപണി, മായപ്പണി മുതലായവകൾ സകലവും നടത്തേണ്ടിയിരുന്നു. പ്രിയോരച്ചൻ പണിക്കുവേണ്ടി അകലെയുള്ള സാമാനങ്ങളും ബ. ബ്ലസ്സർമീനോസച്ചനും ഇ. സ. പൌലോസും അടുക്കെയു

ള്ള വ്യാമാനങ്ങളും ശേഖരിച്ചു പണി നടത്തിയിരുന്നു. മവുൻറ്റ- തുലാമാസത്തിലെ വി. ത്രേസ്യാമ്മയുടെ തിരുന്നാൾ മാനക്കാരൻ ഇട്ടൂപ്പിൻെറ അനുജൻെറ മകൾ കുഞ്ഞന്നം എന്നവരെ ഏറ്റിരുന്നു. പള്ളിപ്രതിഷ്ഠ പ്രമാണിച്ചു തിരുന്നാളിനു തലേന്നു ൧൦൦– ഉറുപ്പികയും പുറമെ ക്രൂട്ടതൽ ൨൦൦– ഉറുപ്പികയും വി. ത്രേസ്യാമ്മയുടെ കൊത്തുരുവത്തിനു ൧൫൦– ഉറുപ്പികയും ക്രൂടി ൫൦൦– ഉറുപ്പിക തന്നു. പള്ളി പണികഴിഞ്ഞു താമസിയാതെ പള്ളിയഭിഷേകകർമ്മം നടത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി വലിയ പീഠത്തിലെ മേൽവിധാനപലകക്കു നൽകോൽ നീളം, ഏകദേശം ഒരിക്കോലിൽ തഴെ വീതി, ൨– വിരൽ കനമുള്ള മാബ്ൾകല്ലും ചുമരിൽ വയ്പാനുള്ള മാബ്ൾ കല്ലുകളും വരുത്തീട്ടുണ്ടായിരുന്നു. ടി. ഉദ്യമസം ൨൦–ാംനു- യോടു ക്രൂടി മേൽപ്രകാരമുള്ള സകല പണികളും തീർത്തു ൨൫–ാംനു- കാലമെ പ്രിയോർ പെ. ബ. റപ്പായെലച്ചൻ തന്നെ പള്ളി പ്രതിഷ്ഠകർമ്മം നടത്തി. അന്നെ ദിവസം തന്നെ ഈ പള്ളി പണിക്കു അനേക വർഷത്തോളമായി ശ്രമിച്ചിരുന്ന ബ. ബ ണ്ടർദീനോസച്ചൻ നവമായി പാട്ടവുജയും അണച്ചു. ഇട്ടേഹം ഈ പള്ളിപണിക്കു മരം, പണം, നെല്ല മുതലായവ ശേഖരിക്കുന്നതിനു സഹിച്ച ബുദ്ധിമുട്ടുകളും, ഊണുറക്കമില്ലാതെ കഴിച്ച യാത്രകളും വിസ്തരിക്കേണ്ട വകയല്ല. ഈയവസരം പ്രമാണിച്ചു മറുകൊവേന്തകളിലെ ബ. അച്ചന്മാരും സഹോദരന്മാരും ക്രുനന്മാവുകൽനിന്നു യോഗാർത്ഥികളും പ്രിയോർ ജനരാൽ പെ. ബ. മി. അ. ബണ്ടാർദ് പാതിരിയച്ചനും പുതുമെയുള്ള ബ. അച്ചന്മാരും പറവൂർ പള്ളി വികാരി തറവട്ടത്തിൽ ബ. ഫിലിപ്പോസച്ചനും മറും സന്നിഹിതരായി

ങ്ങുന്നു. തിങ്കളാൾദിവസത്തിലെ ആഘോഷ പൂജ ഭര
ണങ്ങാനം പള്ളി ഇടവക തറവട്ടത്തു ക. നി. മൂ. സ.
ബ. ക്രിസോസ്റ്റോമോസച്ചൻ പാട്ടുകയും തലെ ദിവ
സം വെസ്പരയും പ്രദക്ഷണവും അദ്ദേഹം തന്നെ നട
ത്തുകയും ചെയ്തു. തിങ്കളാൾ ദിവസത്തിലെ പ്രദക്ഷ
ണവും വി. കുബ്ബാനയുടെ ആശീർവ്വാദവും പെ. ബ. മി.
അ. പ്രിയേർ ജനറാൽ ബെർണ്ണാർദ് പതിരിയച്ചനാ
ണ നടത്തിയതു. ക്വൻ൫- തുലാമാസത്തിലെ തിങ്കൾ
നാൾ അപേക്ഷപ്രകാരം ഗെന്തർ അൽബർട്ടു സായ്പ്
ഏറ്റു. ക്വൻ൫- മകരത്തിൽ ക്ഷ- ശെമ്മാശ്ശന്മാരുടെ
തു. സ. ആ. വത്തുപ്പുമൈയും മംഗലാപുരം പാറിനഗ്രഹ
ത്തിലേക്കു അയക്കപ്പെട്ടു. ടി. മഠനം- കൊല്ലത്തുപത
യിൻകീഴ അഞ്ചുതെങ്ങിൽ മരിച്ചു ഭൂദാനം ചെയ്തിരുന്ന
ദാനക്കാരൻ ഇട്ടപ്പിന്റെ പ്രേതശിയ്യങ്ങൾ നമ്മുടെ
ഈ പള്ളിയിൽ കൊണ്ടുവന്നു സംസ്കരിക്കണമെന്നു നി.
അച്ചന്മാർക്കും ദാനക്കാരന്റെ അനന്തരവർക്കും ഉണ്ടാ
യിരുന്ന ആഗ്രഹം പ്രി. ജ. അത്യുന്നത ഭലഗാദപ്പസ്സോ
ലിക്ക അന്തയോസു അയ്യത്തി ഇവിടെ വന്നപ്പോൾ
ബോധിപ്പിച്ചു, അതിന്നായി വരാപ്പുഴെ മെത്രാപ്പോലീ
ത്തായ്ക്കു ഒരു കല്പനയും വാങ്ങീട്ടു ക്ഷ- വർഷമായിരുന്നു.
പള്ളി പണിതീർന്നശേഷം നി. പ്രിയേർ ജനറാളായ
പെ. ബ. മി. അ. ബെർണ്ണാർദ് പാതിരിയച്ചനെ ഭല
ഗാദിൽനിന്നു മുൻ കിട്ടിയിരുന്ന അനുവാദം കാണിച്ചു
വിവരം ബോധിപ്പിച്ചു. അദ്ദേഹം കൊല്ലത്തെ എ.
പെ. വെ. ബ. ഫെർദിനാന്ത് മെത്രാനച്ചനായിട്ടു ഒ
രു എഴുത്തു തന്നു. ടി. രണ്ടു എഴുത്തുകൾ സഹിതം
ദാനക്കാരന്റെ മൂന്നാമത്തെ മകളായ കുഞ്ഞെല്യയുടെ
ഭർത്താവു പാറിക്കുളം യൌസേപ്പും തന്റെ മകൻ യോ

ഹന്നാൻ ക്രൂസും ദാനക്കാരന്റെ അളിയനായ കുര്യതോ
ട്ടിൽ തച്ചിൽ പ്രഞ്ഞുവും കോല്ലത്തേയ്ക്കു പോയി ടി. ര
ണ്ടെഴുത്തുകളും എ. പെ. പെ. ബ. പ്പെർദിനാന്ത്
മെത്രാനച്ചനു കൊടുത്തു. അദ്ദേഹം അഞ്ചുതെങ്ങു പ
ള്ളിയുടെ ബ. വികാരിയച്ചനു "മരിച്ചവരുടെ പ്രേത
സംസ്കാരദിനചര്യയും എഴുതുന്ന പുസ്തകം പരിശോധി
ച്ചും ഇടവകയിൽ പ്രധാനികളെ വരുത്തി സൂക്ഷപ്പെ
ടുത്തിയും അപേക്ഷയിൽ പറയുന്നയാളിന്റെ പ്രേതശി
ഷ്ടങ്ങൾ എടുത്തു പെട്ടിയിൽ വച്ചു മുദ്ര വച്ചും വിവര
ത്തിനു അമ്പഴക്കാട്ടു പ്രിയോരിനു എഴുത്തു കൊട
ത്തും അയക്കണമെന്നും" ഒരു കല്പന അയച്ചു. അ
തുപ്രകാരം തിരക്കൊയ്തു കഴി തുറന്നു നോക്കിയ
പ്പോൾ അസ്ഥികൾക്കു യാതൊരു ഭംഗം ക്രടാതേയും
തലമുടി മുഴവനും പോകാതേയും കണ്ടെത്തിയ പ്രേ
തശിഷ്ടങ്ങൾ എടുത്തു പെട്ടിയിൽവച്ച മേൽപ്രകാരമു
ള്ള എഴുത്തോടുകൂടി ടി. യാന്മാരെ ഏല്പിച്ചു. അവർ
അവശിഷ്ടങ്ങൾ ഇവിടെ കൊണ്ടുവന്നു പ്രേതശിഷ്ടസം
സ്കാരത്തിനു നിശ്ചയിക്കപ്പെട്ട മിഥുനം ൧൯-ാംനു ദാന
ക്കാരന്റെ സന്ധുബന്ധുക്കളൊക്കെയും കൂടി അവയെ
അലങ്കാരമായ ഒരു പെട്ടിയിലാക്കി, സ്ക്രൂളിൽ സ്ഥാ
പിച്ചു അവിടെ മെപ്പ്നിത്തോർ പെ. ബ. യൊസേ
പ്പുയോഹന്നാനച്ചൻ ഒപ്പീസു പാടിയശേഷം അനന്തര
വർ പ്രേതമഞ്ചയെടുത്തു പ്രദക്ഷണമായി പള്ളിയിൽ
കൊണ്ടുവന്നു വച്ചു. അനന്തരം ദാനക്കാരന്റെ പെ
ങ്ങളുടെ മകൻ കുര്യതോട്ടിൽ തച്ചിൽ ക. നി. മൂ.
സ. ബ. ക്ലെമെൻസച്ചൻ പാട്ടപൂജ അർപ്പിക്കയും പെ.
ബ. പ്രിയോർ റപ്പായേൽ അച്ചൻ പ്രസംഗം പറക
യും ഒപ്പീസു മുഴവനാക്കി പ്രേതശിഷ്ടങ്ങൾ ഹയിക്ക

ലായുടെ മൂന്നാം വളവിന്നടുത്തുവെച്ചു നടുവിൽ സംസ്ഥാപിക്കുകയും ചെയ്തു. പിന്നീടു സാധാരണ വിലയുള്ള ഒരു മാബ്ൽകല്ലുവരുത്തി അതിന്മേൽ താഴെ എഴുതുന്ന പദ്യങ്ങൾ കൊത്തിച്ചു കഴിമാടത്തുങ്കൽ ഇട്ടു. ടി. ചിലവുകളൊക്കെയും അനന്തരവന്മാരുടെ വകയായിട്ടാണു നടത്തിയതു.

ടി. കല്ലിൽ എഴുതിയിരിക്കുന്ന പദ്യങ്ങൾ.
കൃസ്തുവർഷം മേടം ൨൨–ാംനു മരിച്ചു.

ക ചക്കാലമറെറ കണിച്ചായിഗ്രഹത്തിൽ
മുഖ്യനായി ഉണ്ടായ തോമ ഇട്ടൂപ്പുതാൻ,

ഖ ഇക്കണ്ടസന്ന്യാസഗ്രഹമുണ്ടാക്കാനും
മുഖ്യരാംപന്ത്രണ്ടു സന്ന്യാസികൾക്കള്ളേ,

ന നിത്യോപജീവനം വൃത്ത്യാകഴിപ്പാനും
ഉത്തമൻ ചിത്തെ വിചാരിച്ചു കല്പിച്ചു,

ര സൽക്കാരമായിട്ടു നൽകിനാൻവസ്തുവും
വിസ്താരമായുള്ള ഭൂമിയും ദാനമായി,

ഈ ശ്രീമൻ തിരുവനന്തപുരം കാണ്മാനായി
മോദാൽ പുറപ്പെട്ടപോകുംവഴിക്കൊരു,

സ അഞ്ചെങ്ങുപള്ളിക്കലെത്തിയനേരത്തു
വഞ്ചനകൈവിട്ടു തോക്കുകൊട്ടുകയിൽ,

ഒ കിഞ്ചനപോലും വിഴയാതതിൽനിറ
ഞ്ഞെഴുന്നതാഴെ വയറരിലുൾപ്പാഞ്ഞിതു,

വ പെട്ടെന്നു തന്നുടെ ജീവൻപിരിയേണ്ട
വട്ടത്തിലായിഎന്നാകിലുമായസ്സു,

ൻ മട്ടറ്റ തമ്പുരാൻ തൻകൃപാവൈഭവൽ
ഒട്ടുനീളിപ്പാനിടയായിവന്നിതു,

൨൦ കൊല്ലമെത്രാസ്സനത്തിങ്കൽനിന്നപ്പൊഴെ
നല്ലമരിയാപ്പോം യാത്രപുറപ്പെട്ടു,

൨൨ വന്നടൻനൽകിനാൻ അന്ത്യകൃദാശയും

ഭാഗ്യവാൻ കേസിയോടെ ഒക്കവെകൈക്കൊണ്ടു,
൫൨ യോഗ്യതയോടെഇഹലോകംപിരിഞ്ഞിതു
തന്റെ നാമാർത്ഥയെയുംപുപ്പുതാവിന്റെ,
൫൩ സ്വന്തപതിമരിയത്തിന്റെ നാമത്തിൽ
നൽകിയദാനപ്രതിദാനമായിട്ടു,
൫൪ നൽമരണം മദ്ധവാരത്തിലാവാനും
നാമാർത്ഥനാം മദ്ധ്യസ്ഥനാളിലടക്കാനും,
൫൫ അസ്സിയപ്പള്ളിയിൽനിന്നെടുപ്പാനും
പുത്തനായിട്ടിതിൻകീഴ് സ്ഥാപിപ്പാനും,
൫൬ ചിത്രാവിചിത്രാമി തോമ ഇട്ടുപ്പിന്ന
ങ്ങടത്തുഭാഗ്യംക്രൂടി ഓർക്കാമാലോകരെ.

ഇയ്യാൾക്കുവേണ്ടി പ്രാർത്ഥിപ്പിൻ.

ഈ സമയംതന്നെ ദാനക്കാരന്റെ അനുജൻ കുഞ്ഞുവറീയിന്റെ പ്രേതകഴിയിങ്കലും വിവരങ്ങൾ പദ്യമായി ഒരു മാബ്ൾകല്ലിന്മേൽ എഴുതിയിട്ടുണ്ടു.

ടി. കല്ലിൽ എഴുതിയിരിക്കുന്ന പദ്യങ്ങൾ.
കവുവുര—വൃശ്ചികം ൨൦—൦നു മരിച്ചു.

൧ ചക്കാലമറൊകണിച്ചായിയാം ഭവനത്തിൽ
വിശ്രുതൻ തോമാകുഞ്ഞുവറിയുളവായാൻ,
൨ ആശ്രമദാനക്കാരനാകിയ ഭ്രാതാവിനെ
സ്വാശ്രയബഹുവിധദാനത്താൽപിഞ്ചെന്നടൻ,
൩ സൂത്രമായിട്ടതന്റെ ജീവിതംകഴിച്ചുകൊണ്ടു
തമൻ പരലോക പ്രാപ്യനായിവിധിവശാൽ,
൪ എത്രയും ബഹുമാനപ്പെട്ട മർസ്സലിനോസ്
മെത്രാനച്ചനും ഇയ്യാൾതന്നുടെ അന്ത്യരോഗെ,
൫ കട്ടിലിന്നരികത്തു മുട്ടുകൾ കുത്തിക്കൊണ്ടു
ചട്ടമായിട്ടുകഴിച്ചിതു തിരുമാംജപങ്ങളും,

ന്ന ഇത്തരംസുകൃതങ്ങൾ ലഭിപ്പാൻ ഇടവന്ന
മർത്യന്റെ ഭാഗ്യോദയം എത്രയും വിചിത്രം.

ഇയ്യാംക്കവേണ്ടി പ്രാർത്ഥിപ്പിൻ.

൧൮൯൫-ധനു ൨൫-ാംനു മംഗലാപുരത്തു പഠിപ്പാനായി പോയിരുന്നവർ പഠിത്വം പൂർത്തിയാക്കി വിന്തിരിഞ്ഞു ഇവിടെ ഒരുമാസത്തിലധികം താമസിച്ചശേഷം പള്ളിക്രമങ്ങൾ തഴക്കി പട്ടത്തിനു ഒരുങ്ങുന്നതിന്നായി കല്പനപ്രകാരം മാന്നാനത്തേക്കു പോയി.

൧൮൯൬-മേടം ൪-ാംനു ന-ാംപേട്ടക്കാരനായ അ. ഗബ്രിയേൽ ആലപ്പുഴവച്ചു മറു നാലുപേരോട്ടുകൂടെ ഉരുപ്പട്ടമേറു ഇവിടെ വന്നു ടി. ൨൪-ാംനു നവപൂജ അർപ്പിച്ചു.

൧൮൯൬-കുംഭം ൧൨-ാംനു ദൈവ്നിത്തോർ പെ. ബ. ഗീവറുഗീസ്സ്യോഹന്നാൻ മാംദാനച്ചൻ പ്രിയോർജനറാളച്ചന്റെ ദലഗാദായി നിശ്ചയിക്കപ്പെട്ടു. ടി. ചിങ്ങമാസം ൯-ാംനു ന. പ്രിയോർജനറാൾ പെ. ബ. മി. അ. ബർണ്ണാർദ്വാതിരിയച്ചൻ വരാപ്പുഴെ സഹായമെത്രാപ്പോലീത്തായായി മഞ്ഞുമ്മേൽ കൊവേന്തപള്ളിയിൽ വെച്ചു അഭിഷേകിക്കപ്പെട്ടു. ക്ഷണിപ്പുംപ്രകാരം പെ. ബ. ദലഗാദ് വക്കിയച്ചൻ, പെ. ബ. ചാണ്ടിയച്ചൻ, സിക്രട്ടരി ബ. ആഞ്ചെല്ലൂസച്ചൻ, പ്രിയോരന്മാർ പെ. ബ. പീയൂസച്ചൻ, ഫ്ലായേലച്ചൻ, വക്കിയച്ചൻ, ക്നനായാവുങ്കൽനിന്നു ബ. മാക്കോച്ചൻ, ജസ്റ്റീനച്ചൻ, യോഗാർത്ഥികൾ മുതലായവരൊക്കെയും മഞ്ഞുമ്മേൽ വാഴ്ചക്കു കൂടിയിരുന്നു.

ടി. തുലാം ൨൭-ാംനു ഞാറക്കൽപള്ളി ഇടവക മേനാച്ചേരി ബ. യോഹന്നാനച്ചൻ തൃശ്ശിവപേരൂർ വികാരിയച്ചനോലിക്കയായും; വൃളിങ്കനുഇടവക വഴെവ

രമ്പിൽ ബ. ഉൗവീനച്ചൻ എറണാകുളം വികാരിഅപ്പസ്തോലിക്കയായും, കൈപ്പഴെ മാക്കീൽ ബ. മത്തായിയച്ചൻ ചങ്ങനാശ്ശേരിവികാരിഅപ്പസ്തോലിക്കയായും, നിശ്ചയിക്കപ്പെട്ടു; ടി. മാസം ഠ൩—ാംന൯ കാണ്ടിയിൽവച്ചു ഇന്ത്യായുടെ അ. ഉ. ദലഗാദപ്പസ്തോലിക്ക അവർകളാൽ മെത്രാന്മാരായി അഭിഷേകിക്കപ്പെട്ടു. തൃശ്ശിവപേരൂർ വി. അ. ആയ എ. പെ. പെ. ബ. മാർ യോഹന്നാൻമെത്രാനച്ചനവർകൾ തന്റെ മിസ്സത്തിലെ എല്ലാ പള്ളികളിലേയും ദർശനക്കാർ, പൊൻകുരിശു, വെള്ളിക്കുരിശു, കുട, കൊടിമുതലായ അഘോഷചിഹ്നങ്ങളോടുംകൂടെ തന്റെ ഭദ്രാസനപള്ളിയിൽ കയ്യേറ്റുള്ളപ്പെട്ട അവസരത്തിൽ ഈ കൊവേന്തയിൽനിന്നു പെ. ബ. പ്രീ. റപ്പായേലച്ചനും, എൽത്തുരുത്തുകൊവേന്തയിൽനിന്നു പെ. ബ. പ്രീ. പീയൂസച്ചനും, പാരട്ടികൊവേന്തയിൽനിന്നു ബ. വി. വാറുണ്ണിയച്ചനും മറുകൊവേന്തകളിൽനിന്നു വല അച്ചന്മാരും കൂടിയിരുന്നു.

൨വൻ൨—കുംഭത്തിൽ മാന്നാനം കൊവേന്തയിൽ കൂടിയ പൊതുസംഘത്തിൽവച്ചു ഈ കൊവേന്തയുടെ പ്രിയോരായി ഒല്ലൂർ കല്ലൂക്കാരൻ ക. നി. മൂ. സ. ബ. ഗീവറുഗീസ്മറിയംഅച്ചനും നവസന്ന്യാസഗുരുവായി ഠ—ാം ദ. പെ. ബ. പീയൂസച്ചനും തിരിഞ്ഞെടുക്കപ്പെട്ടു. ടി. ആണ്ടു മേടം ൧—ാംന൯ ബ. തൊ. ബ്രൊക്കാർദച്ചനും മിഥുനം ൧൪—ാംന൯ ബ. വ്യ. മാ. ദേവസ്സിയച്ചനും ഇവിടെ നവവൃജയണ൦ചെയ്തു. ടി. ആണ്ടിൽ അപ്പുലഴ കുപ്പാമുടൻ ഇട്ടൂര അമലോത്ഭവമാതാവിന്റെ ഒരു കൊത്തുരുപം കൊവേന്തക്കു ദാനമായി കൊടുത്തു.

അഞ്ചാം അദ്ധ്യായം.

കവുൻവ - ൻംവ.

അശ്രുശ്രേഷ്ഠന്മാർ, മണിമാളികപണി
പൂർത്തീകരണം, പത്രോസിന്റെ വ്യവഹാരം, വേദോപദേ
ശശാല, ചാക്കൊപ്പന്റെ മരണം, ദനേക്കാരന്റെ
ഭാര്യയുടെ ശവസംസ്കാരം.

കം. കവുൻവ- കുംഭം- സഭയുടെ റൊള്ള ശട്ടങ്ങ
ൽ പരീക്ഷാർത്ഥം ഉറപ്പിച്ചിരുന്ന ആറാണ്ടു തികയാറാ
യിരുന്നതിനാൽ അവയിൽ വേണ്ടുന്ന ഭേദഗതികൾ
ആലോചിച്ചു നിശ്ചയിക്കുന്നതിനായി മാന്നാനം കൊ
വേന്തയിൽ എ. പെ. പെ. ബ. പ്രീയോർ ജനറാൾ
ബഹുമാർത്ത് മെത്രാപ്പോലീത്താച്ചനവർകളുടെ കല്പനപ്ര
കാരം കൂടിയ സംഘത്തിലേക്ക ഇവിടത്തെ പ്രീയോർ
പെ. ബ. ഗീവറുഗീസു മറിയം അച്ചനും മഠം മദ്ദ
ത്തോർ പെ. ബ. പിയൂസച്ചനും കൂട്ടനായി ബ. ബെ
നദിക്തോസച്ചനും പോയി. 20- ദിവസത്തോളം
നീളിച്ച ആ സംഘത്തിൽ വച്ചു നീക്കേണ്ടവകളേയും
ചേർക്കേണ്ടവകളേയും ആലോചിച്ചുറപ്പിച്ചു എല്ലാവരും
ഒപ്പിട്ട റോമ്മയ്ക്കേണ്ടവിധത്തിൽ എഴുതിയുണ്ടാക്ക
ന്നതിനും ഏല്പിക്കയും പിന്നീട് ചിങ്ങമാസത്തിൽ വീ
ണ്ടും സംഘം കൂടി എഴുതിയവകൾ പരിശോധിച്ചുറ
പ്പിച്ചു ഒപ്പിട്ട റോമ്മയ്ക്കയും ചെയ്തു.

കവുൻൻ- മണിമാളിക പണി പള്ളിപണിയോ
ടുകൂടെ തുടങ്ങിയിരുന്നെങ്കിലും മുഖ്യമാകാതെ കിടന്നി
രുന്നതു, ഉ. സ. ആ. പൌലോസിന്റെ പരിശ്രമത്താ

ൽ ൪൮- നിലയായി തീർത്തു അള്ളം രണ്ടു മണികൾ വാ
ങ്ങിയെങ്കിലും അതു പോരെന്നു കണ്ടു പുത്തമ്പള്ളി
സെമിനാരി റെക്ടരായിരുന്ന ഫെ. ബ. മി. അ.
ബോനിഫാസിയൂസ് പാതിരിയച്ചൻ വഴിയായി
ഫ്രാങ്ക. വിലയുള്ള ൩൮- വെനെസ്യാ മണികൾ വാ
ങ്ങി. ക. നി. മൂ. സ. ബ. ക്ലമെൻസച്ചന്റെ അശ്രാ
ന്ത ശ്രമത്താൽ കുമ്പാനധമ്മവും മറ്റുമായി ഫെ. ബ. മി.
അ. ബോനിഫാസിയൂസ് പാതിരിയച്ചൻ കൊടുത്ത
ക്ക അതിഭാരം കൂടാതെ കായ്മം നടത്തിത്തന്നു. എറ
ണാകുളത്തു ദാനിയേൽ ഗന്തർ സായ്പ് മണിക്കായി ഒരു
ക. യും ചക്രാലമറ്റത്തു കണിച്ചായി കുഞ്ഞുവറിയതി
ന്റെ മകൾ കുഞ്ഞന്നത്തിന്റെ ഭർത്താവു എളംകുന്നപ്പു
ഴ കുഞ്ഞവുരാ ഫാ൦-ക. യും മാള ഇടവക തെറ്റയിൽ
കുടിച്ചീനി യൌസേപ്പു തോമൻ ൩൦-ക. യും എറണാ
കുളത്തു അന്ത്രയോസ് പറക്കി മണി ഉക്കുന്നതിനു കു
ണ്ടി ഫ-ക്കു ൨൫-ക. വിലയുള്ള ൩൮- കണ്ടി കേട്ടുപാടി
ല്ലാത്ത തേക്കുമരവും ദാനമായി തന്നു.

൬. ക്വർൻ- ധന്യ വ൨൦൩- അമലോത്ഭവിമാതാ
വിന്റെ തിരുനാൾ കഴിഞ്ഞു ശ്രേഷ്ഠന്മാരുടെ തിരി
ഞ്ഞെടുപ്പിനുള്ള പൊതുസംഘത്തിൽ വച്ചു ജൂ കൊ
വേന്തയുടെ പ്രീയോരായി ഒല്ല്യൂർ അക്കര ക. നി. മൂ.
സ. ബ. ചിയൂസച്ചനും നവസന്ന്യാസ ഗുരുവായി ബ.
ഗൌരിയേലച്ചനും തിരിഞ്ഞെടുക്കപ്പെട്ടു.

൭-ാം അദ്ധ്യായം ൫൭-ാം ലക്കത്തിൽ കാണിച്ചിരി
ക്കുന്നതു പോലെ പത്രോസ് സഭയിൽ നിന്നു പോയ
ശേഷം തന്റെ അച്ചനായ ഇട്ടൂപ്പു ദാനവസ്സുവിൽ നി
ന്നു തന്റെ ചിലവു നടത്തണമെന്നു ഫെ. ബ. മി. അ.
ലെയോപ്പോൾദ് പാതിരിയച്ചനെ പറഞ്ഞേല്പിച്ചിട്ടു

ണ്ടെന്നും അന്വഴക്കാട്ട കൊവേന്തയിൽ നിന്നും അതു തനിക്കു തരുവിക്കണമെന്നും എ. പെ. പെ. ബ. മർസ്സലിനോസു മെത്രാനച്ചന്റെ പക്കൽ അവലാധിബോധിപ്പിച്ചതിനു അനുകൂലമായ തീർപ്പാനം കിട്ടാഞ്ഞതിനാൽ എറണാകുളത്തു ജില്ലാകോർട്ടിൽ അന്യായം കൊടുത്തു. ഈയാൾ എറണാകുളത്തു പെ. ബ. മി. അ. കാന്തിദൂസ് പാതിരിയച്ചന്റെ ആദരവിൻകീഴ് ഒരു അനാഥശാല ഏർപ്പെടുത്തി നടത്തി വന്നിരുന്നതിനാൽ ഉദ്യോഗസ്ഥന്മാർ, പ്രധാനികൾ, വക്കീലന്മാർ മാത്രമല്ലാ; നാനാജാതിമതസ്തരായ ആളുകളിൽനിന്നു തൽസാക്ഷ്യാർത്ഥം ധർമ്മം പിരിക്കയും സകലരുടേയും പ്രീതിക്കു പാത്രീഭവിക്കയും ചെയ്തിരുന്നു. തന്നിമിത്തം ഇയ്യാളുടെ വാദം ശരിയെന്നും അതു അയാൾക്കു കൊടുപ്പിക്കേണ്ടതെന്നും ബഹുജനം വിശ്വസിക്കയും അതിലേക്കു യഥാശക്തി അയാളെ സഹായിക്കയും കൊവേന്തക്കാർ തൽവിഷയത്തിൽ അനീതി പ്രവൃത്തിക്കുന്നു എന്നു പറഞ്ഞു ആക്ഷേപിക്കയും ചെയ്തിരുന്നു.

ഇതിനാൽ പ്രിയോരായ പെ. ബ. പീയൂസച്ചൻ ഇക്കായ്ങ്ങൾ ആദ്യംമുതൽ വ്യക്തമായി അറിഞ്ഞിരിക്കുന്ന ഏൽത്തുരുത്തുകൊവേന്തയുടെ പെ. ബ. പ്രി. റപ്പായെലച്ചൻ ഒരുമിച്ചു പ്രതിഭാഗം അന്യായം നടത്തുവാൻ ഏർപ്പെട്ട്, ദാനക്കാരൻ ഇട്ടൂപ്പ് ടി. പത്രോസിന്റെ ദാനവസ്തുവിൽനിന്നു യാതൊരു പ്രതിഫലവും കൊടുപ്പാനായി കൊവേന്തയെ ഭാരപ്പെടുത്തിയിട്ടില്ലായെന്നു പത്രികവച്ചു. തെളിവിലേക്കായി എ. പെ. പെ. ബ. മർസ്സലിനോസുമെത്രാനച്ചന്റെ എഴുത്തുകൾ (൩–ാം അദ്ധ്യായം ൧൮–ാംലക്കം) ഹാജരാക്കയും, പെ. ബ. ചാണ്ടിയച്ചനേയും, ബ. തളിയത്തു വക്കിയച്ചനേയും, ബ.

റപ്പായേലച്ചനേയും, ദാനക്കാരന്റെ ഭാര്യ കുഞ്ഞന്നത്തേയും, ദാനക്കാരന്റെ രണ്ടാമത്തെമകൾ അന്നൂക്കൻ ഇട്ടീരായുടെ ഭാര്യ മറിയത്തേയും, ദാനക്കാരന്റെ മൂന്നാമത്തെ മകൾ പാനികുളം യൌസേപ്പിന്റെ ഭാര്യ കുഞ്ഞേല്യായേയും, മറുപലരേയും സാക്ഷികൊട്ടക്കയും ചെയ്തു. സാക്ഷികളിൽ ദാനക്കാരന്റെ ഭാര്യ കുഞ്ഞന്നം "പത്രോസിന്നു ചിലവിന്നു കൊടുക്കണമെന്നു ഭർത്താവു പറഞ്ഞേല്പിച്ചതായി ഇനിക്കറിവില്ല" എന്നും, ദാനക്കാരന്റെ ഭവനത്തിൽ പാർക്കുന്ന മൂന്നാമത്തെ മകളായ കുഞ്ഞേലിയ "അപ്പൻ കൊവേന്തസ്സു വച്ചു ദാനവസ്സുവിൽനിന്നും പത്രോസാങ്ങളക്കു ചിലവിന്നു കൊടുപ്പാനായി അപ്പൻ യാതൊരുത്തരേയും പറഞ്ഞേല്പിച്ചതായി ഇനിക്കറിവില്ല" എന്നും, ദാനക്കാരന്റെ രണ്ടാമത്തെ മകൾ അന്നൂക്കൻ ഇട്ടീരായുടെ ഭാര്യ മറിയം "അന്യായക്കാരനെ നോക്കി രക്ഷിക്കുന്നതിന്നു ഭാരം ഏല്പിച്ചിട്ടുണ്ടെന്നു ഞങ്ങൾക്കു വിശ്വാസമുള്ളവരും പറഞ്ഞു അറിയുന്നതിനാൽ, ആരുക സ്വത്തിൽനിന്നും അന്യായക്കാരന്നു ചിലവിന്നു കൊടുക്കണമെന്നുള്ള അങ്ങളുടെ അഭ്രഹം" എന്നും വാമൊഴിപറഞ്ഞു. വിസ്താരം വലകൊല്ലുങ്ങളോളം നീട്ടിച്ചു, ഒടുവിൽ ഫൻാ-കുന്നി ഫെർണാണ്ടസ് കൊവേന്തസ്സു ദോഷമായി ജില്ലാജഡ്ജി തുശ്ശക്കാരൻ രാ. ശ്രീ. നാരായണയ്യർ വിധിപറഞ്ഞു.

ഫൻാ-മാണ്ടിൽ ചമ്പക്കുളം ഇടവക മുഴുവനും കർമ്മലീത്താ സഭയിലെ ബഹുമാനപ്പെട്ട പിതാക്കൻമാർ അത്ഭുതപ്രവൃത്തിക്കു ഒരു കുരിശും മാലയും സമ്മാനിച്ചു.

നമ്മുടെ എപ്പിസ്കോപ്പൽ ബഹുമാനപ്പെട്ട ബെനഡിക്ടച്ചൻ റോമാപുരിക്കു പോകുമുമ്പു തന്റെ പ്രിയോർജ്ജനരാൽസ്ഥാനം ശ്രീ. സിംഹാസനത്തിന്റെ അനുവാ

ടത്തോട്ടക്കുടി ഒഴിഞ്ഞു സഭയിൽനിന്നതന്നെ ക്ലേ പ്രീ യോർജനരാളിനെ തിരഞ്ഞെടുക്കുന്നതിനും മറ്റും ൧൯൨൨-കന്നിമാസം ൨൦൦൨- അയച്ച എഴുത്തിൽ അറിയിച്ചിരുന്നു. ആ എഴുത്തിൽ തന്റെ ഉപദേശങ്ങളുടെശേഷം ഒടുവിൽ "കടശി എന്റെ ചുരുങ്ങിയ ഉപദേശം അവസാനിപ്പിക്കുന്നതോട്ടക്കുടി ഞാൻ നിങ്ങളെ മാധുര്യത്തോട്ടുകൂടെ മാത്രമല്ല, കടുപ്പമുള്ള പ്രകാരത്തിലും നടത്തിയിരിക്കയിൽ എപ്പോഴും എല്ലാവരും ഇനിക്കു കീഴ്പ്പെടങ്ങിയിരുന്നതിനൊക്കൊണ്ടു ദൈവത്തിങ്കൽ സ്തോത്രംചെയ്യുന്നു" എന്നു പ്രസ്താവിച്ചിട്ടു അദ്ദേഹത്തെ മെത്രാപ്പോലീത്തായായി സ്ഥാപിച്ച തിരുവെഴുത്തിൽ "സുറിയാനികമ്മലീത്താസഭസന്യാസികളെ സമാധാനത്തിൽ ഭരിച്ചുകൊണ്ടുപോയ്തീനാലും നിങ്ങളുടെ ബുദ്ധിവിവേകം പ്രത്യക്ഷപ്പെടുന്നു" എന്നും പ്രസ്താവിച്ചിരുന്നു. ഇദ്ദേഹം സഭയ്ക്കു മേൽപ്രകാരമുള്ള ലക്ഷ്യം തന്നതുകൂടാതെ റോമാപുരിയിൽ എത്തിയപ്പോൾ ശ്ലീ. സിംഹാസനത്തുങ്കൽ സഭയെക്കുറിച്ചു അനുകൂലമായി പറഞ്ഞതുകൊണ്ടു സഭയുടെനേരെ ശ്ലീ. സിംഹാസനത്തിന്നു കടാക്ഷമുണ്ടായി. അന്യമതക്കാരെ ഉപദേശിച്ചു സത്യവേദത്തിൽ ചേർക്കുന്ന ഏർപ്പാടു മുമ്പുതന്നെ ഇവിടെ ഉണ്ടായിരുന്നെങ്കിലും ൧൯൨൦-ാം മാണ്ടു അത്ഭുത പ്രേഷ്ണിയുടെ നാമത്തിൽ മുറ്റുകരം വേദോപദേശശാല സ്ഥാപിച്ചു, ഇന്നെവരെയും ഇവിടെ വേദോപദേശം പഠിച്ചു ൧൫൦൦ പേരോളം വല മതക്കാരിൽ നിന്നും ജ്ഞാനസ്നാനം കൈക്കൊണ്ടിട്ടുണ്ടു. അവർക്കു ന്നതുവെ ഉറപ്പിക്കയുമുണ്ടു. പ്രസ്തുതചിലവു കൊവേന്തയിൽനിന്നും, ബെൽജ്യം കമ്മലീത്താസഭയിൽപ്പെട്ട ബ. മി. അ. അല്ലോൻസ് പാതിരിയെ

ച്ചൻ ആട്ടും കോഴികൊട്ടും പിന്നീട് ആലപ്പുഴയും വേ
ദബോധകജോലി ഊർജിതയോടെ നടത്തിയശേഷം
സ്വദേശത്തിൽ പിന്തിരിഞ്ഞു കുട്ടനാട് കുമ്പനാ ശേ
ഖരിച്ചു അയച്ചുതരുന്ന പണസഹായംകൊണ്ടുമാണ് ന
ടത്തിവന്നിരുന്നതു. എന്നാൽ യൂറോപ്പു മുഴുവനേയും
ബാധിച്ചിരിക്കുന്ന ആധുനികഭീകരസമരംനിമിത്തം ബ
ൽജ്യത്തിൽനിന്നുള്ള പ്രസ്തുത പണസഹായം തീരെ നി
ന്നുപോയി എങ്കിലും കൊവേന്തയിൽനിന്നു
തന്നെ ചിലവു നടത്തി ഈ വേദപ്രചാരജോലി നി
ർത്തലാക്കാതെ കൊണ്ടുപോരുന്നു.

ക്രി.വ. തുലാമാസം ൫-ാംനു ജപമാലമാതാവി
ന്റെ തിരുനാളിൽ അമലോത്ഭവമാതാവിന്റെ കപ്പേ
ളയിൽ ജപമാല സഖ്യത ബ. ലെയോനച്ചന്റെ പ
രിശ്രമത്താൽ മുറപ്രകാരം സ്ഥാപിച്ചു.

ടി. ധനുമാസം ൨-ാംനു അമലോത്ഭവിമാതാ
വിന്റെ തിരുനാൾ കഴിഞ്ഞു മാന്നാനത്തുകൊവേന്തയി
ൽക്കൂടിയ സംഘത്തിൽവച്ചു ഈ കൊവേന്തയുടെ പ്രീ
യോരായി മണലൂർ വള്ളി ഇടവക ചാലിശ്ശേരി കു
റുക്കാരൻ ക. നി. മ. സ. ബ. മിഖായേൽഅച്ചനും ന
വസന്യാസഗുരുവായി ൨-ാം ദ. പെ. ബ. ഗൊറിയേല
ച്ചനും തിരിഞ്ഞെടുക്കപ്പെട്ടു. ടി. ആണ്ടു ഏൽത്തുത്തു
നിന്നും വ്യവഹാരശുശ്രൂഷകനായി അത്തുതപ്രേഷ്ണി
ക്കു ഒന്നുകൂടിയും മലയും സമർപ്പിച്ചു.

ക്രി.വ. മകരം ൨൫-ാംനു ഭാനക്കാരൻ ഇട്ടൂപ്പി
ന്റെ ഭാര്യ കുഞ്ഞന്നം തന്റെ എണ്പത്തുനാലാംപ്രായ
ത്തിൽ ഭാഗ്യമരണം പ്രാപിച്ചു. മുൻ അ. ഉ അന്ത്രയാ
സയുത്തി മലശാദപ്പള്ളിക്കായുടെ അനുവാദം വാ

ങ്ങിയിരുന്ന പ്രകാരം പ്രേതം ന. പള്ളിയിൽ ഘോഷമാ
യികൊണ്ടുവന്നു സംസ്കരിക്കപ്പെട്ടു. പ്രേതസംസ്കാരദിവ
സത്തിൽ റാണിയും പുലയടിയന്തിരംവരെ ദിവസേന
പാട്ടുപൂജയും നടത്തി. അവരുടെ പ്രേതകല്ലിമാടത്തി
ങ്കൽ താഴെ എഴുതിയിരിക്കുന്ന പദ്യം മാബ്ൾകല്ലിൽ
കൊത്തിയിട്ടു.

ടി. പദ്യങ്ങൾ.

൧. ആശ്രമമാനിവിശ്രുതശ്രീമാൻ
ആശ്രവാഭാഗ്യനാമ്നിഹന്നാ,
൨. സഹസ്രനവശതം തൃതീയവത്സരെ
മഹധരമ്മണംഎണ്ണുത്തുനാലാം,
൩. സഞ്ചിതപ്രായപ്രാഥമികമാസെ
പഞ്ചവിംശത്തിതൃതിഭവിച്ചിഹ,
൪. ഭൂമിദാനകൃതംതസ്യാവിയോഗം
ഓമ്മയിൽധരിച്ചഹംപ്രാർത്ഥിക്കലോകരെ!.

പെ. ബ. പ്രീ. മിഖായേലച്ചൻ ജോലി ഏറ്റ
ശേഷം എല്ലാവരുടെ അഭിപ്രായപ്രകാരം പത്രോസി
ന്റെ കേസ്സ് അപ്പീൽ കൊടുക്കണമെന്നു തീർമ്മാനിച്ചു,
കേസ്സു നടത്തുന്നതിനു ബ. റപ്പായേലച്ചനെ എല്പിച്ചു.
തൃശ്ശിവപേരൂർക്കാരൻ കരിമ്പാറ രാമുമേനവനും ബാ
രിസ്റ്റർ മിസ്റ്റർ എ. ങ്ങി. ഗോവർ സായ്പിനും
വക്കാലത്തു കൊടുത്തു. സായ്പിനു ഫീസ്സ് ൨൦൦൲ യാ
യിരുന്നു.

കേസ്സ് അപ്പീൽ കൊടുത്തിരിക്കെ പത്രോസു ത
ന്റെ ആവലാധികളൊക്കയും ശ്രീ. സിംഹാസനത്തുങ്ക
ൽ ബോധിപ്പിക്കയാൽ അ. ഉ. ദലഗാദപ്പസ്സോലിക്കാ
ടെ വകയിൽ വിചാരണയ്ക്കു കല്പന വന്നു. അ. ഉ. ദ

ലഗാദപ്പസ്സോലിക്ക ഇരുപാട്ടുകാരും കേസ്സിൽ നിന്നു ഒഴിയണമെന്നു കല്പന അയച്ചതിനു വെ. ബ. ത്രിയോരച്ചൻ, കല്പനപോലെ ചെയ്യുന്നതിനു തയ്യാറാണെന്നും ഇരുപാട്ടുകാരു യോജിച്ചു ഹർജി കൊടുക്കാത്തതാൽ കൊവേന്തയ്ക്കു ദോഷമുണ്ടെന്നും ബോധിപ്പിച്ചു. എന്നാൽ പത്രോസു അതിനു സമ്മതിച്ചില്ല.

൧൯൦൯- കർക്കടമാസം ൧൯-ാംനു- അമലൊത്ഭവി മാതാവിൻെറ കപ്പേളയിൽ വി. കർമ്മലോത്തരീയ സഖ്യത മുദ്രകരം സ്ഥാപിച്ചു വളരെയാളുകൾ അതിൽ ചേർന്നു.

൧൯൧൪- കുഭം ൧൦-ാംനു- അപ്പീൽ കേസ്സ് കൊവേന്തയ്ക്കനുകൂലമായി വിധിച്ചു. അപ്പീൽ ജഡ്ജിമാർ മിസ്റ്റർ എസ്സ്. ലോക്ക് സായ്പ്. മിസ്റ്റർ കൃഷ്ണമേനോൻ. മിസ്റ്റർ നാരായണമാരാർ എന്നിവരായിരുന്നു. ടി. കന്നിമാസം ൨-ാംനു- തുരുത്തിപ്പുറം പള്ളി ഇടവക മാള പള്ളിപ്പുറത്തു പുതുവത്തു ഔപ്പേലി ചാക്കു എന്നയാൾ ഇവിടെ വച്ചു മരണം പ്രാപിച്ചു. ഇയാൾ ഏകദേശം ൫൦- വർഷം മുമ്പു തൻെറ വീട്ടുകുടുംബവും ഉപേക്ഷിച്ചു ഇവിടെ താഴ്ത്തണ്ടായിരുന്ന ശ്രാമ്പിയിൽ പാർത്തിരുന്നു. മരണംവരെയും കുമ്പസാരം, കുർബാന ജപധ്യാനം മുതലായ ഭക്തികൃത്യങ്ങളിൽ തൻെറ ജീവിതം നയിച്ചു, കൊവേന്തയ്ക്കുള്ള കൃഷിവേലകളും നടത്തിയിരുന്നു. മേൽ തിയ്യതിക്കു കുറച്ചു ദിവസം മുമ്പു വാർഡ്യദീനത്തിൽ അകപ്പെട്ട സുബോധത്തോടുകൂടി അന്ത്യ ക്രിയാശകളും കൈക്കൊണ്ടു ഏകദേശം ൭൦-ാം പ്രായത്തിൽ കർത്താവിൽ സമാധാനനിദ്ര പ്രാപിച്ചു, പള്ളിമണ്ഡപത്തിൽ മുദ്രകരമുള്ള സംസ്കാരകർമ്മങ്ങൾ നടത്തി അടക്കംചെയ്തു.

പള്ളിയുടെ വാതുക്കലുള്ള വട്ടക്കല്ലു വെള്ളത്തേയ്ക്കു തെ കിടന്നിരുന്നതു തേയ്ക്കുയും പള്ളിയുടെ നടവഴിക്കു തെക്കെ അറ്റത്തുള്ള നടയും മതിലുകളും കെട്ടിക്കയും ചെയ്തു.

൧൮൭൫– ധനു ൪–ാം നു– ഇവിടെ പ്രഥമമായി ൨൦–മണിയാരാധന എന്നീ മഹോന്നതകർമ്മം അനുഷ്ഠിക്കുന്നതിന്നായത്തമായി നടത്തിയ ധ്യാനത്തിന്നു അമ്പഴക്കാട്ടു, പുത്തഞ്ചിറ, മാള, ചാലക്കുടി, കൊരട്ടി മുതലായ ദിഗ്വ്യാപ്തികളും ക്രൂടിയിരുന്നു. ധ്യാനം നടത്തുന്നതിന്നു നിശ്ചയിക്കപ്പെട്ടിരുന്ന പ്രിസിദ്ധ ധ്യാന ഗുരുവായ പെ. ബ. പ്രീ. ജെ. ചാണ്ടിയച്ചന്നാരംഭത്തിൽ വന്നുചേരുന്നതിന്നു സാധിക്കായ്കയാൽ പെ. ബ. ഒറ്റപ്പിത്തോർ ഔറിയേലച്ചനും ബ. റപ്പായേലച്ചനും ധ്യാനം തുടങ്ങി. കടശി പെ. ബ. ജനറാൽ ചാണ്ടിയച്ചൻ വന്നു ധ്യാനം മുഖിയാക്കി. ൨൦–മണിയാരാധനയുടെ തലേദിവസം അസുമാനത്തോടെ എ. പെ. പെ. ബ. മേനാച്ചേരിമാർ യോഹന്നാൻ മെത്രാനച്ചനവർകളെ വളരെ ശ്ലാഘ്യമായ എതിരേല്പോടുകൂടെ കൈക്കൊണ്ടു. ൨൦–മണിയുടെ ൧–ാം ദിവസം കാലത്തു എ. പെ. പെ. ബ. മെത്രാനച്ചനവർകൾ കുർബ്ബാന ചൊല്ലി പ്രസംഗം പറകയും ൨൦൦–ൽ പരം ആളുകൾക്കു സ്ഥൈര്യലേപനം നൽകയും ചെ. കുർബ്ബാനയുടെ പ്രദക്ഷണം കഴിച്ചു പിന്തിരികയും ചെയ്തു.

൧൮൭൪ മകരം ൭–ാംനു– ബെൽജ്യമിൽ നിന്നും ക. നി. സ. ബ. ജോസഫ് പാതിരിയച്ചൻ കൊല്ലത്തു വരികയും അവിടത്തെ കൊവേന്തയിലെ വികാരി അച്ചനൊന്നിച്ചു മാന്നാനത്തേയ്ക്കും അവിടെ നിന്നും പെ. ബ. കൊച്ചു ചാണ്ടിയച്ചൻ ഒന്നിച്ചു ഇവിടേയ്ക്കും

വന്നു രണ്ടുദിവസം താമസിച്ചു മടങ്ങുകയും ചെയ്തു.

ടി. ധനു വ-ാംനു അമലോത്ഭവി മാതാവിൻെറ തിരുനാൾ കഴിഞ്ഞു മാന്നാനത്തു കൂടിയ പൊതുസംഘത്തിൽവച്ചു ഈ കൊവന്തയുടെ പ്രിയോരായി പുതുക്കാട്ടുപള്ളി ഇടവക കുളങ്ങരെ പുളിക്കൻ ക. നി. മൂ. സ. പെ. ബ. ഗ്രൗറിയേലച്ചനും നവസന്ന്യാസഗുരുവായി ബ. ക്രിസോസ്റ്റോമോസച്ചനും തിരിഞ്ഞെടുക്കപ്പെട്ടു.

ഫൻാ-ൽ ക്രനന്മാവു വി. യൌസേപ്പുപിതാവിൻെറ അശ്രുവത്തിൽനിന്നു രണ്ടു വളക്കു ഒരു പവനും പിന്നീടു ഒരു പവനും വിചിത്രമായ തൈപ്പുള്ള ഒരു മാലയും അത്ഭുതപ്രവൃത്തിക്കു സമർപ്പിച്ചു.

൭. ഫൻാന്ത-കുംഭമാസത്തിൽ ന. റൊളശൂട്ടങ്ങൾ ശാശ്വതമായി ഉറപ്പിച്ചിരിക്കുന്ന തിരുസംഘത്തിൻെറ ദക്രെത്തുകളും റൊളശൂട്ടങ്ങൾ ലത്തീനിൽ അടിപ്പിച്ച പകുപ്പുകളും വന്നിരിക്കുന്നതായി പെ. ബ. പ്രിയോർ ജനറാളച്ചൻ അറിയിച്ചു.

ടി. മാസം ൻ-ാംനു ദാനക്കാരൻ ഇട്ടൂപ്പിൻെറ ഭവനത്തിൽ ദത്തവകാശിയായി പാർക്കുന്ന പാനിക്കുളം യൌസേപ്പു എറണാകുളത്തുവച്ചു മരിക്കയും അവിടെനിന്നു പ്രേതം സ്വഭവനത്തിൽ കൊണ്ടുവന്നു അമ്പഴക്കാട്ട ഇടവകപള്ളിയിൽ സംസ്കരിക്കപ്പെടുകയും ചെയ്തു. ഇവിടെ നിന്നു ശവസംസ്കാര ശേഷക്രിയകൾക്കു പോയിരുന്ന അച്ചന്മാരിൽ ബ. റപ്പായേലച്ചൻ പ്രസംഗം പറഞ്ഞു. ഇയ്യാൾ ഈ കൊവേന്തയുടെ ആരംഭം മുതൽ വളരെ ഉപകാരിയായിരുന്നതിനെക്കൊണ്ടു പാട്ടുകുമ്പാനമുതലായ ശേഷക്രിയകൾ ന. പള്ളിയിലും നടത്തി.

ഇത്താല്യയിൽ നിന്നു മുൻ ക്രൈസ്തവരാവുകൽ വന്നു ത്തിയിരുന്ന ഭാഷയനുസരിച്ചു പുതിയ ഒരു ക്ലാസ്സും കത്തി സ്സൾ, റംശെത്തി, സക്രാരി മുതലായതു തുശ്ശീവപേരു ർ മുളക്കൻ വരിയതിനെക്കൊണ്ടു പണിയിച്ചു.

ഫൻാ൬ മകരം വ൨ാംനു കു. നി. മു. സ. ബ. കുരിശിന്റെ യോഹന്നാനച്ചൻ ഇവിടെനിന്നു ഏൽത്തു രുത്താശ്രമത്തിൽ ചികിത്സിക്കുന്നതിനായി താമസിക്കയി ൽ പല ഔഷധികൾ ചെയ്തിട്ടും രോഗം ഒന്നോടു ഒന്നു അധികരിക്കയാൽ കത്താവിങ്കൽ സമാധാന നിദ്ര പ്രാ പിച്ചു. ഇദ്ദേഹം ക്രൈസ്തവനു തുലാം വ൨ാംനു അമ്പ ഴക്കാട്ടു ഇടവക മടത്തുമ്പടി എന്ന സ്ഥലത്തു മാളിയെക്ക ൽ എന്ന മാന്യകുടുംബത്തിൽ ജാതനായി. കാപ്പിൽ ബ. മത്തായിയച്ചന്റെ പ്രത്യേകതാല്പര്യത്താൽ ക്രൈസ്ത ധനു ക൪ാംനു എൽത്തുരുത്തു സെമിനാരിയിൽ ചേ ന്നു. ക്രൈസ്തു മകരത്തിൽ സഭയിൽ ചേന്നു നവസ ന്യാസകാലവും വൈദീക പഠനവും സ്തുത്യാർഹമാം വ ണ്ണം പൂർത്തിയാക്കിയശേഷം ക്രൈസ്തവു ധനുവിൽ ഉരു വട്ടം ഏറ്റു. സ്വഭാവത്താലെതന്നെ രോഗപീഡിതനാ യിരുന്ന ഇദ്ദേഹം ദീനവേദനകൾ എല്ലാം ക്ഷമാപൂർവ്വം സഹിച്ചിരുന്നതു കൂടാതെ ക്രമാനുഷ്ഠാനത്തിൽ നല്ല സൂ ക്ഷമുള്ളവനും സാധുത്വം പരോപകാരം സമാധാനശീലം എന്നിവകളിൽ പ്രശോഭിതനുമായിരുന്നു. ഇദ്ദേഹ ത്തിന്റെ ദൈഹവിയോഗം അറിഞ്ഞക്ഷണത്തിൽ പെ. ബ. പ്രിയോരച്ചനും ബ. റപ്പായേലച്ചനും ഇവിടെനി ന്നും പോയി ശവസംസ്കാരകർമ്മം നടത്തി ടി. ആശ്രമ ദേവാലയത്തിൽ അടക്കം ചെയ്യപ്പെട്ടു.

ഫൻാ൬ൽ പുതുക്കാട്ടു ഇടവക മാളിയേക്കൽ (പെ റുവാളക്കാരൻ) ബ. പ്രഞ്ചു അച്ചൻ നാ൨ കു. വിലയു

ള്ള ഒരു വാളസെറുവിളക്കു സമ്മാനിച്ചു.

ഫ്രാൻസീസ് മീനാ_ദാനക്കാരനായ ഉട്ടൂപ്പ് കൊവേന്തയിരിക്കുന്ന കോട്ടപ്പുറമ്പിനുതൊട്ടു വണ്ടാരവാക ഊട്ടുപുരപറമ്പിൽ മൂന്നു നിലയിൽ ഒരു ശ്രാമ്പിയും അതോടുചേർന്നു നാലുകെട്ടുമാറും പണിയിച്ചിട്ടുണ്ടായിരുന്നു. ഇതിന്റെ ശീലാന്തിമുതലായ വളരെ ഘനംകൂടിയ മരങ്ങൾ പിന്നീടെടുത്തു കൊവേന്തപണിക്കു ഉപയോഗിച്ചു. ക്രമേണ ചുമരുംമാറും പൊട്ടിത്തുടങ്ങിയതുകൊണ്ടു അതുപൊളിച്ചു ദാനക്കാരന്റെ ശ്രാമ്പിസ്മാരകമായി കൊവേന്തമതിലകത്തു തെക്കു കിഴക്കുവശമുള്ള വലിയകുളത്തിന്റെ കരയോടു രണ്ടു നിലയിൽ പുറവാരത്തോടുകൂടി ഒരു ശ്രാമ്പി പണിയിച്ചു ഓടിട്ടു.

ടി. തുലാമാസം_ ഈ കൊവേന്തയിൽ നവസന്ന്യാസികൾക്കു വാഴ്വാനായി ൨൩–വർഷംമുമ്പു അ. ഉ. ദ ലഗാദപ്പസ്തോലിക്കായുടെ കല്പനപ്രകാരം കൊവേന്തയോടു ചേർന്നു പടിഞ്ഞാറെവശം തറപ്പൊക്കമാക്കിയിട്ടിരുന്ന കെട്ടിടം പണിതീർക്കുന്നതിനായിട്ടും മറ്റും ഇ൦൦൩_കു യുടെ ഒരു കുറി വെക്കുന്നതിനു നിശ്ചയിച്ചു അനുവാദംവാങ്ങി ബ. റപ്പായലച്ചന്റെ അതിശ്രമത്താൽ ടി. മാസത്തിൽതന്നെ കുറി നടത്തി. കുറി നടത്തുന്നതിലേക്കു സഹായക്കാരായി ദാനക്കാരന്റെ മൂന്നാമത്തെ മകളുടെ മകൻ പാനികുളം യൌസപ്പു ഇട്ടൂപ്പും ദാനക്കാരന്റെ പെങ്ങളുടെ മകന്റെ മകൻ ഉരുക്കൻ തോമസും മാളപ്പുള്ളിയിടവക കോഴിപ്പാട്ടു (മണ്ടി) ലോനപ്പൌലോസും ആത്തപ്പിള്ളി കുഞ്ഞുവക്കി ദേവസ്സിയും എന്ന നാലുപേരെ നിശ്ചയിച്ചു. ഇപ്പോൾ കോഴിപ്പാട്ടു പൌലോസും ആത്തപ്പിള്ളി ദേവസ്സിയും ടി. കാര്യങ്ങൾ നടത്തിവരുന്നു.

൧൯൦൯- ധനു ൨൬-൦൩൯ ക. നി. മ. സ. ബ. ശ്രേഷ്ഠ. കുറിശ്ശിൻെറ തോമാച്ചൻ തേവരെ കൊവേന്തയിൽ വച്ചു മരണം പ്രാപിച്ചു. ഇദ്ദേഹം മുച്ചാറ്റു പുഴെ മുണ്ടക്കൻ എന്ന മാന്യകുടുംബത്തിൽ ൧൮൭൨- കുക്കടകം ൧൬-൦൩൯ ജാതനായി. ൧൮൮൮ മീനത്തിൽ സഭയിൽ ചേർന്ന സന്യാസവസ്ത്രം ധരിച്ചു, നവസന്യാസത്രം സ്വീകാർഹമാംവണ്ണം നയിച്ചശേഷം മംഗലപ്പുത്തു പോയി വൈദീകപഠനം പൂർത്തീകരിച്ചു ൧൮൯൨- ടെത്തിൽ ശ്രേഷ്ഠപട്ടമേറ്റു. ഇദ്ദേഹം ഇവിടെ പാർത്തിരുന്നപ്പോൾ ഉണ്ടായ സുഖക്കേടു നിമിത്തം സ്ഥലം മാറി വാഴക്കുളത്തുപോയി താമസിച്ചുവരികയിൽ സുഖക്കേടു വർദ്ധിച്ചു തേവരെ വന്നു പാർത്തു, ചികിത്സിച്ചിട്ടും ഭേദപ്പെടാതെ ഏവർക്കും ഉത്തമദ്ധ്യാത്മമായി നല്ലുക്ഷമയോടും ദൈവതിരുമനസ്സിനു പൂർണ്ണമായ കീഴ്പ്പഴക്കത്തോടും നല്ല ഒരുക്കത്തോടും ക്രൂടെ തൻെറ ആത്മാവിനെ സൃഷ്ടാവിൻെറ കരങ്ങളിൽ ഏല്പിച്ചു. ടി. ആശ്രമദേവാലയത്തിൽ അടക്കംചെയ്യപ്പെട്ടകയും ചെയ്തു.

൩-ാം അദ്ധ്യായം.

൧൯൨൬-൯൨൬.

ആശ്രമശ്രേഷ്ഠന്മാർ, ബ. ലെയോനച്ചൻെറ മരണം, യൂപ്പുള്ളിക്കാരുടെ തക്കവാദം, നവസന്യാസഭവനപൂർത്തീകരണം, യൂപ്പുള്ളിക്കാരുടെ വ്യവഹാരം, മാള അസ്സ്വത്തി, പ. സ. പങ്കറാസി. അഞ്ചാഹം എന്നിവരുടേയും ത്രു. സഹോദരൻ സ്കറിയായുടേയും ബ. റപ്പായേലച്ചൻെറയും മരണം, ജൂബിലിഉത്സവം.

൧൯൨൬ ഇടവത്തിൽ എ. വെ. വെ. ബ. ത്രു

ശ്രീവപേരൂർ വി. അ. മേനാച്ചേരി മാർ യോഹന്നാൻ മെത്രാനച്ചനവർകൾ അപേക്ഷപ്രകാരം ഈ ആശ്രമ ദേവാലയത്തിൽവച്ചു പട്ടാകൊട്ടപ്പാനായി ടി. മാസം ൨൪-൹ ഞായറാഴ്ച കാലത്തു വൈന്തലെനിന്നും എതിരേല്ക്കുട്ടോടുകൂടെ ഇവിടെ വന്നു. ഛങ്ങനാശ്ശേരി, തൃശ്ശിവപേരൂർ എന്ന മിസ്സങ്ങളിലുള്ള വല ശമ്മാശ്ശന്മാർക്കു ഗ്രഹപ്പട്ടവും മറ്റു പട്ടങ്ങളും കൊടുത്തു. പട്ടക്കർമ്മം കാണ്മാനായി വൈന്തലെ മഠത്തിൽനിന്നും കന്യാസ്ത്രീകളും സമീപസ്ഥലങ്ങളിൽനിന്നു വളരെ പുരുഷാരവും വന്നുകൂടിയിരുന്നു. ൨൭-൹ തിങ്കളാഴ്ച ബ. തിരുഹൃ. യെശുസപ്പച്ചനും ബ. കുരിശിന്റെ പത്രോസച്ചനും ബ. ഗ്ല. കുബ. സിൽവസ്ത്രോസച്ചനും ഇവിടെ തന്നെ നവപൂജ സമർപ്പിച്ചു.

ദാനക്കാരൻ ഇട്ടൂപ്പു ദാനംചെയ്തതിന്റെ ശേഷം ഒന്നരണ്ടുകാലം കഴിഞ്ഞു മ്ലാപ്പള്ളി മാളയിറയ്ക്കു കിഴക്കോട്ടുള്ള വഴിക്കു തെക്കുവശം വസിച്ചിരുന്ന ജോനകരിൽനിന്നു ക്രിസ്ത്യാനികൾക്കുപദ്രവം നേരിടാതിരിപ്പാൻവേണ്ടി ജോനകർ പാർത്തിരുന്ന വസ്തുക്കളെല്ലാം തീറുവാങ്ങി ജോനകരെ ഒഴിപ്പിച്ചു ക്രിസ്ത്യാനികളെ പാർപ്പിച്ചു. ക്രിസ്ത്യാനികളായ വലകുടിയാന്മാർ മ്ലാപ്പള്ളി–മുതൽ വെള്ളോലയിലും പിന്നീടു മുരോലയിലും എഴുതിയ പാട്ടശീട്ടുകൾ വഴി ഫർറാമാണ്ടുവരെ കൊവേന്തപാട്ടക്കാരായി നടന്നുവരികയിൽ, സമ്പ്രതികാലത്തിൽ ടി. വസ്തുക്കളിൽ കുറെ ഭാഗം മാളയൂദപള്ളിക്കാർ തങ്ങളുടെ ജന്മത്തിൽ പെട്ടതെന്നു തെറ്റിധരിച്ചു സമ്പ്രതിക്കാരെ ശ്രുവാശ്ചെയ്തു തങ്ങളുടെ പേരിൽ സമ്പ്രതി ചെയ്യിപ്പിച്ചശേഷം വസ്തു കൈവശമാക്കുന്നതിലേക്കു മാളയിൽ ചില പ്രധാനികളെ സം

വിച്ചു ക്രിസ്ത്യാനികളായ നമ്മുടെ പാട്ടക്കാരിൽ പാറേക്കാട്ട കൊച്ചാക്കു, ചിറയത്തു അന്തോനി, എന്നിവരെക്കൊണ്ടു യൂദപ്പള്ളിക്കു റജിസ്ട്രു പാട്ടശീട്ടു വയ്പിച്ചു. ഈ രണ്ടു പാട്ടക്കാരും ഉദ്ദേശം ൬൫ കൊല്ലംമുമ്പുതുടങ്ങി കൊവേന്തക്കു പാട്ടം തന്നുവന്നിരുന്നു.

ഈ കൃത്രിമം അറിഞ്ഞു പാട്ടംതീർത്തു വസ്തു ഒഴിഞ്ഞു തരുന്നതിന്നായി കൊവേന്തയിൽനിന്നു ടി. പാട്ടക്കാർക്കു നോട്ടീസയക്കയും അവരു വഴിപ്പെടാഞ്ഞതിനാൽ അന്യായംകൊടുക്കയും തെളിവിലേക്കായി കൊവേന്തയിലെ ആദ്യംമുതൽക്കുള്ള കണക്കുപുസ്തകങ്ങളും കൊവേന്തക്കു സിദ്ധിച്ചിരിക്കുന്ന രേഖ്രാറഞ്ഞ പാട്ടശീട്ടുകളും മറ്റു പല രജിസ്ട്രു പ്രമാണങ്ങളും ഇതുബന്ധിച്ചു നടന്ന പാവ്ത്യക്കാരന്റെയും സവ്വെ അസിസ്റ്റാണ്ടിന്റെ സൂപ്രണ്ടിന്റെയും വിചാരണരിപ്പോർട്ടുകളുംകൂടാതെ, പല സാക്ഷികളേയും ഹാജരാക്കി വിസ്താരം നടത്തിയശേഷം സവ്വെനിയമപ്രകാരം ഈ കേസ്സിന്നു കുലഹരണം സ്ഥാപിച്ചു തള്ളിയതിനാൽ ജില്ലായിൽ അപ്പീൽ കൊടുക്കയും അവിടെ കാലഹരണദോഷമില്ലെന്നും കേസ്സു തെളിവെടുത്തു വിസ്തരിച്ചു തീർപ്പാനിക്കേണ്ടതാണെന്നും വിധി കൊവേന്ത സമ്പാദിക്കയും ചെയ്തു. ഇതിന്നു യൂദപ്പള്ളിക്കാർ ചീഫ്കോർട്ടിൽ അപ്പീൽ കൊടുക്കയും കീഴ്ക്കോടതിവിധി ശരിവെച്ചു കേസ്സു വിചാരണയ്ക്കായി ഇരിഞ്ഞാലക്കുടെ മുൻസീഫ്കോർട്ടിലേക്കയക്കയും ചെയ്തു.

൨. കൺവ്വധന വ്യാജം കഴിഞ്ഞു മുറപ്രകാരം മാന്യാനത്തുകൂടിയ പൊതുസംഘത്തിൽവച്ചു മുൻ പ്രിയോർ ഫെ. ഖ. ഗെരിയേലച്ചൻതന്നെ ഈ കൊവേന്തയുടെ പ്രിയോരും ൧-ാം ഭ. ഫെ. ഖ. പീയൂസച്ചൻ

നവസന്ന്യാസഗുരുവുമായി തിരിഞ്ഞെടുക്കപ്പെട്ടു.

മംഗലാപുരത്തെ വാസം കഴിഞ്ഞു ഇവിടെ താമസിച്ചിരുന്ന ന-ാംപട്ടക്കാരനും, തൃശ്ശൂർ മെത്രാനച്ചന്റെ അനന്തരവനുമായ അനസ്താസ്യോസ് ശെമ്മാശ്ശൻ ടി. ക്ന-ാംറ- ഞായറാഴ്ച എറണാകുളത്തുവച്ചു കുർബാനപ്പട്ടമേറ്റു മടങ്ങിവന്ന ക്ൻാൻ-മകരം വ-ാംറ- ടി. അച്ചൻ ഇവിടെ വച്ചു പുത്തൻകുർബാന ചൊല്ലി. കൊരട്ടിവള്ളിയിൽ ആശ്വാസത്തിനായി വന്നുപാർത്തിരുന്ന എറണാകുളം എ. പെ. പെ. ബ. മെത്രാനച്ചനവർകൾ ഇവിടെനിന്നുപേക്ഷിച്ചതനുസരിച്ചു പുത്തൻകുർബാനസ്സു വരാമെന്നു സമ്മതിച്ചതിനാൽ വളരെ ആഘോഷപൂർവ്വം കൈക്കൊള്ളപ്പെട്ടു. പുത്തൻകുർബാനദിവസത്തിൽ തൃശ്ശിവപേരൂർ എ. പെ. പെ. ബ. മെത്രാനച്ചനവർകളും പ്രിയോർജനരാൽ പെ. ബ. ബസ്സേല്യോസച്ചനും മറ്റു വല അച്ചന്മാരും വന്നിരുന്നു. മെത്രാനച്ചന്മാർ രണ്ടുപേരും നവപൂജക്കു പീഠത്തിൻമുമ്പാകെ സാന്നിദ്ധ്യന്മാരായിരുന്നു.

ടി. ആണ്ടു അമ്പഴക്കാട്ടു ചക്കാലമറ്റത്തു കണിച്ചായി ഇട്ടൂരമകൻ യൌസേപ്പു അതുല്യതപ്രേഷണ്ണിക്കു വിലയേറിയ ഒരു മുടി സമ്പ്രീച്ചു.

ടി. ആണ്ടു കുംഭം ന-ാംറ- രാത്രി ക്ര മണിക്കു ത്ു. സ. ന. ക. ഉയപ്പിന്റെ തോമ ക്രുനന്മാവിങ്കൽവച്ചു പെട്ടന്നുള്ള വാതരോഗത്താൽ പരലോകപ്രാപ്യനായി. ആലങ്ങാട്ടു വള്ളി ഇടവക മേനാച്ചേരി എന്ന മാന്യകുടുംബത്തിൽ ക്വ്റവ- കക്കടകം ക്ര-ാംറ- പിറന്നു. ക്വുന്നവ-ചിങ്ങം ര-ാംറ- ക്രുനന്മാവിങ്കൽ നവസന്ന്യാസാശ്രമത്തിൽ വന്നുചേർ. സന്ന്യാസപുണ്യങ്ങളിൽ വളരെ തല്പരതയോടെ അഭ്യസിച്ചതിനും പു

ഠമെ കൈത്തൊഴിൽ നല്ലപോലെ ശീലിച്ചു കസവു നൂൽ, പട്ടനൂൽ മുതലായവകൾകൊണ്ടു കുബ്ബായകുപ്പായം, ദൽമത്തി, കുപ്പ, വേഷകുസ്സ, കൊടി, കുസ്സോടി യുറമുതലായശീലവെഞ്ചാമാടികൾ അതിവിചിത്രാകൃതിയിലും, ഏവരും അതിശയിക്കത്തക്കവണ്ണവും, ഉണ്ടാക്കുന്നതിൽ തന്റെ അയുസ്സിന്റെ വലിയഭാഗവും ചിലവഴിച്ചു. മാന്നാനം, വാഴക്കുളം, ഏൽത്തുരുത്തു, ക്രുനന്മാവു, അമ്പഴക്കാട്ടു എന്നീ കൊവേന്തകളിൽ വലപ്പോഴായി താമസിച്ച തന്റെ കൈവേലസാമർത്ഥ്യത്തിന്റെ ലക്ഷ്യങ്ങളായി മേത്തരം ശീലവെഞ്ചാമാടികൾ തെച്ചുണ്ടാക്കിയിട്ടുണ്ടു. ഇവിടെ താമസിക്കയിൽ പനിയും കാലിന്മേൽ നീരുംവന്നു ചികിത്സകൾചെയ്തു അല്പം ആശ്വാസപ്പെട്ടശേഷം സ്ഥലംമാറി പാത്താൽ പുണ്ണ്യസുഖം വരുമെന്നു കരുതി ക്രുനന്മാവിലേക്കു മാറി, അവിടെ ചെന്നു ഒരുമാസം കഴിഞ്ഞശേഷം പെട്ടെന്നു അന്ത്യദീനം പിടിപെട്ടു ഈലോകം പിരിഞ്ഞു. ഇവിടെനിന്നും മറുസ്ഥലങ്ങളിൽനിന്നും ചെന്നിരുന്ന വൈദീകഗണത്തിൻ സന്നിധ്യത്തോടെ ശവസംസ്കാരകർമ്മങ്ങൾ നടത്തി ക്രുനന്മാവു ആശ്രമദേവാലയത്തിൽ അടക്കം ചെയ്യപ്പെട്ടു.

൧൸൫൩-ചിങ്ങമാസത്തോടെ കൊവേന്തയുടെ വടിഞ്ഞാറെവശത്തുചേർന്നു രാജകോൽ നീളത്തിൽ താപ്പൊക്കമായി കിടന്നിരുന്ന മുറിപ്പണി ക. നി. മൂ. സ. ബ. സുനിസ്സാവോസച്ചന്റെ അത്യുത്സാഹത്താൽ തുടങ്ങി. പിന്നീടു സുഖക്കേടുനിമിത്തം അദ്ദേഹം സ്ഥലം മാറിയിട്ടിനാൽ ടി. പണിക്കായി ബ. ബർണ്ണർദീനോസച്ചനെ വരുത്തി പണി പിൻ തുടർന്നു; അദ്ദേഹം സ്ഥലം മാറപ്പെട്ടശേഷം ബ. ലെയ്പ്പോൾദച്ചനും ബ. അ

സ്ത്രോയാസച്ചനും ഇ. സ. ആ. കറിയാക്കോസും അത്യന്ത പരിശ്രമംചെയ്തു പണി മുഖിയാക്കി.

ഫൻമഹകേരം ചൈനാ ശനിയാഴ്ച ഉച്ചതിരിഞ്ഞു രൽമണിക്കു കു. നി. മു. സ. ബ. ലെയോനച്ചൻ കൽത്താവിങ്കൽ നിദ്രപ്രാപിച്ചു. പിറ്റേദിവസം ഞായറാഴ്ച ക്രമപ്രകാരമുള്ള ശേഷക്രിയകൾ കഴിച്ചു പ്രേതം മദ്ബഹായുടെ നടയുടെ തായെ ബ. അന്ത്രയോസച്ചന്റെ കുഴിമാടത്തിൽതന്നെ സംസ്കരിക്കപ്പെട്ടു. ബ. അന്ത്രയോസച്ചനും ബ. ലെയോനച്ചനും ഇന്നിച്ചു കൽത്തുരുത്തു സെമ്മിനാരിയിൽ പഠിച്ചവരും ഇന്നിച്ചു കൊച്ചേന്തയിൽ പട്ടമേറ്റവരുമാണു. ബ. ലെയോനച്ചൻ കൊരട്ടിപള്ളി ഇടവകയിൽ അന്നനാട്ടുകരയിൽ കുവലക്കാട്ടു വട്ടോലി എന്ന മാന്യതറവാട്ടിൽ ജനിച്ചു. ഇദ്ദേഹം കൽത്തുരുത്തുസെമ്മിനാരിയിൽനിന്നും സ്വാപട്ടത്തിൽ കൊച്ചന്തയിൽചേർന്നു ഗുരുപട്ടമേറ്റു. മഹാദൈവഭക്തനായിരുന്ന ഇദ്ദേഹം ദൈവസ്തുതിക്കും ആത്മരക്ഷക്കും വളരെ ശ്രദ്ധാന്തിയോടെ വേല ചെയ്യാനാഗ്രഹിച്ചു ധ്യാനം, പ്രസംഗം, കുമ്പസാരം മുതലായ കായ്ങ്ങൾ അതി ജാഗ്രതയോടെ നടത്തിയിരുന്നു. കുറെ കഴിഞ്ഞശേഷം ക്ഷിത്രഭ്രമം പിടിപെട്ടു, വളരെ ചികിത്സകൾ കഴിച്ചെങ്കിലും ദീനം തീരെ വിട്ടുപോയില്ല. കടശികാലം പ്രസ്തുതദീനത്തോടുകൂടെ വാതരോഗവും വന്നുഭവിച്ചു. ദീനാന്ത്യകാലം തൃശ്ശിവപേരൂർ എ. പെ. വെ. ബ. മെത്രാനച്ചനവർകളിൽനിന്നു ആശീർവ്വാദം കൈക്കൊള്ളുവാൻ ഭാഗ്യം സിദ്ധിച്ചു. കടശി അന്ത്യമക്രദാശകളും മുറപ്രകാരമുള്ള മണ്ഡവിശോധനങ്ങളും കൈവിടുരസ്സാം കൈക്കൊണ്ടു ഇഹലോകം വിരിഞ്ഞു.

ടി. കക്കടകം–പെ. ബ. ശ്രീ. ഗൊറിയേലച്ചന്റെ കാലത്തിൽ നവസന്ന്യാസഗൃഹം പണിയിച്ചതുകൂടാതെ പൊതുജനോപകാരാർത്ഥം നടത്തിയ അസ്സുത്രിസ്ഥാപനം വളരെ പ്രശംസനീയമായ ഒന്നുകുന്നു. മാളയിൽ ഒരാസ്പത്രി പണിയുന്നതിന്നു അപേക്ഷിച്ച പ്രകാരം ഡോക്ടർ ക്രമ്പസ് സ്ഥലത്തുവന്നു പരിശോധിച്ചു സ്ഥലം സ്വീകരിച്ചു, കൊട്ടത്ത പ്ലാൻ പ്രകാരം വടമ വില്ലേജിൽ കൊവേന്തവക സർവ്വെ വൈ–ൽ സബ്ഡിവിഷ്യൻ ഗ്രൗണ്ടിന്റു ട്രമിയിൽ ക– ഏക്കു് ൫–ൽ സെൻറു സ്ഥലത്തു കെട്ടിടം പണിയുന്നതിന്നാരംഭിച്ചു. കെട്ടിടം പണിയുന്നതിന്നു പ്രത്യേകമായി ക. നി. മു. സ. ബ. അന്തോസച്ചനേയും പണപ്പിരിവിന്നായി ക. നി. മു. സ. ബ. ഈ. തിരുഹൃ. യെസേപ്പച്ചനേയും ഏർപ്പെട്ടത്തി; മാള, വടമ, അന്നമനടമുതലായ ദേശങ്ങളിൽനിന്നും ൯൦൦–ൽ ചില്വാനം ഉറുപ്പിക അതിലേക്കു ധർമ്മമായി പിരിച്ചു. ൯൦൦൦– ക. യോളം ചിലവുള്ളതായ ആസ്പത്രി കുറെ മാസങ്ങൾകൊണ്ടു പണി തീർത്തശേഷം ൧൯൨൫– തുലാം ൧൯–ാംനു– അപേക്ഷപ്രകാരം രാ. രാ. ശ്രീ. ദിവാൻ ബാനർജി വന്നു ആസ്പത്രി തുറന്ന അവസരത്തിൽ ഡാക്ടർ ക്രമ്പസും, സാൾട്ട് സൂപ്രണ്ടു ബ്രൌണും, ബ്രദർ നിക്കോമേസും, രാ. ശ്രീ. പാമ്പുമേയ്ക്കാട്ടു നമ്പൂരിയും മറു പല മഹാന്മാരും സന്നിഹിതരായിരുന്നു. വെടി, കൊട്ട, പാട്ട മുതലായവകളോടെ മാന്യസമൂഹത്തെ കൈക്കൊണ്ടു; റിപ്പോർട്ടുകൾ വായിച്ചശേഷം ദിവാൻപറഞ്ഞ മറുപടിയിൽ പരോപകാരാർത്ഥം കൊവേന്ത അച്ചന്മാർചെയ്ത ബുദ്ധിമുട്ടിനെക്കുറിച്ചു വളരെ ശ്ലാഘിക്കയും, പണിക്കുവേണ്ടി കൊവേന്ത സഹിച്ച ചിലവിൽ ഏതാനും

ഭാഗം ഗവർമ്മേണ്ടിൽനിന്നും തരുന്നതാണെന്നു വാദി
നും ചെയ്യുകയുംചെയ്തു. അനന്തരം അപേക്ഷപ്രകാരം
കൊവേന്തയിൽവന്നു തയ്യാറാക്കിയിരുന്ന ലഘുഭക്ഷണം
സ്വീകരിച്ചു മാനമായി കൊട്ടത്ത സീലി വാങ്ങി മട
ങ്ങി. ഏറെ താമസിയാതെതന്നെ വാദത്തപ്രകാരം
൫൦൦-ക. യും, കൊവേന്തയിൽനിന്നും കൊട്ടത്ത സ്ഥല
ത്തിന്നു അതുയും സ്ഥലവുംതന്നു. ടി. യാണ്ടുകരഞ്ഞിറ അ
ലപ്പാട്ടുദേവസ്സിമറിയം ദീനശമനസ്മാരകമായി ൫൦-ക.
യുടെ ഒരു വാൾസെട്ടുവിളക്കു വഴിവാടായിസമർപ്പിച്ചു.

൨ ൧൯൨൨-ചിങ്ങത്തിൽ നവസന്ന്യാസഗൃഹം പ
ണിയുന്നതിൽ കൊവേന്തയ്ക്കു വന്നുകൂടിയ ഭാരനിവാര
ണത്തിന്നായി ൫൦൦-ക. യുടെ ഒരു കുറിക്കുടെ വയ്ക്കു
ന്നതിന്നു അനുവാദം വാങ്ങി താമസംക്കൂടാതെ അതുപ്ര
കാരം നടത്തി.

ടി. ധനുമാസം ൨൨-ാംനു അമലോത്ഭവമാതാവി
ന്റെ തിരുനാൾ കഴിഞ്ഞു മാന്നാനത്തു കൂടിയ പൊതു
സംഘത്തിൽവച്ചു ഈ കൊവേന്തയുടെ പ്രിയോരായി
ബ. മിഖായേലച്ചനും, നവസന്ന്യാസഗുരുവായി പെ. ബ.
ശ-ാം ദ. ഏലിശേവു അച്ചനും തിരിഞ്ഞെടുക്കപ്പെട്ടു.

മുൻ ൧-ാം ലക്കത്തിൽ പറഞ്ഞിരിക്കുന്ന
യുദ്ധക്കേസു വിചാരണയ്ക്കു വച്ചു. കൊവേന്തഭാഗ
ത്തുനിന്നു സാക്ഷികളായി ഹാജരാക്കിയിരുന്ന ക്രി
സ്ത്യാനികളായ ടി. പാട്ടക്കാരിൽ ചിറയ്ക്കൽ എടാ
ട്ടുകാരൻ ഇട്ടവാര തരീയ്ക്കു ആദ്യംമുതൽ വിശ്വസ്തനായി
നിന്നു അനുകൂലിച്ചു സാക്ഷിപറഞ്ഞു. ഇപ്രകാരംത
ന്നെ വടക്കൻ വാരുണ്ണി തോമൻ, കണ്ടൻ രാമൻ, പാ
വ്വുത്യാ അച്ചുതമേനോൻ, പൊതുവത്തു പാവുഅന്തപ്പു
ൻ, ചിറയത്തു ഉക്രുപായി, എടാട്ടുകാരൻ തരിയ്ക്കു കു

ഞിപ്പാല്വ, ഉൗക്കൻ കുഞ്ഞുവറിയ്യ മറ്റും കൊവേന്തക്ക നുകൂലിച്ചു സാക്ഷി പറഞ്ഞവരത്രെ. ക്ലൂടാതേയും കൊവേന്തപാട്ടക്കാരായ പാറെക്കാട്ട കൊച്ചാക്കവും, മകൻ പൈലപ്പനും, ചിറയത്തു ഉക്കു അന്തോനിയും, അവന്റെ ഭാര്യയും ടി. വസുക്കൽ ബന്ധിച്ചുണ്ടായ ഒരു റജിസ്ത്രപ്രമാണം സ്വന്തകൈപ്പടയായി എഴുതിയ തെറ്റായിൽ കടിച്ചീനി തോമൻ യൌസേപ്പും കൊവേന്തസാക്ഷികളായിരുന്നു. എന്നാൽ കൊവേന്തവക കണക്കും വെള്ളയോല, മുദ്രയോല, മുദ്രപത്രം മുതലായ പാട്ടശീട്ടുകളും റജിസ്ത്രപ്രമാണങ്ങളും എന്നീ രേഖകൾ അശണ്യമാക്കിയും, യൂദപ്പള്ളിക്കാരുടെ വെള്ളയോലപാട്ടശീട്ടുകളും, അന്യായകാലത്തുണ്ടാക്കിയ കൃത്രിമറജിസ്ത്രപാട്ടശീട്ടുകളും, കണക്കു പുസ്തകങ്ങളും, കൊവേന്തക്കു വിരോധമായി പറഞ്ഞ സാക്ഷികളും അടിസ്ഥാനപ്പെട്ടത്തിയും ഫൽഫല ഇടവമാസം ക്രമ-ാംനമ്പ മുൻസിഫ് രാ. ശ്രീ. കള്ളിയത്തു വറിയ്യ അന്തോനി അവർകൾ കൊവേന്തക്കു ദോഷമായി വിധി പറഞ്ഞതിനാൽ അപ്പീൽ കൊടുക്കയും അതോടുകൂടെ സ്ഥല വിചാരണക്കു അപേക്ഷിക്കയും ചെയ്തു.

ഫൽഫല വൃശ്ചികം വരി്ാംനമ്പ നാ. ആ. വി. കുമ്പാനയുടെ യൌസേപ്പു പംക്രാസിശെമ്മാശ്ശൻജ്യരുംവയറുവേദനയുംകൊണ്ടു വീഡിതനായി ഒരാശ്വയോളം കിടന്നു അന്ത്യകൂദാശകളും ദണ്ഡവിമോചനങ്ങളും ഭക്തിപൂർവ്വം കൈക്കൊണ്ടു കത്താവിൽ ആശ്വസിച്ചു. വിറെളിവസം ക്രമപ്രകാരമുള്ള ശവസംസ്കാരകർമ്മങ്ങൾ കഴിച്ചു, തിരുഹൃദയപീഠത്തിന്റെ മുമ്പാകെ ബ. യാക്കോശെമ്മാശ്ശനെ അടക്കിയിരുന്ന കുഴിയിൽ സംസ്കരിക്കപ്പെട്ടു. ഇപ്പോൾ മണലൂർപള്ളിഇടവക കാഞ്ഞാണി

41004

യിൽ അരിനൂർ ചിരോത എന്ന മാന്യകുടുംബത്തിൽ പിറന്നു. ഗർഭകർമ്മം നാലാം ഇവിടെ നവസന്ന്യാസികളുടെ കൃത്തിൽ ചേരുകയും ഗൺഗവ ചിങ്ങം മിഥുനം ഒരു വർഷത്തെ അനിത്യ വാശ്രമം ചെയ്യുകയും ചെയ്തു. നവസന്ന്യാസകാലം വളരെ ജ്ഞാനശ്രദ്ധാന്തിയോടു കൂടെ നയിച്ചു എവർക്കും ഉത്തമ ദൃഷ്ടാന്തമായിരുന്നു.

യുഗന്മാരുമായി വാദപ്പെട്ടിരിക്കുന്ന സ്ഥലത്തെ വഠിയുള്ള വിചാരണക്കു അപേക്ഷപ്രകാരം ഇരുഭാഗത്തേക്കുമായി കമ്മീഷന്മാരും പാർത്തുകാരനും വന്നു, ഒഴുകുനടത്തി പരിശോധിച്ചതിൽ വാദപ്പെട്ട ഭൂമി യുഗന്മാരുടെ ജന്മത്തിൽ പെട്ടതല്ലെന്നും പണ്ടാരവകയും കൊവേന്തക്കു കൈവശമുള്ളതും ആണെന്നും തെളിഞ്ഞതനുസരിച്ചു പ്ലാൻ തയ്യാറാക്കി ഒപ്പിട്ടു രണ്ടു കമ്മീഷന്മാരും വെവ്വേറെ റിപ്പോർട്ട ചെയ്തു. ആ റിപ്പോർട്ടും പ്ലാനും യുഗപ്പള്ളിക്കു ദോഷമായിരുന്നതിനാൽ വേറെ കമ്മീഷന്മാരെ അവരപേക്ഷിച്ചതിനു ഒരു ചീഫ് കോർട്ടുവക്കീലിനെ നിശ്ചയിച്ചയച്ചു. ഇരുകക്ഷികളും സ്ഥലവിചാരണാവസരത്തിൽ മാരേം ചീഫ് കോർട്ടുവക്കീലന്മാരേയും വരുത്തിയിരുന്നു. ഇപ്രകാരം ഒഴുകുനടത്തുകയിൽ വളരെ വാദങ്ങൾ ഉണ്ടായശേഷം ഒഴുകുപ്രകാരം വാദപ്പെട്ട ഭൂമി യുഗന്മാരുടെ ജന്മത്തിൽ പെട്ടതല്ലെന്നു സ്പഷ്ടമായപ്പോൾ യുഗവക്കിൽ സ്ഥലംവിട്ടുപൊയ്കളഞ്ഞു. പിറ്റെദിവസം കമ്മീഷ്യൻ രഹസ്യത്തിൽ ഒഴുകുനടത്തി യുഗന്മാർക്കനുകൂലിച്ചു പ്ലാൻ തയ്യാറാക്കി റിപ്പോർട്ടയച്ചു. അനന്തരം കേസ്സ് വിചാരണ കഴിച്ചു അഞ്ചിക്കയ്യൽ ജില്ലാക്കോർട്ടിൽ രാ. രാ. ശ്രീ. പാട്ടത്തിൽ നാരായണമേനോൻ ജഡ്ജി കൊവേന്തക്കനുകൂലമായി വിധി പറഞ്ഞു. താമസക്രമേ

DHARMARAM COLLEGE LIBRARY
BANGALORE-29.

തെയ്യടന്മാർ ചീഫ് കോർട്ടിൽ അപ്പീൽ കൊടുത്തു.

ന. ഫൻ.മ-ധന്ന സ.ഫ.ാംന- ഉച്ചതിരിഞ്ഞു ന-മണിക്കു അത്യുന്നത ദലഗാളപ്പസ്സോലിക്കസലെസ്സി അവർകൾ തന്റെ സിക്രട്ടരി ക. നി. സ. ബ. മി ഖേൽ പാതിരിയച്ചനും ന. പ്രിയോർ ജനരാൾ പെ. ബ. ബസ്സെല്ലോസച്ചനും സിക്രട്ടരി ബ. നിക്കോവോസച്ചനും ഒന്നിച്ചു മാളകടവിൽ ടി. വള്ളിവക പൂപ്പന്തലിൽ വന്നു ബാൻറു, കൊട്ട, വെടി, വാദ്യംമുതലായ ഘോഷങ്ങളോടുകൂടി കുതിരവണ്ടിയിൽ ന. വള്ളിനടയിലുള്ള പൂപ്പന്തലിൽ ഇറങ്ങി വള്ളിയിൽ പ്രവേശിച്ചു ആശീർവ്വാദംനൽകിയശേഷം ഒരു മംഗലപത്രംസമർപ്പിക്കയും അതിനു യഥോചിതം മറുപടിപറകയുംചെയ്തു.

ഫൻ.ഫ-മകരം ഫ.ാംന- കാലത്തു ൬-മണിക്കു തുണ്ഡഹോദരനായ യെസ്സപ്പുസ്സറിയ തന്റെ വെംപ്രായത്തിൽ ആത്മാവിനെ സൃഷ്ടിതാവിന്റെ പക്കൽ കയ്യാളിച്ചു. ഇയ്യാൾ ഇരിഞ്ഞാലക്കുടെ ചിറമേൽ അവരൻ എന്ന മാന്യകുടുംബത്തിൽ ഫെബ്രവ-ൽ പിറന്നു. ഫെബ്രുവ-ൽ സഭയിൽ പ്രവേശിച്ചു. സന്ന്യാസവ്രതങ്ങളനുഷ്ഠിച്ചശേഷം പലകൊവേന്തകളിലും താമസിച്ചിട്ടുണ്ട്. ഇയ്യാൾ വളരെ എളിമയുള്ളവനും താഴ്മയുള്ള വേലകൾ ചെയ്യുന്നതിനു ജാഗ്രതക്കാരനും വളരെ പരസ്നേഹമുള്ളവനും ആയിരുന്നു. വാർദ്ധക്യക്ഷീണത്തിനും പുറമെ കാലിന്മേൽ നീരുവന്നു പൊട്ടി ൪-മാസത്തോളം കൂട്ടുതൽദീനമായി കിടക്കയും അന്ത്യമക്രമാശകളൊക്കെയും ഭക്തിയോടുകൂടെ കൈക്കൊള്ളുകയും ചെയ്തു. ഈ അവസരത്തിൽ ഇവിടെ വന്നിരുന്ന അ. ഉ. ദലഗാളപ്പസ്സോലിക്കായുടെ ആശീർവ്വാദം പ്രാപിച്ചു, മകരം ൨-ാംന- അയാളുടെ ജ്യേഷ്ഠന്റെ മകൻ

അവരാൻ ബ. ദേവസ്സിയച്ചൻ റാസ പാടി ശവസം സ്കാരംചെയ്തു. ശവസംസ്കാരത്തിന്റെ അന്ത്യഭാഗം അ. ഉ. ദേഗാദപ്പസ്തോലിക്ക നടത്തുകയും ബ. ആഞ്ചെ ലൂസച്ചൻ സന്ദർഭോചിതമായ ഒരു പ്രസംഗം പറക യും ചെയ്തു. പ്രേതം വലിയ നടവാതുക്കൽനിന്നും വ ടക്കോട്ടു രണ്ടാംവളവിന്നു സമീപമായി അടക്കംചെയ്തി രിക്കുന്നു.

ടി. ആണ്ടു ധന്യ വ–ാംന്ത– ദിവ്യജനനിയുടെ അ മലോത്ഭവപ്രസ്ഥാവനയുടെ ന്യാ–ംവത്സരപൂർത്തിയായി രുന്നതിനാൽ ടി. തിരുനാൾ പൂർവ്വാധികം ശ്ലോഷ്മമായി നടത്തപ്പെട്ടു.

ടി. യാണ്ടു ധന്യ വ–ാംന്ത– അമലോത്ഭവിമാതാവ ന്റെ തിരുനാൾ കഴിഞ്ഞു മുറപ്രകാരം മത്താനത്തുകു ടിയ പൊതുസംഘത്തിൽവച്ചു ഈ കൊവേന്തയുടെപ്രി യോരായി ബ. എലിശേവച്ചനും നവസന്ന്യാസഗു രുവായി ക–ാം ദ. ബ. ഗൊറിയേലച്ചനും തിരി ഞ്ഞെടുക്കപ്പെട്ടു. ഈ പള്ളിയിലുള്ള അത്ഭുത പ്രേഷ ണ്ണിയുടെ കപ്പേള വിചിത്രപ്പണിക്കാരനായ ചാത്യാ ത്തുകാരൻ ലെയൊനാർദിനെക്കൊണ്ടു അതിമനോഹര മായി പിന്തിരുപ്പണിനടത്തി.

ക൯ഫ൪ കുർബ്ബാന്ത– എ. ബ. ബ. തൃശൂർ വി. അപ്പസ്തോലിക്ക മാർ യോഹന്നാൻ മെത്രാ നച്ചനവർകൾ അദ്ധ്യക്ഷപ്രകാരം ശ്ലോഷ്മായ എതി രേല്പോടെ ഈ പള്ളിയിൽ വന്നു ഏതാനും നവസന്ന്യാ സികൾക്കു ആയത്തുപ്പാടുവട്ടം കൊടുത്തു.

ടി. മീനം വ–ാംന്ത– യുദ്ധശമനാർത്ഥം ക്ര–ാം ബനടിക്തൂസു ശ്ലീ: മാപ്പ്പ്പായുടെ തിരുവെഴുത്തിൻ പ്രകാരം എ. ബ. ബ. തൃശൂർ വി. അ. മാർ

യോഹന്നാൻ മെത്രാനച്ചനവർകളുടെ കല്പനാനുസരണം ഈ ദേവാലയത്തിൽ ശ്ലീ. കുബ്ബാന പരസ്യമായി സ്ഥാപിച്ചു ആരാധന കഴിക്കയും ര മണിയോടെ ശ്ലീ. കുബ്ബാനയുടെ വാഴ്ച കഴിക്കയും ചെയ്തു. ടി. ആണ്ടിൽ, വി. യൌസേപ്പുപിതാവിന്റെ ഒരു കൊത്തുരൂപം സ്ഥാപിക്കുന്നതിനും മദ്ധ്യസ്ഥനിരുന്നാൾ കഴിക്കുന്നതിനുമായി മഞ്ഞുപ്ര പാറയ്ക്കു കൊച്ചുപ്പു മുതൽവേരു കുറുകെ. ദാനംതന്നു. ടിയാൻ വീണ്ടും വഴിവാടായിതന്ന സ്ഥലത്തു കൊണ്ടു ഒരു വാൾസെട്ടുവിളക്കും വലുകുത്തിസാൽകളും വാങ്ങി.

ടി. ആണ്ടു ഇടവാ ഫൻ-ാംനു ഉച്ചക്കു കുർബാണിയോടെ വ്യാകുലമാതാവിന്റെ രൂ. അഭ്രാഹംശെമ്മാശ്ശൻ ദേഹവിയോഗം ചെയ്തു. ഇയ്യാൾ കൈനകരി ഇടവക കുടുപ്പിറപ്പെന്ന മാന്യകുടുംബത്തിൽ കുവൻഴ- മേടം ൫-ാംനു പിറന്നു. ഫൻഗ്വ-ചിങ്ങം ന-ാംനു ഇവിടെ ചേർന്നു നവസന്ന്യാസത്വം കഴിച്ചു. തൻറെ മാധുര്യശീലവും ദൈവഭക്തിയും വിശ്വസ്തുമാനുഷ്ഠാനവുംകൊണ്ടു ശ്രേഷ്ഠന്മാർക്കും സഹവാസികളായ സഹോദരന്മാർക്കും വളരെ തൃപ്തനായിരുന്നു. പെട്ടെന്നു ജ്വരപീഡിതനായി ചികിത്സകളൊക്കെയും യഥാശക്തി നടത്തിയെങ്കിലും ദിനം മേൽക്കുമേൽ വർദ്ധിച്ചു ഫൻ-ാംനു ഉച്ചക്കു കുർബാണിയോടെ അന്ത്യമര്യാദകളൊക്കെയും കൈക്കൊണ്ടു, രോഗപീഡ അസാമാന്യക്ഷമയോടും ദൈവചിത്തത്തിനുള്ള അനുസരണയോടും കൂടെ സഹിച്ചു കർത്താവിൽ മരണം പ്രാപിച്ചു. പാ-ാംനു കാലത്തു വുൾമണിയോടെ പെ. ബ. ദ. യൌ. ഗൌദിയേലച്ചൻ ശവസംസ്കാരകർമ്മം നടത്തി തിരുഹൃദയകുപ്പായുടെ നടയിൽ ബ. യാ

ക്കോവു, പാംക്രാസി എന്നിങ്ങ ശമ്മാശ്ശന്മാരെ അടക്കിയ കുഴിയിൽതന്നെ സംസ്കരിക്കപ്പെട്ടു.

പുതിയ പ്രിയോരായ പെ. ബ. എലിശേവു അച്ചൻ യൂദപള്ളിയുടെ അപ്പീൽ കേസ്സിന്നു കക്ഷിചേർന്ന ഹർജി കൊടുത്തു. കേസ്സു നടത്തുന്നതിലേക്കു അക്ഷീണപരിശ്രമം ചെയ്യുവെങ്കിലും കേസ്സു ഫൻഫി– വുശ്വികം ൧൪–ാംന– കൊവേന്തസ്സു ദോഷമായി വിധിച്ചു.

ഫൻഫസ– ഇടവം ൨൦–ാംന– എ. പെ. പെ. ബ. തൃശ്ശൂർ വി. അപ്പസ്തോലീക്ക മേനാച്ചേരി മർ യോഹന്നാൻ മെത്രാനച്ചനവർകൾ അപേക്ഷപ്രകാരം ആ ഉല്ലാഷസമേതം ഇവിടെവന്നു, ൨൫–ാംന– ബ. കമ്മീലോസുശമ്മാശ്ശന്നു ഉണ്ടുപട്ടവും ഏതാനും നവസന്യാസികൾക്കു ആയത്തുപ്പട്ടവും കൊടുത്തു, വയനലക്കു മടങ്ങുകയും ൨൭–ാംന– ടി. അച്ചന്റെ നവവൂജാവസരംപ്രമാണിച്ചു വീണ്ടുംവന്നു അതിൽസംബന്ധിച്ചു പിന്തിരിയുകയുംചെയ്തു.

മുൻപ്രസ്ഥാപിച്ച യൂദക്കേസു ബന്ധിച്ചു ന്യായപ്രകാരം പാട്ടക്കാരുടെ പേരിൽ കേസുകൊടുക്കേണ്ടതാണെന്നുണ്ടായ വക്കീലന്മാരുടെ ആലോചനപ്രകാരം ഫൻഫസ കക്കടകത്തിൽ ഇരിഞ്ഞാലക്കുടെ മുൻസീഫ് കോർട്ടിൽ പാട്ടക്കാരുടെപേരിൽ അന്യായംകൊടുത്തു.

ഫർഫരി– തുലാം ൨–ാംന– എ. പെ. പെ. ബ. തൃശ്ശിവപേരൂർ വി. അ. മർ യോഹന്നാൻ മെത്രാനച്ചനവർകൾ അപേക്ഷപ്രകാരം ഈ പള്ളിയിൽവന്ന നമ്മുടെ നാലു ശമ്മാശ്ശന്മാർക്കുകുമ്പാനപ്പട്ടവും മറ്റുപലർക്കു ആയത്തപട്ടവും കൊടുത്തു. ആയതിൽ ക. നി. മൂ. സ. കുരിശി. യോഹന്നാനച്ചനും ബ. മരി. അല്ഫോൻസച്ചനും പിറ്റെദിവസം ജീവിടെവച്ചുനവവൂജ അർപ്പിച്ചു.

ടി. ധന്വ വ്യാഴം- അമലോത്ഭവിമാതാവിന്റെ തിരുനാൾ കഴിഞ്ഞു മാന്നാനത്തുകൂടിയ പൊതുസംഘത്തിൽവച്ചു പെ. ബ. ഗൌറിയേലച്ചൻ പ്രിയോർജ്ജനാരാളായിട്ടും പെ. ബ. മിഖായെലച്ചൻ ഇവിടത്തെ പ്രിയോരായിട്ടും ബ. കൂറിയാക്കോസച്ചൻ നവസന്ന്യാസഗുരുവായിട്ടും തിരിഞ്ഞെടുക്കപ്പെട്ടു.

പുതിയ പ്രിയോരച്ചൻ മുൻസിഫിലേക്കു കേസിൽ കക്ഷിചേർന്നു ഹരജി കൊടുത്തു. കേയിസ്സു വിചാരണനടത്തി ഫൻഫവ കക്കടകം ൨൦-ാംനു കൊവേന്തക്കു ഗ്രണമായി വിധിച്ചു.

ഈ കേയിസു നടത്തുന്നതിൽ ആദ്യംമുതൽ അന്ത്യംവരെ യഥാശക്തി ബുദ്ധിമുട്ടി സഹായിച്ചിട്ടുള്ളവരിൽ കോഴിപ്പാട്ടു ലോനപൌലോസും, വടക്കുടൻ ഉലക്കൻ തോമൻ തോമനും, ആത്തുപ്പിള്ളി വക്കിദേവസ്സിയും ആണെന്നുള്ളതു പ്രത്യേകം സ്മരണീയമാണു. ടി. കേസുകായ്ക്കുന്നേപക്ഷണത്തിന്നായി ടി. തോമനേയും ടി. ദേവസ്സിയേയുമാണു പ്രത്യേകമായി മുമ്പതലപ്പെട്ടത്തിയിരുന്നതു.

൫. ഫൻഫവ- ചിങ്ങം ൪-ാംനു നടയിൽ കിഴക്കേല്ലുള്ള വഴിയരികെ മുൻകൊട്ടിയിരുന്ന മേലാവിലെ അനുവാദപ്രതാരം അത്തുതപ്പേഹണ്ണിയുടെ നാമത്തിൽ കുരിശുകപ്പേളക്കടിസ്ഥാനക്കല്ലിട്ടു. അടിസ്ഥാനക്കല്ലിൽ ശിലാസ്ഥാപന കാലവിവരവും മറും ശീമത്തുകല്ലിൽ എഴുതി കുപ്പിയിൽവച്ചു അടച്ചു സ്മാരകാത്ഥംവച്ചു.

ടി. ആണ്ടു കന്നി-൨൫-ാംനു- ക. നി. മൂ. സ. ബ. ശ്രേ. കുഞ്ഞാ. റപ്പായെലച്ചൻ ഇവിടെനിന്നു ശ്രേഷ്ഠന്മാരുടെ കല്പനയാൽ ചില കായ്ങ്ങൾക്കായി ക്രനന്മാവു ആശ്രമത്തിൽ. താമസിച്ചുവരികെ, വാതരോഗപീഡിതനായി അന്ത്യാക്രമാശകളെല്ലാം ഭക്തിപുരസ്സരം

കൈക്കൊണ്ടു ബുധനാഴ്ച കാലത്തു ൬ മണിക്കു കത്താ വിങ്കൽ തന്റെ ആത്മാവിനെ കയ്യാളിച്ചു.

ഇദ്ദേഹം കവുങ്ങാട്ടു കക്കടകം വക്കാനെ ചക്ക രക്കടവു ഇടവക മാഞ്ഞൂരാൻ എന്ന മാന്യകുടുംബത്തിൽ ജനിച്ചു. കവുന്നര- വൃശ്ചികം വക്കാനെ ക്രനന്മാവു നവസന്ന്യാസാശ്രമത്തിൽചേർന്നു, നവസന്ന്യാസതപവും, വൈദീകപഠനവും സൂത്യർഹമാംവണ്ണം പൂർത്തിയാക്കിയശേഷം, കവുവു-വൃശ്ചികം കൊല്ലനെ ഗ്രന്ഥപട്ടമേൽക്കയും കവുവുടധന വക്കാനെ ഇവിടെവച്ചു നിത്യവ്രതങ്ങൾ അനുഷ്ഠിക്കയും ചെയ്തു. ഇദ്ദേഹം അമ്പഴക്കാട്ടു, ഏൽത്തുരുത്തു, ക്രനന്മാവു എന്നീയാശ്രമങ്ങളിൽ ശ്രേഷ്ഠ ജോലി നടത്തിയിട്ടുള്ളതുകൂടാതെ ക്രനന്മാവു കന്യകാമഠകവ് ളോൻജോലിയും വഹിച്ചിട്ടുണ്ടു.

സുറിയാനി, ലത്തീൻ എന്നീഭാഷകളിൽ നല്ല പാണ്ഡിത്യവും ന. സുറിയാനിജനത്തിന്റെ ചരിത്രത്തിൽ അസാമാന്യ പാണ്ഡിത്യവുമുള്ള ഇദ്ദേഹം നിഷേധിച്ചുകൂടാത്ത ചരിത്രലക്ഷ്യങ്ങളോടുകൂടെ "മാർ തോമാനസ്രാണികളുടെ സത്യവിശ്വാസം" എന്ന പുസ്തകവും തോമാനസ്രാണികളുടെ വിശ്വാസസ്ഥിരതയെ തെളിയിക്കുന്ന മറ്റു പല ചെറു പ്രബന്ധങ്ങളും എഴുതിയുണ്ടാക്കി അച്ചിൽ പതിച്ചിട്ടുണ്ടു. ഇദ്ദേഹത്തിനു സഹജമായുണ്ടായിരുന്ന ബുദ്ധിശക്തിയും ധീരമനസ്സും കായ്ത്രാണിയും നിമിത്തം ശ്രേഷ്ഠനായിരുന്ന അശ്രമങ്ങളിലും വിശിഷ്യ വരാപ്പുഴകൊല്ലങ്ങളോളം പാർത്തു കായ്യം നടത്തിയിട്ടുള്ള ഇവിടേയും ഗണനീയങ്ങളായ അനേക മഹത്കായ്യങ്ങൾ നിവ്വഹിച്ചു, വരുത്തിയ അഭിവൃദ്ധിയും, ആത്മരക്ഷമേൽ ഇദ്ദേഹത്തിനുണ്ടായിരുന്ന അസാമാന്യ ശ്രദ്ധാനിമിത്തം വല വല്ലികളിലും നട

ത്തിട്ടുള്ള ധ്യാനം പ്രസംഗവും, തന്റെ രോഗവും ക്ഷീണവും പ്രായാധിക്യവും അഗണ്യമാക്കി, വിഷൂചിക, മസൂരി മുതലായ സാംക്രമീകരോഗപീഡിതർക്കു അന്ത്യമക്രിയാശകളെ കൊടുക്കുന്നതിൽ പ്രദർശിപ്പിച്ചിരുന്ന അസാമാന്യ തല്പരതയും, തന്നിമിത്തം സഹിച്ച അദ്ധ്വാനങ്ങളും ഇതിനോടുകൂടെ സന്ന്യാസക്രമാനുഷ്ഠാനത്തിലും ജപതപത്തിലും ഉണ്ടായിരുന്ന അനുകരണീയമായ തീഷ്ണതയും പ്രത്യേകം സ്മരണീയവും പ്രസ്താവയോഗ്യവുമാണു.

൪. സർ. രാമവർമ്മ ജി. സി. ഐ. ഇ. കൊച്ചിവലിയതമ്പുരാൻ തിരുമനസ്സിലെ ഷഷ്ട്യബ്ദപൂർത്തി മഹോത്സവം പ്രമാണിച്ചു കൊച്ചിരാജ്യത്തുള്ള മൂന്നു കൊവേന്ത നിവാസികളുംകൂടി ഇംഗ്ലീഷ്മംഗലപത്രം വിചിത്രമായി അടിപ്പിച്ചു വെള്ളിക്കുഴലിൽ ഇട്ട മൂന്നു കൊവേന്തകളിൽനിന്നും ഈരണ്ടച്ചന്മാരും കൂടി എണ്ണുകയുത്തുവച്ചു ഫൻ.മവ തുലാം വ-ാംനു- സമർപ്പിച്ചു.

പള്ളിമുഖവാരത്തുള്ള രൂപക്കൂട്ടിൽ ഇതേവരെയും രൂപംവയ്പാൻ ഇടയാകാഞ്ഞതിനാൽ ഈ ജൂബലിയവസരത്തിൽ ക. നി. മൂ. സ. ബ. ഏലിയാസച്ചൻ തന്റെ കൈവേലയാൽ മണ്ണുകൊണ്ടു വി. ത്രേസ്യായുടെ രൂപം ഉണ്ടാക്കിയതു ചുട്ടു ചായമിട്ടു സ്ഥാപിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തു.

ഫൻ.മവ തുലാം വ-ാംനു- ഈ കൊവേന്തസ്ഥാപനത്തിന്റെ ൫൦-ാംവത്സരപൂർത്തിയാകയാൽ ഒരു ജൂബിലി മഹോത്സവമായികൊണ്ടാടി.

ജൂബിലി അവസരം പ്രമാണിച്ചു ക. നി. മൂ. സ. ൨-ാം ദ. പെ. ബ. പ്രദർശിക്കോസച്ചനും ബ. തിരുഹൃ. യൌസേപ്പച്ചനും ഇവിടെ നടത്തിയ ധ്യാനത്തി

ൽ അമ്പഴക്കാട്ട, മാള, വെള്ളാട്ടുകുന്ന എന്നീ ഇടവക കളിൽനിന്നു വളരെ ആളുകൾ സംബന്ധിച്ചു.

തൃശ്ശിവപേരൂർ വി. അ. നി. വ. ദി. ശ്രീ. മേനാച്ചേരി മാർ യോഹന്നാൻ മെത്രാനച്ചനവർകളും, വരാപ്പുഴെ അ. പ്ര. ആഞ്ഞേലോസ് മരിയ സ. മെത്രാപ്പോലീത്താച്ചനവർകളും, എറണാകുളം വി. അ. നി. വ. ദി. ശ്രീ. പഴയപറമ്പിൽ മാർ ളൂവീസു മെത്രാനച്ചനവർകളും, നി. വ. ദി. ശ്രീ. കണ്ടത്തിൽ മാർ അഹ്സ്തീനോസു സ. മെത്രാനവർകളും തങ്ങളുടെ പ്രബല്യ സാന്നിദ്ധ്യത്താൽ ഈ അവസരത്തെ മഹത്വീകരിപ്പാൻ സദയം സമ്മതിച്ചതു ഈ ശ്ലോഷത്തിനു ഒരു ഭൂഷണമാണെന്നു പ്രത്യേകം പറയേണ്ടതില്ല. പ്രസ്തുത വന്ദ്യ ശ്രേഷ്ഠന്മാർ കായ്പടി അനുസരിച്ചു യഥായോഗ്യം ഇവിടെ സ്വീകരിക്കപ്പെട്ടു. ജൂബിലി ദിവസമായ ഫെ-ാന്ത- നി. വ. ദി. ശ്രീ. മാർ യോഹന്നാൻ മെത്രാനച്ചനവർകൾ പൊന്തിഫിക്കൽ പാട്ടു പൂജ പാട്ടുകയും ചെ- ന. സന്ന്യാസികൾക്കു ആശീർവ്വാദം കൊടുക്കയും ചെയ്തു. ഈ അവസരത്തിൽ തന്നെ ഒട്ടു വളരെ ആളുകൾക്കു സ്ഥൈര്യലേപനം കൊടുക്കപ്പെട്ടു.

ക്രൂശാതേയും ജൂബിലി പ്രമാണിച്ചു ക. നി. മൂ. പ്രീ. ജനറാൽ പെ. ബ. ഗൊറിഷ്തലച്ചനും, കൊവേന്തകളിൽ നിന്നും അടുത്ത പള്ളികളിൽ നിന്നും വളരെ പട്ടക്കാരും, വല ദേശങ്ങളിൽ നിന്നു വളരെ ജനങ്ങളും വന്നുകൂടിയിരുന്നു.

ഈ ആശ്രമ ദേവാലയത്തിൽ
വി. ത്രേസ്യാമ്മയുടെ തിരുനാൾ ഏറ്റു കഴിച്ചവരുടെ
പേരുവിവരം.

ഫ്വ്വൊ– കൊവേന്തയ്ക്കു ദാനംചെയ്ത ഇട്ടൂപ്പിന്റെ മ
രുമകനായ പാനികുളം യൌസേപ്പു. ഇയ്യാൾ
ടി. അവസരത്തിൽ തെരുവത്തുക്കുള്ള ഒരുകുടിയാ
ദാനംചെയ്തു.

ഫ്വെ– ദാനക്കാരൻ ഇട്ടൂപ്പിന്റെ അനുജൻ അമ്പ
ഴക്കാട്ട പള്ളിഇടവക ചക്കാലമറ്റത്തു കണിച്ചായി
തോമകുഞ്ഞുവറിയു.

ഫ്വെ– അമ്പഴക്കാട്ട പള്ളി ഇടവക ചക്കാലമ
റ്റത്തു കണിച്ചായി ചാക്കപ്പൻ ഇട്ടൂപ്പു.

ഫ്വെ– ദാനക്കാരൻ ഇട്ടൂപ്പിന്റെ മരുമകനായ
പൊയ്യപള്ളി ഇടവക അമ്പുക്കൻ ഇട്ടീരാകുഞ്ഞി. ഇ
യ്യാൾ ടി. അവസരത്തിൽ ഒരു വെള്ളിധൂമകുറ്റി ദാനം
ചെയ്തു.

ഫ്വെ– അമ്പഴക്കാട്ട പള്ളി ഇടവക മാത്യൂസ്സൽ
ഇട്ടീരകുഞ്ഞിപൌലൊ.

ഫ്വെ– ടി. പള്ളി ഇടവക ചക്കാട്ടി കൊച്ചു
തുപ്പു.

ഫ്വെ– കുറുകുറ്റിപള്ളി ഇടവക പൈനാടത്തു
യൌസേപ്പു.

ഫ്വെ– കൊരട്ടിപള്ളി ഇടവക പയ്യപ്പിള്ളി ഇട്ടീര.

ഫ്വെ– ടി. പള്ളിഇടവക പാറക്കാടത്തു ചുന്നാര.

ഫ്വെ– തോരുര പള്ളിഇടവക മംഗലി യൌ
സേപ്പു.

ഫ്വ്വാ– ചാലക്കുടി പള്ളി ഇടവക പുല്ലൻ ലോ

നപ്പൻ.

വ്യ_ ടി. പള്ളിഇടവക പുല്ലൻ വറിയ്യു.

വ്യാ_ ടി. പള്ളി ഇടവക ഉള്ളാട്ടിക്കളം അന്തോനി.

വ്യന_ പതിയാരംപള്ളി ഇടവക കണ്ണമ്പിള്ളി ലോനപ്പൻ.

വ്യഴ_ മാളപള്ളി ഇടവക തൊറയിൽ കടിച്ചീനി യെന്നസപ്പു.

വ്യ0_ ടി. പള്ളിഇടവക മണ്ടകൻ കുഞ്ഞിപൌലൊ.

വ്യന_ ടി. പള്ളിഇടവക നാല്പകണ്ടൻ പള്ളിപ്പാട്ടുകുഞ്ഞിപ്പാവു.

വ്യ_ മുഴിക്കളത്തു പള്ളിഇടവക പാത്താടൻ കൊച്ചുവറിയ്യു.

വ്യവ_ കൊരട്ടി പള്ളിഇടവക ചെറ്റുണത്തു കവലക്കാട്ടു കുഞ്ഞിപ്പാലു.

വ്യൻ ടി. ഇടവക ചെറ്റുണത്തു കൊച്ചുവറിയ്യു.

വ്യൻാ_ എടത്തുരുത്തിപള്ളി ഇടവക കാക്കപ്പൻ കുഞ്ഞിപ്പാലു.

ൻ്_ ടി. ഇടവക താടിക്കാരൻ അന്തോനി കുഞ്ഞുവറിയ്യു.

ൻാ_ അരണാട്ടുകരെ പള്ളിഇടവക ചിറമേൽ ഇഗ്നാസി തരകൻ.

ൻന_ പുത്തൻചിറെ പള്ളിഇടവക കാളിയാടൻ കൊച്ചുവറിയ്യു.

ൻഴ_ അമ്പഴക്കാട്ടു ദിനക്കാരൻെറ അനുജൻ കുഞ്ഞുവറിയ്യിൻെറ മരുമകൻ ഏളങ്കുന്നപ്പുഴ കുഞ്ഞുവര. ഇയ്യാൾ വി. ത്രേസ്യാമ്മയുടെ കൊത്തുരു വത്തിന്നായി

റാണ്ടെ ഉടുപ്പികയും മാനമായി തന്നു.

൯൪- തൃശ്ശിവപേരൂർ കൊച്ചിസംസ്ഥാനത്തു സൂ പ്രൈസർ മിസ്റ്റർ അൽബർട്ട ഗെന്തർ.

൯൫- അമ്പഴക്കാട്ടുപള്ളി ഇടവക ചക്കാലമാറ ത്തു കണിച്ചായി ഇട്ടൂപ്പുതോമൻ.

൯൬- മാള പള്ളിഇടവക മാളേപ്യുൽ സാനി.

൯൭- ടി. പള്ളി ഇടവക മാളേപ്യുൽ തെക്കെ നെത്തു ഇട്ടിക്കര.

൯൮- ടി. പള്ളി ഇടവക തെറയിൽ ഇട്ടവാ തുക്കുഞ്ഞിച്ചെറിയ.

൯൯- ടി. പള്ളിഇടവക കോവത്തുപറമ്പിൽ വറിയ്യു.

൯൰- കുമ്പളത്തുപള്ളി ഇടവക പോളപറമ്പി ൽ ചക്കാലയ്ക്കൽ യൌസേപ്പു.

൯൱- കുത്യോട്ടപള്ളിഇടവക കാഞ്ഞിരക്കാട്ട ത ച്ചിൽ ലോനപ്പൻ വക്കി.

൯൲- ഇരിഞ്ഞാലക്കുടെ പള്ളി ഇടവക അവ റാൻ ചിറമേൽ ചാക്കപ്പൻ.

൯൳- ഒല്ലൂക്കപള്ളി ഇടവക തേറാട്ടിൽ കല്ലൂ ക്കാരൻ അന്തോനി.

൯൴- ഇരിഞ്ഞാലക്കുടെപള്ളി ഇടവക വെള്ളാ നിക്കാരൻ പൌലോസു വാറു.

൯൵- ചാലക്കുടി പള്ളിഇടവക പുല്ലൻ മാ ളീയ്ക്കൽ ലോനപ്പൻ അന്തോനി.

൯൶- പുതുക്കാട്ടുപള്ളിഇടവക മാളിയെക്കൽ ഒ ല്ലൂക്കാരൻ അന്തോനി കുഞ്ഞുവറീയ്യു.

൯൷- മാളപള്ളിഇടവക കോഴിപ്പാട്ട ലോന പൌലോസു.

൧൯– അമ്പഴക്കാട്ട പള്ളിഇടവക കോയിക്കര മാത്തു യൌസേപ്പു.

൨൦–ഉദയമ്പേരൂർ പുത്തമ്പള്ളി ഇടവക ആഞ്ഞലിക്കൽ വാഴത്തറ വക്കിവക്കി

൨൧– അമ്പഴക്കാട്ട പള്ളി ഇടവക കോയിക്കര യൌസേപ്പു

൨൨– തുരുത്തിപ്പുറം പള്ളിഇടവക പയ്യപ്പിള്ളി ചുമ്മാർ റപ്പേൽ. ഇയ്യാൾ ൩൦-ക. വിലയുള്ള ഒരു വാൾസെറു വിളക്കു സമർപ്പിച്ചു.

൨൩– തുരുത്തിപ്പുറം പള്ളി ഇടവക പയ്യപ്പിള്ളി യൌസേപ്പു ചീക്കുട്ടി. ടി. യാൻ ൧൮–ക. യുടെ വാൾസെട്ടവിളക്കു സമർപ്പിച്ചു.

൨൪– ഗോതുരുത്തി പള്ളി ഇടവക കൊണത്തു ചുമ്മാർ യൌസേപ്പു ടി. യാൻ ൧൩–ക യുടെ ഒരു വാൾസെട്ടവിളക്കും സമർപ്പിച്ചു.

൨൫– മാളപ.ഇടവക ആഞ്ഞപ്പിള്ളി വക്കിദേവസ്സി.

൨൬ പൊയ്യപള്ളിഇടവക അന്തുക്കൻ പൌലോസു.

൨൭– പുത്തിശ്ശേരിപള്ളി ഇടവക കണ്ണമ്പിഴ കൊച്ചാപ്പു

൨൮– അമ്പഴക്കാട്ട പള്ളി ഇടവക ഏളങ്ങണ്ണപ്പുഴ അന്തോണി

ക്രൂശാരോഹണം ഈ ദേവാലയത്തിൽ അത്ഭ. പ്രൈ. ഉണ്ണിയുടേയും വി. സെബസ്ത്യാനോസിന്റെയും, വി. യൌ. ചിത്രവിന്റെയും ന. ക. തിരുഹൃദയത്തിന്റെയും അഭിഷേക. മാതാവിന്റെയും തിരുനാളുകൾ ഔദ്യോഗീകമായും കൂടാതെ ചില വിനു പണമായും ഓരോ വഴിവിടുകൾ യഥാശക്തി ചെയ്കയുംചെയ്തിട്ടുള്ള അനേകം മഹാന്മാരും ഉപകാരികളുമായവരുടെ നേരെ ഈ അഭ്രമ്പാസികൾ എന്നും കൃതജ്ഞന്മാരായിരിക്കുമെ

നുക്കുടെ ഈയവസരത്തിൽ പ്രത്യേകം പ്രസ്താവിക്കുന്നു.

അനന്തരം ദൈവത്തിന്റെ ജ്ഞാന മുന്തിരിത്തോട്ടമായ കമ്മല സഭയുടെ പ്രകാശനക്ഷത്രവും ധീരകനൃകയുമായ വി. ത്രേസ്യായുടെ ഈ ആശ്രമം ഇവിടെ സ്ഥാപിതമായിട്ടു അൻപതു വത്സരങ്ങൾ പൂർത്തിയായ ഈ അവസരത്തിൽ ഈ പുണ്യവതിയിൽ നിന്നു തന്റെ ആശ്രിതർക്കു ഉളവായിട്ടുള്ള നിരവധി ജ്ഞാനനന്മകൾ നിമിത്തം സകല നന്മ ഭാതാവായ ദൈവത്തിന്നും തന്റെ സ്നേഹഭാജനമായ ഈ വി കനൃകക്കും നിത്യസ്തുതി ഭവിക്കട്ടെ എന്നും, മേലാൽ ഈ കനൃകയുടെ പ്രത്യേക ആദരവും കടാക്ഷവും തന്റെ ആശ്രിതർക്കു നിരന്തരം ഉണ്ടാകട്ടെ എന്നുമുള്ള അപേക്ഷയോടെ ഈ ചരിത്ര സംക്ഷേപം അവസാനിപ്പിക്കുന്നു.

ആശ്രമചരിതം.

(കുമ്മിപ്പാട്ട്)

കോട്ടയ്ക്കുലമ്മേ! വിശുദ്ധത്രേസ്യായേ! നിൻ
വീട്ടിൻചരിതങ്ങൾപാടാൻതുണയ്ക്കണേ.
അൻപതാണ്ടിങ്ങനീതുമ്പംകലരാതെ
അൻപോടഞ്ഞൂറുകാത്തതിൻറെ
നേരായവാർത്തയീശ്ലൂഖിലിനാളതിൽ
പാരംചുരുക്കമായ് പാടീടട്ടേ.
എങ്കിലോതോമ്മാശ്ലീഹായുടെമക്കളാം
അങ്കമിയലാത്തനസ്രാണികൾ
അദ്യയുഗംതൊട്ടുകേരളനാടതി-
ലദ്ധ്യാപിനിന്നുവിളങ്ങുന്നല്ലോ.
എന്നാകിലുമിഹവൈദികർക്കായൊരു
സന്ന്യാസവീടിന്നഭാവത്തിനാൽ
കഷ്ടതരമനുഭവിച്ചുപാരംമന:ക്ലേശ
പ്പെട്ടുകൊണ്ടുപലർവാണിടവേ
പതിനെട്ടാംശതവർഷാരംഭത്തിൽ
ഉത്തുംഗശോഭപൂണ്ടീടുന്നവർ
രണ്ടുപേർസൂര്യനുചന്ദ്രനുമെന്നപോ-
ലുണ്ടായിവന്നിതുകേരളത്തിൽ.
പുണ്യംകൊണ്ടുംജനസമ്മതിമൂലവും
ഗണ്യരായിട്ടുള്ളവൈദികന്മാർ
മേല്പട്ടക്കാരുടെസ്നേഹത്തിനാൽമഹാ
മേല്പെട്ടജോലികൾകൈക്കൊണ്ടവർ,
പേരെഴുംപാലയ്ക്കൽതോമ്മാമല്പാനച്ചൻ
പോരുക്കരെയെഴുംതൊമ്മച്ചനും,

ആരുണ്ടുനമ്മുടെനാട്ടിലിന്നീരണ്ട
പേരുകൾകേട്ടറിവില്ലാത്തവർ?
ദൈവതോന്നിപ്പിനാലാനയിക്കപ്പെട്ടോ-
രീവന്ദ്യപാദരാകുംപിതാക്കൾ
സന്ന്യാസവീടായൊരാശ്രമംവേഗന
ഇന്നാട്ടിലെങ്ങാൻവണിയിച്ചിടാൻ
ശ്രീഗുരുവാദംലഭിച്ചുശഷാപലേ
കഷ്ടനഷ്ടങ്ങളുമേറുകൊണ്ടു,
ഒട്ടുനകാസ്ഥലംചുറ്റിനടന്നക-
ണ്ടിട്ടുകലാശമായ്ദൈവേച്ഛയാൽ
ഉന്നതമാകിയമന്നാനംകുന്നതു
നന്നെന്നുമാനസേതോന്നുകയാൽ
ആയിരത്തെണ്ണൂറിമുപ്പത്തൊന്നാമാണ്ടു
മേയിൽപതിനൊന്നാംതീയതിയിൽ
ധന്യന്മായുള്ളമാർയെസേപ്പിൻനാമത്തിൽ
സന്ന്യാസവീടുപണിതുടങ്ങി.
ധാരാളമായിട്ടുദാനങ്ങളാളുകൾ
പരാതെചെയ്തുകാരണത്താൽ
ആശ്രമമൊന്നതിവേഗംപണികഴി-
ച്ചാശ്രമവാസവുമാരംഭിച്ചു
മോഹിച്ചിട്ടുന്നമാനെന്നപോലെപലർ
മോഹിച്ചുവന്നതിലാവസിച്ചു,
ധ്യാനംജപമുപവാസമിവകണ്ടു
മാനുഷരൊക്കെയതിശയിച്ചു,
മൌനാതപംപരിത്യാഗമിവകണ്ടു
മാനസേസജ്ജനംസംപ്രീതിച്ചു,
ജ്ഞാനോപദേശവുമുണ്ടുഷ്ഠാന്തവും
നാനാദിശികളുംശോഭിപ്പിച്ചു.

കേരളനാട്ടിലീസന്ന്യാസവീടിന്റെ
ആരംഭമിവിധമാകുന്നല്ലോ.
ഇങ്ങിനെതങ്ങടെവേലയുടെഫലം
ഭംഗിയിൽപൊങ്ങിവളരുന്നതും
ദൈവസ്തുതിയത്രാത്മികരക്ഷയും
സവ്വ്വപ്രകാരേണവൎദ്ധിപ്പതും
കാണുവാൻഭാഗ്യംലഭിച്ചവിസ്വാദ്യമായ്
ചേണാൎന്നപാലയ്ക്കൽതോമ്മാച്ചനും
പിന്നീടുപോരുംകരേയച്ചനുംമഹാ
ഉന്നതപുണ്യപരിപൂൎണ്ണരായ്
മാതൃകായോഗ്യാംഭാഗ്യമരണത്താൽ
നിത്യകിരീടങ്ങൾപ്രാപിച്ചിതേ.
ഏതൽപരംവന്നുദിച്ചുയൎന്നള്ളൊരു
നേതാവല്ലോസവ്വപൂജ്യനായി
വല്യപ്പിയോരച്ചനെന്നുള്ളുവരിനാൽ
എല്ലാടവുമറിയപ്പെട്ടന്ന
ചാവറെയച്ചനായീടുന്നനമ്മുടെ
പാവനദേഹമാംശ്രേഷ്ഠഗുരു.
അന്നുവരാപ്പുഴവാണുവിളങ്ങിയ
പുണ്യവാനാകിയബിഷ്ണ്ടദീനാസ്
തൊപ്പൊലീത്താച്ചനതൃത്തശ്രദ്ധയാ
നിത്യമീക്രൂത്തിൻജീവിതത്തെ
നോക്കിപ്പരീക്ഷിച്ചുകണ്ടതിലാകവേ
നീക്കുറവുള്ളംതെളിയുകയാൽ
മക്കളെപ്പോലെതൻരക്ഷയിൽവേഗേന
കൈക്കൊണ്ടുപാലിച്ചീടക്കസംഘം.
കമ്മലീത്താസഭാന്യായപ്രമാണവും
നിമ്മലസ്നേഹമോടൊത്തുനൽകി.

അൻപത്തൊമ്പതെട്ടാംദിനമതാം
അൻപൊത്തവാളിൽ പതിനൊന്നവേർ
ആദ്യപിതാക്കന്മാർ സന്ന്യാസനേച്ഛകൾ
പ്രാപ്യമായ് ദൈവത്തിനങ്ങണച്ചു.
ദൈവത്തിൻനോട്ടമാംകമ്മലീത്താസഭ
ഏവംമലയാളദേശമതിൽ
ആരംഭമായപിമ്പായതിൻതൈകളേ
ഓരോയിടത്തുപറിച്ചുനട്ടു.
മാന്നാനംകെന്നിലുംവാഴക്കുളത്തിലും
പിന്നീടെലവുതുരുത്തിങ്കലും
വാട്ടങ്ങളേതുമേകാട്ടാതെയീചെടി
തോട്ടത്തിൽനിന്നുവളരുന്നതു
കണ്ടുമനമതിൽപൂണ്ടുമോദമിനി
വീണ്ടുനടേണ്ടതെവിടെയെന്നു
മെത്രാപ്പൊലീത്താചുനൽത്താരിലൻപൊടേ
ഓർത്തുകൊണ്ടങ്ങിനെവാഴ്ത്തിരുന്നു.
അക്കാലസന്ധിയിൽദിക്കാകെഞെട്ടുന്ന
ചക്കാലമാറംകണിച്ചായിതാൻ
വൻപൻമഹാപ്രളയം,അൻപേറുമിട്ടൂപ്പു
മ്പഴക്കാട്ടിലെരാജരാജൻ
ആധികലരുന്നസാധുലോകത്തിന്റെ
ഖേദംകളയുന്നദീനബന്ധു
ഇമ്പത്തൊടതന്റെസമ്പത്തിലോഹരി
അൻപൊത്തതന്നുടെദൈവത്തിനായ്
ദാനംകൊടുക്കുവാൻമാനസേചിന്തിച്ചു
ഹാനിയൊഴിഞ്ഞതുചെയ്തീടുവാൻ
മുത്തനായിട്ടുകൊവേന്തയൊന്നുവണി
ഇട്ടിക്കിൽചെയ്യണമെന്നുറച്ചു.

ഏത്തിവരാപ്പുഴമെത്രാപ്പൊലീത്ത-
ന്നുത്തമലോചനചോദിക്കവേ
ദൈവമയച്ചൊരുപ്രത്യക്ഷദാനമെ-
ന്നീവണ്ണമോത്തുടൻ പുണ്യപിതാ
കൈപ്പെഴുംദാനത്തെകൈക്കൊള്ളുവാനായി
കല്പിച്ചയച്ചിതുമൂന്നുപേരേ.
ലോപ്പോൾഗുമുപച്ചനോടൊത്തുനമ്മുടെ
ചൊല്പെരിയേശുപ്രിയോരച്ചനും
കട്ടക്കയത്തെഴുംചാണ്ടിയച്ചൻതാനും
കൂട്ടമായമ്പഴക്കോട്ടചെന്നു.
പുഷ്പമോടത്തൊടീതാവസന്മാരരേ
ഇട്ടപ്പുകൈക്കൊണ്ടുകൈവണങ്ങീ.
ങന്നാളിലെണ്ണൂറിറിയമ്പത്തേഴാംകൊല്ലം
കന്നിമാസമഞ്ചുംതീയതിയിൽ
കോടശ്ശേരികത്താപടനായരോടിങ്ങു
വടചെയ്യുപണ്ടുപിടിച്ചെടുത്ത
വടനായർകോട്ടപ്പുറമ്പുതൊട്ടള്ളോരു
വടിവേറുംപുരയിടമിരുപതോടേ
മുന്നൂറുപറയോളമൊന്നാംതരംനിലം
രുന്നാകെയുള്ളനിലയിലായും
മലയാളത്തുള്ളോരുസുറിയാനിറീത്തിലേ
നലമേറുംകമ്മലീത്താസഭയ്ക്കായ്
ധർമ്മിഷ്ടനാംപ്രഭുദാനത്തിറായിട്ടു
നിർമ്മായഭക്തിയോടൊത്തുനൽകി.
എന്തു പ്രതിഫലംചെയ്യേണ്ടതെന്നിതി
ചിന്തിച്ചുപിന്നെമെത്രാപ്പൊലീത്താ
ചോദിക്കവേമഹാൻയാതൊന്നുംവേണ്ടന്നു
സാദരംചൊന്നതുകേട്ടനേരം

ആശ്ചര്യപൂരിതനായെന്നെച്ചോല്ലീടുന്നു
വിശ്രുതൻമെത്രാപ്പോലീത്താച്ചനും.
പുത്രൻകൊവേന്തവണിയ്ക്കുള്ളകായ്ക്കുൾ
എത്രയുംവേഗമൊരുക്കീടവെ
ദൈവത്തിൻചിത്തമെന്നല്ലേപറയേണ്ടു
ദിവ്യനായിട്ടുമാസ്നേഹപിതാ
പിറ്റെകൊല്ലംകന്നിമാസമഞ്ചാംദിനേ
തെറ്റെന്നുസ്വർല്ലോകപ്രാപ്യനായി.
ശൈശവമാണ്ടസഭ്യുതെത്രയ്ക്കുഹോ
ദുഃസ്സഹമായെന്നുചൊല്ലാൻപണി.
എങ്കിലുംവേഗേനപിൻഗാമിയായ്വന്ന
കെങ്കേമനായലെയ്നാർദ്ദെന്ന
വന്ദ്യപിതാവിൻറെസംരക്ഷണകൊണ്ടു
തീർന്നുപോയ്സങ്കടമൊന്നുപാടേ.
അക്കൊല്ലമൊക്ടോബറിരുപതാംനാളതിൽ
ചിക്കെന്നുകോട്ടയ്ക്കലെത്തിപിതാ
ത്രേസ്യാമ്മതന്നുടെനാമത്തിൽപ്രാശ്ചമായ്
ആശ്രമത്തിന്നുടൻകല്ലുമിട്ടു.
കപ്പേളയുമൊരുവീടുംവണ്ണമുടൻ
കാപ്പിലച്ചൻറെശ്രമത്തിനാലേ
കൊല്ലമടുത്തതിലേപ്രിൽമാസംതന്നിൽ
ചൊല്ലികുർബാനയാദ്യമായി.
ധ്യാനമുപദേശമാദിയായിട്ടുള്ള
ജ്ഞാനതൊഴിലുകളുംതുടങ്ങി
ആളുകളുംബഹുമോടൊത്തിഹ
ചീളെന്നുവന്നുക്രുടിയുമുടങ്ങി.
ശ്രേഷ്ഠമാംകാപ്പിലച്ചന്നുടെവേലയാൽ
മട്ടൊക്കെമാറിപ്പോയ്കോട്ടയ്ക്കലേ.

ഉള്ളിനാട്ടത്തായുള്ളതെളിവൊന്ന
ഭള്ളോഴിഞ്ഞെങ്ങുമേപ്രത്യക്ഷമായ്.
പിന്നീടവന്നകളത്തിലച്ചൻതാനു-
മൊന്നാമതായ്കൊടുവന്തക്രമം
പൂണ്ടുമയിട്ടുനടപ്പിലാക്കീമഹാ
പുണ്യസംവൽസ്സരത്തിരുത്തവിധം.
പാറപ്പുറംവക്കിയച്ചൻപൊയതുന്ത
ക്രൊത്തനല്ലഭരണകാലം
പടനായർകോവിലിന്നടിവാരത്തിൽതന്നെ
ഭടനായനായുള്ളകുത്താവിന്റെ
ബ്രഹ്മാണ്ഡപള്ളിസ്സുമസ്ഥിവാരമിട്ടു
നിർമ്മലൻമർസ്സലീനോസുമെത്രാൻ
സജ്ജനംചെയ്തൊരുദ്യോഗങ്ങളാൽപണി
മൂഞ്ഞേലിലച്ചൻതുടങ്ങിയിട്ടു.
മാമ്പിള്ളിലച്ചൻതളിയത്തച്ചൻതാനും
പിന്നുചാണ്ടപ്പിള്ളയച്ചൻതാനും
റപ്പായേലച്ചനുമെന്നിങ്ങനെമഹാ
കൊല്ലുഴംശ്രേഷ്ഠന്മാർകീഴിലായി
ബസ്സ്റ്റർദീനോസെന്നകുരിശികലച്ചന്റെ
ഗണ്യമായുള്ളശ്രമത്തിനൊടെ
നിത്യസ്മരണസ്സുനിലയ്ക്കംവിലമായി
ചിത്രത്തിലീമഹാദേവാലയം
ഭക്തരാംനമ്മുടെകുടുംബരോടെപ്പോം
ശക്തിപോൽധർമ്മമിരന്നുവാങ്ങി.
തണ്ടുപതിനാറുകൊണ്ടുപണിയൊക്കെ
വേണ്ടവിധമിങ്ങുതീർത്തുകൊണ്ടു
റപ്പായേലച്ചൻപ്രിയോരായിവാഴവേ
ചൊല്പാങ്ങുമാലോലംപുരത്തോടെ

തൊണ്ണൂറിനാലുതുലാമിരുപത്തൊന്നിൽ
ബെണ്ണീർദീനോസച്ചൻപൂജചൊല്ലി.
അന്നുമുതൽക്കിതാകോട്ടയ്ക്കലെന്നുമേ
നിന്നുവിളങ്ങുന്നുപുണ്ണ്യചന്ദ്രൻ
വിശ്വാസികൾക്കൊരുകോട്ടപോലെയുള്ള
ആശ്വാസമേകുന്നപള്ളിസദാ.
പിള്ളാട്ടശ്രേഷ്ഠരായപ്പഴപ്പോൾവന്ന
ചൊല്ലൊങ്ങിട്ടംമഹാതാപസന്മാർ
പുത്തനായിട്ടമലങ്കാരമോരോന്നു
ചേർത്തുകൊണ്ടൊരിങ്ങുനാൾക്കുന്നാളും
ക്ലേനമ്മാവിൻറെവിനാശകാലേയിതു
സാനന്ദംനാവിസ്ഥാത്താകവേ
ചാണ്ടപ്പിള്ളച്ചൻറെകാലംമുതലീകീഹ
ഉണ്ടായിതേമഹാപുണ്യശോഭ.
ആറാണ്ടുചിന്നെറപ്പായേലച്ചൻതൻറെ
പേരാണ്ടനല്ലഭരണത്തിനാൽ
പള്ളിവകയായവസ്തുക്കളൊക്കെയും
നല്ലൊരുപുണ്ണ്യസ്ഥിതിയിലായി.
പള്ളിയ്ക്കുരുജയസ്തംഭമായിമണി
മാളികവാറുണ്ടിയച്ചനേകി.
കുണ്ടിതമേശാതെയുക്കിപീയൂസച്ചൻ
കണ്ടാഭരണമാകുമെന്നികൽ.
കാല്വാദപീഠമായ്നൽകിമിഖേലച്ചൻ
കല്പദവിഖഹശോഭയായി.
ക്രൂരാണ്ടൊന്നറിയേലച്ചൻറെചൊല്പ്പഴും
ആറാണ്ടുനീണ്ടഭരണത്തിനാൽ
പണ്ടത്തേക്കോട്ടസ്സൽപള്ളിയല്പവന്നു
കണ്ടുകൊണ്ടാലിന്നുമാലോകരേ!

പുത്തൻമുറികളുംപുത്തൻപുരോഭയും
ചിത്രമായിങ്ങുവിളങ്ങിടുന്നു.
ഓടിട്ടതല്ലാതെയോടിട്ടകെട്ടിടം
തേടിട്ടുകാണ്മാൻപ്രയാസമാണു.
അസ്ത്രതിയുംനല്ലപോലീസുസ്റ്റേഷനും
ഈപ്രദേശത്തിനുസിദ്ധമായി.
ഇങ്ങിനെകോട്ടയ്ക്കൽദിക്കുതെളിഞ്ഞങ്ങു
പൊങ്ങിവരുന്നേരംരണ്ടാമതും
ശിഷ്ടനായുള്ളമിക്കായേലച്ചൻതന്നെ
ശ്രേഷ്ഠനായ്സിദ്ധിച്ചകാലമിഹ.
കൊണ്ടോട്ടിമാരാധനാമഹോത്സകമ്മവും
ആണ്ടുതോറുംനടപ്പാക്കിയിതു.
പിന്നീടുവന്നോരെലിസേവച്ചനല്ലോ
ഉന്നതമേരുപോരിന്നിടയ്ക്കു
ഉണ്ണിക്കുപ്പേളനേത്രാനന്ദമായിട്ടും
വണ്ണമലങ്കാരമാക്കിച്ചതു.
നിതാന്തവന്ദ്യദിവ്യശ്രീമാർയോഹന്നാൻ
ചിതാവിൻലാളനാഭാഗ്യത്തിലും
വൈദികർലൌകികരെപ്പേടുടേയുംനൽ
സുഭരസ്നേഹസംതൃപ്തിയിലും
മേന്മേൽവളർന്നൊരുകോട്ടക്കലാശ്രമം
സമ്മോദമോടിതാഇന്നേദിനം
മൂന്നാമതായുള്ളമിക്കായേലച്ചന്റെ
ധന്യമാംശാന്തഭരണകാലേ
സുവർണ്ണജൂബിലിയാഘോഷിച്ചുവാഴുന്ന
ദൈവാനുകൂലപ്രഭാവത്തിനാൽ.
വാക്കിലീയൻപതുവത്സരങ്ങൾക്കിടെ
വർണ്ണനകായ്വുമിതല്ലുന്നില്ല.

മിത്രങ്ങളായുള്ളശത്രുക്കളുംചിലർ
മുഞ്ഞിച്ചിടാതില്ലാപള്ളിയ്ക്കിഹ
കോർട്ടുകയറാവുംവിസ്താരവുമൊക്കെ
ഒട്ടേറെനാളേയ്ക്കുവേണ്ടിവന്നു_
റപ്പായേലച്ചനുംപീയൂസച്ചൻതാനും
കെല്പാൻഗൌരിയേലച്ചൻതാനും
ധീരപുരുഷനെലിസേവച്ചനിവർ
ഘോരാടനിന്നിതേയപ്പഴപ്പോൾ
ശത്രുക്കളാകയാലിച്ചിച്ചപോലുള്ള
സൂത്രങ്ങളൊന്നുംനടന്നതില്ല
ഒക്കവേകണ്ടുമന്ത്രസ്ഥിതംപുണ്ടിതാ
നില്ക്കുന്നുകോട്ടയ്ക്കുലമ്മതാനും
ഉന്നതസ്ഥാനത്തുകൈകളിൽതൂവലും
മിന്നുന്നപുസ്തകവുംപിടിച്ചു.
മല്ലാട്ടിതൻകിരീടംശിരസ്സതിൽ
അല്പതരാഭയാശോഭിക്കുന്നു.
ഭാനങ്ങളീയമ്മനൽകിയവസ്ത്രായി
മാനിച്ചുനന്ദിപറഞ്ഞീടുവിൻ.
വന്നുപോയിട്ടുള്ളനന്ദികേടിന്നൊക്കെ
ചെന്നുപൊറുതിയിരന്നിടുവിൻ.
ഉള്ളേകടന്നിപ്പോൾപള്ളിനമുക്കെല്ലാം
ഉള്ളപോലൊന്നുകണ്ടീടാമിനി.
ശ്രദ്ധിപ്പാനെന്തോചെവിയിൽപ്രതിയുന്നൊ-
രിദ്ധ്വനിയെന്തെന്നുസൂക്ഷിക്കുവിൻ!
"ഇഷ്ടമേറുന്നജനങ്ങളേ!ലോകത്തിൽ
തട്ടിപ്പിൽവീഴാതെസൂക്ഷിക്കണേ,
മായംമഹാമായംസർവ്വത്രുംമായമാ-
ണീയുഗിയിൽനിങ്ങൾകാണുന്നതും.

ദൈവപ്രമാണങ്ങൾതെറ്റാതെപാലിച്ചു
ജീവിപ്പതാണുപ്രധാനകാര്യം.
അക്കാര്യംവിട്ടുള്ളകാര്യങ്ങളൊക്കവേ
വായ്ക്കുന്നദോഷത്തമാണെന്നതു
ഇപ്പോൾകുഴിമാടംതന്നിൽകിടക്കയിൽ
തപ്പാതെഞങ്ങൾകണ്ടീടുന്നിഹ.
ജീവിച്ചിരിക്കുന്നനിങ്ങളിതിന്നൊത്തു
നിർവ്യാജമായിട്ടവർത്തിക്കുവിൻ
അമ്മതൻസ്വായെപ്പോൽപാടുപെട്ടന്നതി_
ന്നിമ്മഹിയിൽനിങ്ങൾശീലിക്കുവിൻ.
ദുഃഖഭരിതങ്ങൾസ്നേഹിച്ചുകൊള്ളുവിൻ.
ഭാഗ്യംവരുമെന്നാൽനീക്കംവിനാ"
ഉടിക്കുവേണ്ടിത്രമാലോകരെശവ
ക്കൂടത്തിൽനിന്നുള്ളശബ്ദമാണെ.
പള്ളിയിൽഭാഗ്യമായ്ദീർഘനിദ്രചെയ്യും
കൊള്ളുന്നരന്ത്രയോസച്ചന്റെയും
മുഞ്ഞേലിൽതോമ്മച്ചൻകവലക്കാട്ടിലെയോൻ
ഇങ്ങിനെയുള്ളഗുരുക്കടേയും
വല്ല്യാറയുക്കൊ,അരിമ്പൂരുപംക്രാസി
കല്ല്യാണാലോചനക്രൂടപ്പുറം
നോവിസ്യാത്തുകാലത്തുമരിച്ചതാ_
മീവന്ദ്യശമ്മാശ്ശന്മാരുടേയും,
ചെരുഡായിഅന്ത്രയോസ്,ചിറമേൽസ്ലറിയായും
പേരെഴുമീചേട്ടന്മാരുടേയും,
ദാനക്കാരിട്ടുപ്പു,പത്നി,സഹോദരൻ
മാനമേറീടുമിവരുടേയും,
അസ്ഥികൾനിങ്ങളോടായിട്ടുചൊല്ലുന്ന
വാസുവവാക്കുകളാണിതുകൾ

വിശ്വാസത്തിൽചെവിയുള്ളവർകേൾക്കുമീ
യാശ്വാസത്തിന്നടെവാക്കുകളേ.
ആയവർക്കലട്ടിച്ചീട്ടുകയുംചെയ്യും
മായമറുതുള്ളാരുനിത്യഭാഗ്യം.
നോക്കുവിൻവന്നിനീശോഭയമാനമാം
ചൊൽക്കൊള്ളുമുണ്ണിതൻകപ്പേളയേ.
വേദംപാടിക്കുവാനജ്ഞാനജാതിയേ
നാദത്തൊടൊത്തുവിളിച്ചുകൊണ്ടും
ക്രീസുവരേയതിനൊത്താശചെയ്യുവാൻ
പ്രത്യേകമായിക്ഷണിച്ചുകൊണ്ടും,
ധാരാളംജ്ഞാനസ്നാനങ്ങളുണ്ടാകുവേ
നേരായതുപൂകിക്കാണിച്ചുകൊണ്ടും,
നിൽക്കുന്നിതാമഹാചേതാഹരനായി
ചിൽക്കാതലാകുന്നപ്രേഹണ്ണിതാൻ.
ഇത്യേവമുള്ളപ്രത്യേകനാഥായികൽ
നിത്യവുള്ളുകാരണത്താൽ
കോട്ടയ്ക്കുള്ളജനങ്ങളെല്ലാംസദാ
പുഷ്പമാദത്തൊടുവാണിടുന്നു.
അമ്മേ!ശരണമേ!ഉണ്ണീതുണ!യെന്നു
ഉന്മേഷമോടെന്നുംപാടിടുന്നു
ദൈവതിരുനാമമീവണ്ണമീസ്ഥലേ
സുപ്രസിദ്ധിക്കപ്പെട്ടുന്നു.
മോക്ഷത്തിൽഅങ്ങളുംചേരുംവരെസദാ
അക്ഷയമിപ്രകാരംപാടുന്നുതി.
മോക്ഷത്തിലീശോമറിയത്തോടുംകൂടെ
അക്ഷയംഞങ്ങൾപാടിടുന്നുതി.
നിത്യപിതൃവിനുംസുതകുമാരനാ
ശുദ്ധരൂഹായിക്കുംനിത്യസ്തുതി.

വി. അമ്മത്രേസ്യായുടെ സ്തുതിപ്പു.

(കുരിശിന്റെ സ്നേഹിതനാം)

എന്ന ചട്ടം.

പല്ലവി.

സ്നേഹത്തിൻ്റെ കുന്തത്തിനാൽ
കുത്തപ്പെട്ടോരമ്മത്രേസ്യാകന്യകേ!
പാലിക്കേണേ എന്നുമെങ്ങളെ.

ചരണങ്ങൾ.

൧. ആറുവയസ്സായിരിക്കെ
രക്തസാക്ഷിമുടിനേടാനതിയായ്
ആശതോന്നാൻ എന്തുകാരണം? സ്നേഹ.

൨. ലോകമൊക്കെകൈവെടിഞ്ഞു
കന്യകാശ്രമത്തിൽനിന്നൊഴുന്നൊരീ
ബന്ധിച്ചാനും എന്തുകാരണം? സ്നേഹ.

൩. സൃഷ്ടിനാഥനുള്ളതെല്ലാം
നൽകിടാനായ് സൃഷ്ടികളെ അഖിലം
ദൂരവേനീ തള്ളിനീക്കിയോ? സ്നേഹ.

൪. പാട്ടപെട്ടോരീശാതൻ്റാ
യോഗ്യമണവാട്ടിയായിതീരുവാൻ
മോഹത്തോടെകുരിശെടുത്തോ? സ്നേഹ.

൫. കർമ്മലീത്താസഭതന്നെ
പൂർവ്വികശോഭയോടൊത്തുകാണുവാൻ
എത്രമാത്രം പാടുപെട്ടു? സ്നേഹ.

സ. ദൈവസ്നേഹഭക്ഷണത്താൽ
ജീവിച്ചുപോലവേനീഅന്ത്യത്തിൽ
സ്നേഹത്താലേജീവൻകൈവിട്ടോ? സ്നേഹ.

ഭ. മോക്ഷത്തിൽനീസ്വാപ്നേമാർക്കു
തുല്യമായസ്ഥാനത്തിങ്കൽപൂണ്ടുമായ്
ചെന്നുചേരുന്നൊധീരകന്യകേ! സ്നേഹ.

വ. സ്നേഹാഗ്നിയാൽജ്വലിപ്പതാം
നിൻനിർമ്മാംസഹൃദയമതിന്നുമേ.
അത്ഭുതമായ്ജീവിച്ചീടുന്നു. സ്നേഹ.

ൻ. അഭിഷിക്തനാംസുതൻതൃഹാ
എന്നമഹാത്രീത്വത്തിന്നുനീയുഴി
ഞ്ഞന്നേക്കുംസ്തുതിഭവിക്കട്ടേ. സ്നേഹ.